VOL NO: 07 I ISSUE 42
www.nerpatham.com
mail@nerpatham.com
2023 OCTOBER 21 I ₹10

# നേർപഥം

വാരിക



# യഹൂദർ ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും

ചരിത്ര പുസ്തകത്തിന്റെ ഏടുകളിൽ ചോര കൊണ്ട് കോറിയിട്ടതാണ് യഹൂദരുടെ ചരിത്രം. ഒറ്റുകാരെന്ന് ലോകം വിളിച്ച് ഒറ്റപ്പെടുത്തിയ ഒരു ജനവിഭാഗത്തിന് ആതിഥേയത്വത്തിലൂടെ അസ്തിത്വം നൽകിയവരാണ് ഫലസ്തീനികൾ. മുൻഗാമികളുടെ നിഗമനങ്ങൾ അസ്ഥാനത്തല്ല എന്ന് വർത്തമാന വൃത്താന്തങ്ങളിലൂടെ തെളിയിച്ചുകൊണ്ടിരിക്കുന്നു, അവർ.

## ഫലസ്തീൻ: പശ്ചിമേഷ്യയുടെ കണ്ണീർ കണം

|| ഗസ്സ: ഒരു കനൽ വര

|| സ്വവർഗ വിവാഹത്തിന് സുപ്രീം കോടതി കടിഞ്ഞാണിടുമ്പോൾ

|| ആൺകുട്ടികളുടെ വിവാഹവും രക്ഷിതാക്കളുടെ അവഗണനയും

## ഹുസൈൻ സലഫിയുടെ **പ്രകാശം പരത്തിയ പ്രവാചകന്മാർ** എന്ന പുസ്തക പരമ്പരയിലെ **830 രൂപ** വില വരുന്ന 5 പുസ്തകങ്ങൾ ഇപ്പോൾ വെറും **622 രൂപക്ക്**




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: + 91 73567 66478
Whatsapp: 73567 66478

WISDOM BOOKS

**PUBLISHING | DISTRIBUTION**
WISDOM BOOKS, E.K.P. Building, Calicut
www.wisdomislam.org publication@wisdomislam.org
0495 4019437 73567 66478



yono SBI | SBI Payments
MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI
**SCAN & PAY**
BHIM SBI Pay
BHIM UPI

### പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 01. | ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. | വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. | പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. | സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. | മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. | വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. | ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. | പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

# 0352
# നേർപഥം
വാരിക

2023 ഒക്ടോബർ 21
1445 റ.ആഖിർ 06
പുസ്തകം 07 / ലക്കം 42






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി
10
**യഹൂദർ ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും**
ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ

മുഖമൊഴി
05
ഫലസ്തീൻ;
പശ്ചിമേഷ്യയുടെ കണ്ണീർ കണം

ലേഖനം
06
'പ്രവാചകനെ'പ്പറ്റി ശിഷ്യന്റെ പ്രവചനം!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
26
ഇസ്‌ലാം വിരുദ്ധ പ്രചാരകൻ ഇസ്‌ലാമിലേക്ക്
മുബാറക് തിരൂർക്കാട്

കുടുംബ പഥം
17
ആൺകുട്ടികളുടെ വിവാഹവും രക്ഷിതാക്കളുടെ അവഗണനയും
നൂറുദ്ദീൻ സ്വലാഹി, വെട്ടത്തൂർ

ക്വുർആൻ ദർശനം
30
സൂറഃ അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
18
തെളിവുകളിൽനിന്നും ബോധ്യത്തിലേക്ക്
ഷാഹുൽ പാലക്കാട്

നമുക്കുചുറ്റും
33
സ്വവർഗ വിവാഹത്തിന് സുപ്രീം കോടതി കടിഞ്ഞാണിടുമ്പോൾ
ടി.കെ അശ്റഫ്

ലേഖനം
24
ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ-04
സുഫ്‌യാൻ അബ്ദുസ്സലാം

കവിത
34
ഗസ്സ:
ഒരു കനൽവര
നജീബ് കെ.സി



# വിസ്ഡം ദ്വിദിന ലീഡേഴ്സ് ക്യാമ്പ് സമാപിച്ചു

തിരൂർ: സാമൂഹിക നവോത്ഥാനവും വിശ്വാസ വിമലീകരണവും ലക്ഷ്യമാക്കി വിവിധ കർമപദ്ധതികളൊരുക്കി വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ സംസ്ഥാന ദ്വിദിന ലീഡേഴ്സ് ക്യാമ്പ് (വിഷൻ 24) സമാപിച്ചു. മുസ്‌ലിം സമുദായത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ അജണ്ടകൾ ഹൈജാക്ക് ചെയ്യപ്പെടുകയും അനാവശ്യ വിവാദങ്ങളിൽ തളച്ചിടുകയും ചെയ്യുന്നതിനെതിരെ സാമുദായിക നേതൃത്വം കടുത്ത ജാഗ്രത പാലിക്കണമെന്നും ആശയപരമായ ഭിന്നിപ്പുകൾ പ്രകടിപ്പിക്കുമ്പോഴും പൊതുവിഷയങ്ങളിൽ മുസ്‌ലിം സംഘടനകൾക്കിടയിൽ രൂപപ്പെട്ട ഐക്യം തകർക്കാനുള്ള തൽപരകക്ഷികളുടെ ശ്രമങ്ങളെ ചെറുത്ത് തോൽപിക്കണമെന്നും ക്യാമ്പ് ആവശ്യപ്പെട്ടു. ഫലസ്തീനിൽ ഇസ്രായേൽ നടത്തുന്ന അതിക്രമം അവസാനിപ്പിക്കാൻ അന്താരാഷ്ട്ര സമൂഹം ഇടപെടണം. പീഡിതർക്ക് വേണ്ടിയും നീതിയുടെ സംസ്ഥാപനവും മാത്രം ലക്ഷ്യമാക്കി ഇന്ത്യ സ്വീകരിച്ചുവന്നിരുന്ന ഫലസ്തീൻ നയം മാറ്റാനുണ്ടായ സാഹചര്യം രാഷ്ട്രപതി രാജ്യത്തോട് വിശദീകരിക്കണമെന്നും ക്യാമ്പ് ആവശ്യപ്പെട്ടു.

ഫാമിലി കോൺഫറൻസ്, ടീൻസ്പെയ്സ്, പ്രൊഫൈസ്, ഫാമിലി മീറ്റ്, കേരള യൂത്ത് കോൺഫറൻസ്, ആദർശ സമ്മേളനം, നേർപഥം കൺവെൻഷൻ, മദ്റസ മാനേജ്മെന്റ് കോൺഫറൻസ്, സംസ്ഥാന ജനറൽ കൗൺസിൽ, അറബിക് വിദ്യാർഥി സമ്മേളനം, സർഗവസന്തം എന്നീ പരിപാടികൾക്ക് രൂപം നൽകി.

രണ്ട് ദിവസങ്ങളിലായി നടന്ന 'വിഷൻ 24'ന്റെ സമാപനം കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ് അധ്യക്ഷത വഹിച്ചു. അബൂബക്കർ സലഫി, ശമീർ മദീനി, പ്രഫ. ഹാരിസ്ബ്നു സലീം, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി നിഷാദ് സലഫി, വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി മുഹമ്മദ് ശമീൽ മഞ്ചേരി, ഫൈസൽ മൗലവി പുതുപ്പറമ്പ്, നാസിർ ബാലുശ്ശേരി, അബ്ദുൽ മാലിക് സലഫി, കെ. സജ്ജാദ്, അബ്ദുല്ല ഫാസിൽ, അബ്ദുറഹ്മാൻ മദനി, പി.യു. സുഹൈൽ, അഷ്റഫ് കല്ലായി, ജമാൽ പെരിന്തൽമണ്ണ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

# ടേബിൾ ടോക്ക് സംഘടിപ്പിച്ചു

മിനി ഊട്ടി: ഇന്ത്യയിലെ സൗദി എംബസിയുമായി സഹകരിച്ച് ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യയും വിസ്ഡം യൂത്ത് സംസ്ഥാന സമിതിയും സംയുക്തമായി സംഘടിപ്പിച്ച 'അൽമഹാറ' രണ്ടാമത് വൈജ്ഞാനിക മത്സരത്തിന്റെ ഭാഗമായി ടേബിൾ ടോക്ക് സംഘടിപ്പിച്ചു. ഐക്യരാഷ്ട്രസഭയുടെ 'സുസ്ഥിര വികസന ലക്ഷ്യം4' (ഗുണമേന്മയുള്ള വിദ്യാഭ്യാസം) മുൻനിർത്തി 'ബഹുഭാഷാവാദം: ഗവേഷണം, വിദ്യാഭ്യാസം, തൊഴിലവസരം എന്നിവയിലെ സ്വാധീനം' എന്ന വിഷയത്തിലാണ് ടേബിൾ ടോക്ക് സംഘടിപ്പിച്ചത്.

ജാമിഅ അൽഹിന്ദിൽ സംഘടിപ്പിച്ച പരിപാടി സൗദി അറ്റാഷെ ശെയ്ഖ് ബാധിർ ബിൻ നാസർ ഗാനിം അൽഅനസി ഉദ്ഘാടനം ചെയ്തു. അറബി ഭാഷയോട് മലയാളി സമൂഹം കാണിക്കുന്ന ആദരവ് ഏറെ പ്രശംസനീയമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ (റെക്ടർ, ജാമിഅ) അധ്യക്ഷത വഹിച്ചു. പി. എൻ. അബ്ദുല്ലത്വീഫ് മദനി (പ്രസിഡന്റ്, വിസ്ഡം ഇസ്‌ലാമിക് ഓർഗൈസേഷൻ), അഡ്വ.നസീർ ചാലിയം (മുൻ ചെയർ പേഴ്സൺ, സംസ്ഥാന ബാലവകാശ കമ്മീഷൻ), പ്രൊഫ, ഇ.പി ഇമ്പിച്ചിക്കോയ (പ്രിൻസിപ്പാൾ, സാഫി ഇൻസ്റ്റിറ്റ്യൂട്ട്), അബ്ദുൽ അലി (മാനേജർ, യൂണിറ്റി വിമൻസ് കോളേജ്), ഡോ.പി. റഷീദ് അഹമ്മദ് (സെനറ്റ് മെമ്പർ, കാലിക്കറ്റ് യൂനിവേഴ്സിറ്റി), ഡോ. മുഹമ്മദ് ബദീഉസ്സമാൻ (സിഇഒ, ഐഇസിഐ), നൗഷാദ് അലി (കെപിസിസി ജനറൽ സെക്രട്ടറി), ഫൈസൽ മൗലവി പുതുപ്പറമ്പ് (ഡയറക്ടർ, ജാമിഅ), ഡോ. മുഹമ്മദ് ഷാഫി (എൻഐറ്റി കാലിക്കറ്റ്), ഡോ.ഒ. പി. സ്വലാഹുദ്ദീൻ (എംഇഎസ് മമ്പാട് കോളേജ്), ഡോ.ടി.കെ. ഫവാസ് (കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല), സി.മുഹമ്മദ് അജ്മൽ (എക്സിക്യൂട്ടീവ് മെമ്പർ, വിസ്ഡം യൂത്ത്) എന്നിവർ പാനൽ ഡിസ്കഷനിൽ പങ്കെടുത്തു. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. നിഷാദ് സലഫി ചർച്ച ക്രോഡീകരിച്ചു. വിസ്ഡം സ്റ്റുഡൻറ്സ് എക്സിക്യൂട്ടീവ് മെമ്പർ എൻ. അലീം യൂസുഫ് മമ്പാട് മോഡറേറ്ററായി. വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.പി.പി. നസീഫ് സ്വാഗതവും ജാമിഅ അൽഹിന്ദ് സ്റ്റുഡൻറ്സ് യൂണിയൻ സെക്രട്ടറി അബ്ഹജ് സുറൂർ നന്ദിയും പറഞ്ഞു.

# ഫലസ്തീൻ: പശ്ചിമേഷ്യയുടെ കണ്ണീർ കണം

മുക്കാൽ നൂറ്റാണ്ടു കാലമായി പശ്ചിമേഷ്യയുടെ കണ്ണീർ കണമായി നിലകൊള്ളുന്ന ഒരു കൊച്ചു രാജ്യമാണ് ഫലസ്തീൻ. പലരും ധരിച്ചുവച്ചിരിക്കുന്നത് ഫലസ്തീനിലുള്ളത് മുസ്‌ലിംകൾ മാത്രമാണ് എന്നാണ്. ന്യൂനപക്ഷമാണെങ്കിലും അവിടെ ക്രിസ്ത്യാനികളുമുണ്ടെന്നും ഇസ്റാഈൽ എന്ന സിയോണിസ്റ്റ് അധിനിവേശ ശക്തിയുടെ കിരാതനടപടികൾക്ക് അവരും ഇരകളാകുന്നുണ്ടെന്നും അവരറിയുന്നില്ല.

10 ലക്ഷം വരുന്ന ഫലസ്തീനികളെ ജന്മനാട്ടിൽ നിന്ന് ആട്ടിപ്പായിച്ചുകൊണ്ടായിരുന്നു ഇസ്രായേൽ രാഷ്ട്രം രൂപം കൊണ്ടത്. ഇന്നും ലക്ഷക്കണക്കിന് ഫലസ്തീനികളാണ് സിറിയ, ജോർദാൻ, ലബനാൻ, ഈജിപ്ത് തുടങ്ങിയ രാഷ്ട്രങ്ങളിൽ അഭയാർഥികളായി കഴിയുന്നത്. സ്വാതന്ത്ര്യത്തിനുമേലുള്ള അവകാശ ലംഘനമായ ഇസ്രയേൽ രാഷ്ട്ര പ്രഖ്യാപനത്തെ അംഗീകരിക്കാൻ ഫലസ്തീനികളും അറബ് നാടുകളും തയ്യാറായില്ല. ഈജിപ്ത്, സിറിയ, ജോർദാൻ, ലബനാൻ, ഇറാഖ് തുടങ്ങിയ രാജ്യങ്ങൾ ഒരു വശത്തും ഇസ്രായേലും തമ്മിൽ യുദ്ധം നടന്നു. ഒരു വർഷം നീണ്ടുനിന്ന യുദ്ധത്തിൽ അറബികൾ പരാജയപ്പെട്ടു. വെസ്റ്റ്ബാങ്കും ഗസ്സയുമുൾപ്പെടെയുള്ള പ്രദേശങ്ങൾ ഇസ്രായേലിന്റെ കീഴിലായി.

1967ൽ ഈജിപ്ത്, ലബനാൻ, സിറിയ, ജോർദാൻ തുടങ്ങിയ രാഷ്ട്രങ്ങൾ ചേർന്ന് ഇസ്രായേലിനോട് യുദ്ധം ചെയ്തു. 6 ദിസവം നീണ്ട യുദ്ധത്തിൽ സീനാ, ഗസ്സ, വെസ്റ്റ്ബാങ്ക്, ജറൂസലേം എന്നിവിടങ്ങളിൽ ഇസ്രായേൽ ആധിപത്യമുറപ്പിച്ചു. ഇസ്രായേൽ പിടിച്ചടക്കിയ സീനാ പ്രദേശം തിരിച്ചുപിടിക്കാനുള്ള ഈജിപ്തിന്റെ ശ്രമങ്ങൾ 1973ലെ യുദ്ധത്തിൽ കാലാശിച്ചു. എന്നാൽ ഈജ്പിതിന്റെ പരാജയമായിരുന്നു ഫലം. ഇതോടെ മേഖലയിലെ സൈനിക ശക്തിയായി ഇസ്രായേൽ മാറി. 1978ൽ ഈജിപ്ത് ഇസ്രായേലുമായി സമാധാന കരാറിലെത്തി. കാമ്പ്ഡേവിഡ് കരാർ എന്ന് അറിയപ്പെടുന്ന ഈ കരാറിന്റെ ഭാഗമായി ഇസ്രായേലിനെ അംഗീകരിക്കേണ്ടിവന്നു. സീനാപ്രദേശം കരാറിന്റെ ഭാഗമായി ഇസ്രായേൽ വിട്ടുനൽകി.

വെസ്റ്റ്ബാങ്കിലുൾപ്പെടെ ഇസ്രായേൽ കുടിയേറ്റം തുടർന്നുകൊണ്ടിരിന്നു. സ്വതന്ത്ര ഫലസ്തീൻ എന്ന ലക്ഷ്യത്തോടെ 1964ൽ രൂപീകൃതമായ, യാസർ അറഫാത്തിന്റെ നേതൃത്വത്തിലുള്ള പിഎൽഒയിലും മറ്റു അറബ് രാജ്യങ്ങളിലും പ്രതീക്ഷ നഷ്ടപ്പെട്ടപ്പോൾ ഫലസ്തീൻ വിമോചനത്തിനായി 1987ൽ ഹമാസ് രൂപീകരിക്കപ്പെട്ടു. ഈജിപ്തിലെ മുസ്‌ലിം ബ്രദർഹുഡിന്റെ ആശയാടിത്തറയിൽനിന്നാണ് ഹമാസ് പിറക്കുന്നത്. നേരത്തെ ഗസ്സ കേന്ദ്രീകരിച്ച് സാമൂഹ്യ സേവന മേഖലകളിൽ സജീവ സാന്നിധ്യമായിരുന്ന ശൈഖ് അഹ്മദ് യാസീനാണ് ഹമാസിന്റെ സ്ഥാപക നേതാവ്.

1993ൽ പി.എൽ.ഒ പതുക്കെ നിലപാട് മയപ്പെടുത്താൻ തുടങ്ങി. ഇസ്രായേലുമായി കരാറിലേർപ്പെടാൻ അവർ തീരുമാനിച്ചു. അമേരിക്കയുടെ മധ്യസ്ഥതയിൽ ഇസ്രയേൽ പ്രധാനമന്ത്രി റാബിനും ഫലസ്തീൻ പി.എൽ.ഒ നേതാവ് യാസർ അറഫാത്തും തമ്മിൽ 1993ൽ സമാധാന കരാറിൽ ഒപ്പുവച്ചു. ഇതാണ് ഓസ്‌ലോ കരാർ. 1967ലെ യുദ്ധത്തിൽ ഇസ്രായേൽ കയ്യേറിയ സ്ഥലങ്ങളിൽനിന്ന് പിന്മാറി ഗസ്സയും വെസ്റ്റ് ബാങ്കും ചേർത്ത് ഫലസ്തീൻ രാഷ്ട്രം രൂപീകരിക്കും, ഇസ്രായേലിനെ അംഗീകരിക്കും തുടങ്ങി സുപ്രധാന വ്യവസ്ഥകളോടെയായിരുന്നു കരാർ ഉണ്ടാക്കിയത്. ചതിയൻമാരായ സിയോണിസ്റ്റുകളുണ്ടോ കരാർ പാലിക്കുന്നു!

2008 ഡിസംബറിൽ ഗസ്സയുടെ മേൽ ഇസ്രായേൽ ആക്രമണം തുടങ്ങി. 100 കണക്കിന് ആളുകൾ മരണപ്പെട്ട ആക്രമണം 2009 ജനുവരിയോടെയാണ് അവസാനിച്ചത്. 2012ൽ എല്ലാ ഉപരോധങ്ങൾക്കുമിടയിൽ ഇസ്രായേൽ ഗസ്സക്കുമേൽ കടന്നാക്രമണം ആവർത്തിച്ചു. സ്ത്രീകളും കുട്ടികളുമടക്കം നിരവധി സിവിലിയൻമാർക്ക് അതിൽ ജീവൻ നഷ്ടപ്പെട്ടു. കഴിഞ്ഞ 5 വർഷത്തിനിടയിൽ 6000ൽ പരം ഫലസ്തീനികളെയാണ് ഇസ്രായേൽ സേന കൊന്നുതള്ളിയിട്ടുള്ളത്. എന്നിട്ടും ഫലസ്തീനികൾ ഭീകരവാദികളും ഇസ്റായേല്യർ സമാധാനത്തിന്റെ വെള്ളരി പ്രാവുകളുമാണ് ലോകത്തിനു മുന്നിൽ എന്നത് സമാധാനകാംക്ഷികളുടെ ഉറക്കം കെടുത്തുന്നതാണ്. ■



ലേഖനം

ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 38

# 'പ്രവാചകനെ' പ്പറ്റി ശിഷ്യന്റെ പ്രവചനം!

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

തദ്കിറയിലെ പ്രവചനങ്ങളിൽ ശ്രദ്ധേയമായ ഒന്ന്, മിർസയെ സംബന്ധിച്ച് അദ്ദേഹത്തിന്റെ 'മുർതദ്ദായ' അനുയായി ഡോക്ടർ അബ്ദുൽ ഹകീം ഖാൻ നടത്തിയ മരണപ്രവചനമാണ്. 1907 നവംബറിന്റെ തുടക്കത്തിൽ 11 സൂക്തങ്ങളുള്ള ഒരു 'അറബി വഹ്‌യി'ന് ശേഷം 12ാമതായി 'അല്ലാഹു' ഉർദുവിൽ പറഞ്ഞതായി എഴുതുന്നു: "ഞാൻ നിന്റെ ആയുസ്സ് വർധിപ്പിക്കും. അതായത് 1907 ജൂലൈ മുതൽ 14 മാസങ്ങളാണ് നിന്റെ ആയുസ്സിൽ ബാക്കിയുള്ളത് എന്നാണ് ശത്രുവിന്റെ പ്രവചനം. ഇതേപോലുള്ള മറ്റു ശത്രുക്കളുടെയും പ്രവചനങ്ങൾ കളവാണെന്ന് ഞാൻ തെളിയിക്കും. ഞാൻ അല്ലാഹുവാണ്. എല്ലാ കാര്യങ്ങളും എന്റെ അധികാരത്തിലാണുള്ളത്" (പേജ് 624-625).

'ഖുദാ സച്ചേ കാ ഹാമീ ഹോ' (അല്ലാഹു സത്യവാന്റെ സംരക്ഷകനാവട്ടെ) എന്ന ശീർഷകത്തിൽ 1906 ആഗസ്റ്റ് 16ന് പ്രസിദ്ധീകരിച്ച ഒരു പരസ്യം 'ഹഖീഖതുൽ വഹ്‌യി'ൽ എടുത്തുചേർത്തിട്ടുണ്ട്:

"ഇരുപത് വർഷത്തോളമായി ഡോ. അബ്ദുൽ ഹകീം ഖാൻ എന്റെ ശിഷ്യന്മാരിൽ പെട്ടവനായിരുന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ ഈയിടെയായി അയാൾ എന്റെ കഠിനശത്രുവായി മാറിയിരിക്കുന്നു. കള്ളവാദി, കലാപകാരി, ഹറാംതീനി, ദുഷ്ടൻ, ദജ്ജാൽ, പിശാച്, തോന്ന്യാസി എന്നൊക്കെയാണ് മസീഹുദ്ദജ്ജാൽ എന്ന കൃതിയിൽ അവൻ എന്നെ വിശേഷിപ്പിച്ചത്. ഞാൻ ഉദരപൂരണത്തിനായി അല്ലാഹുവിൻെറ പേരിൽ കളവു പറയുകയാണത്രെ. ലോകാരംഭം മുതൽക്കുണ്ടായ എല്ലാ നാശത്തിനും കാരണക്കാരൻ ഞാനാണെന്നും എന്റെ നിലനിൽപ് ആപത്കരവും പൈശാചികവുമാണെന്നും അയാൾ പഞ്ചാബിലാകെ പ്രചരിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു..."

"മിർസ കള്ളവാദിയും അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടിപ്പറയുന്നവനുമായതുകൊണ്ട് 'മൂന്നു വർഷങ്ങൾക്കകം നാശമടയും' എന്ന്

ആയിരങ്ങളുടെ മുമ്പിൽ വെച്ച് പ്രവചനം നടത്തിയതായും അറിയാൻ കഴിഞ്ഞു" (പേജ് 393).

തദ്കിറയിലെ അടിക്കുറിപ്പ് ആ കാര്യം വിശദീകരിക്കുന്നു: "ആദ്യം, 1906 ജൂലൈ 12ന് അയാൾ ഒരു പ്രവചനം പ്രസിദ്ധീകരിച്ചു: 'മിർസ കറ്റുകെട്ടുന്നവനും നാണം കെട്ടവനും കള്ളവാദിയുമാണ്. സത്യവാന്റെ മുമ്പിൽ ദുഷ്ടൻ നശിക്കും, അവന്റെ കാലാവധി മൂന്ന് വർഷം മാത്രമാകുന്നു" (കാനാ ദജ്ജാൽ, പേജ് 50).

"ഇതിന് മറുപടിയായി ഈ പ്രാർഥന ഹസ്രത്ത് സാഹിബിന് ഇൽഹാമായി വെളിപ്പെട്ടു: 'നാഥാ, സത്യവാനും കള്ളവാദിയും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുത്തേണമേ" (പേജ് 624).

കള്ളവാദി സത്യവാദിക്കു മുമ്പ് മരിക്കുമെന്നാണ് കൃത്യമായ കാലാവധി നിശ്ചയിച്ചുകൊണ്ട് അബ്ദുൽ ഹകീം ഖാൻ പറഞ്ഞത്. കള്ളവാദിയും സത്യവാദിയും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുത്തണമെന്നാണ് മിർസക്ക് 'ഇൽഹാമായി' വെളിപ്പെട്ടതും.

**കാലാവധി ചുരുക്കുന്നു**

തുടർന്ന് 1907 ജൂലൈ 1ന് ഹകീം ഖാൻ എഴുതി: "മിർസയുടെ പരിഹാസത്തിനും അനുസരണക്കേടിനുമുള്ള ശിക്ഷയായി 1909 ജൂലായ് 11ന് പൂർത്തിയാക്കാനിരുന്ന മൂന്ന് വർഷത്തെ കാലാവധിയിൽനിന്ന് പത്ത് മാസവും പതിനൊന്ന് ദിവസവും അല്ലാഹു കുറച്ചിരിക്കുന്നു. ഇന്ന്, 1907 ജൂലൈ 1 മുതൽ പതിനാല് മാസത്തിനകം മിർസ മരിച്ച് ഹാവിയയിലേക്ക് വലിച്ചെറിയപ്പെടും."

1907 നവംബർ 5ന് 'ഞാൻ നിന്റെ ആയുസ്സ് വർധിപ്പിക്കും' എന്ന വെളിപാടുണ്ടായതായി മിർസ പ്രസിദ്ധീകരിച്ചു,

"തുടർന്ന് ഫെബ്രുവരി 16 ന് വിശ്വാസത്യാഗി പ്രഖ്യാപിച്ചു: 'മിർസ 1965 ശ്രാവണ മാസം 21ന് (1907 ആഗസ്റ്റ് 4ന്) മുമ്പ് മിർസ മരിക്കും.' അപ്പോൾ വാഗ്ദത്ത മസീഹ് പറഞ്ഞു: 'അവൻ സ്വയം ആപത്തിൽ അകപ്പെടും, അല്ലാഹു അവനെ നശിപ്പിക്കും. അവന്റെ തിന്മയിൽനിന്ന് ഞാൻ സുരക്ഷിതനായിരിക്കും എന്ന് അവന്റെ പ്രവചനത്തെക്കുറിച്ച് അല്ലാഹു എന്നെ അറിയിച്ചു"(പേജ് 624-625).

**പ്രവചനങ്ങൾ ഏറ്റുമുട്ടുന്നു!**

ഖാദിയാനി പ്രവാചകന്റെയും മുർതദ്ദായ അനുയായിയുടെയും പ്രവചനങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്നു. 'അല്ലാഹു' തന്റെ ആയുസ്സ് വർധിപ്പിക്കുമെന്ന് പറഞ്ഞതായി അറിയാവുന്ന ഭാഷയിലൊക്കെ മിർസ പറഞ്ഞുകഴിഞ്ഞു. പതിനാല് മാസങ്ങൾക്കകം മിർസ മരിച്ച് നരകത്തിൽ പതിക്കുമെന്ന് അനുയായിക്കും വെളിപാട് ഉണ്ടായത്രെ!

'ചശ്മയെ മഅ്രിഫത്തി'ൽ മിർസാഗുലാം വിവരിക്കുന്നു: "അബ്ദുൽ ഹകീം ഖാനെന്നു പേരുള്ള പട്യാല നിവാസിയായ ഒരു ഡോക്ടർ എന്റെ 'ഒടുക്കത്തെ ശത്രുവായി' രംഗത്ത് വന്നിരിക്കുന്നു."

"ഇരുപത് വർഷത്തോളം അവനെന്റെ ശിഷ്യനായിരുന്നു. എന്റെ ഒരു ഉപദേശം ധിക്കരിച്ചു മുർതദ്ദാവുകയായിരുന്നു അവൻ. മുഹമ്മദ്(സ്വ)യെ വിശ്വസിക്കാതെയും മുസ്‌ലിമാവാതെയും മോക്ഷം നേടാമെന്ന് വാദിച്ചതിനാൽ ഞാനവനെ ജമാഅത്തിൽനിന്ന് പുറത്താക്കി."

"ഇപ്പോൾ 1908 ആഗസ്റ്റ് 4ന് മുമ്പായി, അവൻ ജീവിച്ചിരിക്കെ ഞാൻ മരിക്കുമെന്ന് പ്രവചിച്ചിരിക്കയാണവൻ. എന്നാൽ അവൻ സ്വയം ശിക്ഷാർഹനാകും. അവനെ നശിപ്പിച്ചുകൊണ്ട് അല്ലാഹു എന്നെ രക്ഷിക്കും. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ആരാണോ സത്യവാൻ, അവനെ അല്ലാഹു സഹായിക്കും. അല്ലാഹു ഇക്കാര്യം എന്നെ അറിയിച്ചിരിക്കുന്നു" (പേജ് 321, 322).

അദ്ദേഹം പരസ്യപ്പെടുത്തി: "എനിക്ക് വിജയവും മാന്യതയും വളർച്ചയും നൽകുന്നതും ശത്രുവിന് നിന്ദ്യതയും ദൈവകോപവും പരാജയവും ലഭിക്കുന്നതുമായ മഹത്തായ പ്രവചനമാണിത്. എന്റെ പേര് ലോകത്തിന്റെ മുക്കിലും മൂലയിലുമെത്തും. എന്റെ മരണം കാംക്ഷിക്കുന്ന ശത്രുവാകട്ടെ എന്റെ കൺമുമ്പിൽ വെച്ചുതന്നെ അസ്ഹാബുൽ ഫീൽ പോലെ നശിപ്പിക്കപ്പെടും'' (മജ്മൂഅ ഇശ്തിഹാറാത്, വാല്യം 3, പേജ് 59).

കഅ്ബ പൊളിക്കാൻ ആനപ്പടയുമായി വന്ന അബ്റഹത്തിനെ നശിപ്പിച്ചപോലെ അദൃശ്യകരങ്ങൾ തന്റെ ശത്രുക്കളെ നിഗ്രഹിക്കുമെന്ന് കരുതിയിരുന്ന മിർസാ ഖാദിയാനി, ഡോ. അബ്ദുൽ ഹകീം ഖാൻ പ്രവചിച്ച പോലെ 14 മാസത്തെ കാലാവധിക്ക് മൂന്ന് മാസം ബാക്കിനിൽക്കെ 1908 മെയ് 26ന് മരിച്ചു. അബ്ദുൽ ഹകീം ഖാൻ അവകാശപ്പെട്ടപോലെ ഇൽഹാമുകൾ അവതരിച്ചുവെന്നത്

**കഅ്ബ പൊളിക്കാൻ ആനപ്പടയുമായി വന്ന അബ്റഹത്തിനെ നശിപ്പിച്ചപോലെ അദൃശ്യകരങ്ങൾ തന്റെ ശത്രുക്കളെ നിഗ്രഹിക്കുമെന്ന് കരുതിയിരുന്ന മിർസാ ഖാദിയാനി, ഡോ. അബ്ദുൽ ഹകീം ഖാൻ പ്രവചിച്ച പോലെ 14 മാസത്തെ കാലാവധിക്ക് മൂന്ന് മാസം ബാക്കിനിൽക്കെ 1908 മെയ് 26ന് മരിച്ചു. അബ്ദുൽ ഹകീം ഖാൻ അവകാശപ്പെട്ടപോലെ ഇൽഹാമുകൾ അവതരിച്ചുവെന്നത് വിശ്വസിക്കാൻ പറ്റില്ലെങ്കിലും, മിർസാക്കെതിരെ പറഞ്ഞത് സംഭവിച്ചിരിക്കുന്നു. സത്യവിശ്വാസികളെ വഴികേടിൽനിന്ന് സംരക്ഷിക്കാൻ അല്ലാഹു സ്വീകരിച്ച മാർഗമായിരിക്കാം ഇതും.**

‘നിന്റെ നാമം പൂർത്തിയാകും, എന്നാൽ എന്റെ നാമം പൂർണമാകില്ല’ എന്ന് അല്ലാഹു മിർസയെ വിളിച്ചു പറഞ്ഞത്രെ! അതേ പോലെ, ഇയാൾക്ക് വേണ്ടിയാണത്രെ രാപകലുകൾ സൃഷ്ടിച്ചിട്ടുള്ളത്! ഖാദിയാനികളുടെ പ്രവാചകന് വഹ്‌യ് നൽകുന്നത് അല്ലാഹു അല്ലെന്നതിന് ഇതിനപ്പുറം എന്ത് തെളിവാണ് വേണ്ടത്? സത്തയിലും സ്വിഫാത്തിലും സമ്പൂർണമായ വിശിഷ്ടനാമങ്ങളുടെ ഉടമയാണ് ഇസ്‌ലാം പരിചയപ്പെടുത്തുന്ന അല്ലാഹു. ജീവിച്ചിരുന്നപ്പോഴും ശേഷവും തന്റെ അനുയായി വൃന്ദത്തിലേക്ക് വളരെ കുറഞ്ഞ ആളുകളെയാണ് അദ്ദേഹത്തിന് ആകർഷിക്കാനായത്.

വിശ്വസിക്കാൻ പറ്റില്ലെങ്കിലും, മിർസാക്കെതിരെ പറഞ്ഞത് സംഭവിച്ചിരിക്കുന്നു. സത്യവിശ്വാസികളെ വഴികേടിൽനിന്ന് സംരക്ഷിക്കാൻ അല്ലാഹു സ്വീകരിച്ച മാർഗമായിരിക്കാം ഇതും.

**വിജയം വിളിപ്പാടകലെ**

1900ൽ അവതരിച്ച 161ഉം 208ഉം സൂക്തങ്ങളുള്ള രണ്ട് ‘വഹ്‌യു’കളിൽ മിർസായോട് തന്റെ ദൗത്യം എത്രയും വേഗം പൂർണ വിജയത്തിൽ എത്തുമെന്ന് അറിയിച്ചിരുന്നുവത്രെ. ചില സൂക്തങ്ങൾ കാണുക:

“അല്ലയോ അഹ്‌മദ്, അല്ലാഹു നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. അവൻ അർശിൽനിന്ന് നിന്നെ സ്തുതിക്കുന്നു, നിനക്ക് സ്വലാത്ത് ചൊല്ലുന്നു. ദൈവത്തിന്റെ പ്രകാശത്തെ വായകൊണ്ട് ഊതിക്കെടുത്താൻ അവർ ആഗ്രഹിക്കുന്നു. നിഷേധികൾ എത്ര വെറുത്താലും ശരി അല്ലാഹുവിന്റെ പ്രകാശം പൂർത്തിയാക്കുകതന്നെ ചെയ്യും. സഹായവും വിജയവും വരുമ്പോൾ കാലം നമ്മിലേക്ക് തിരിയും...”

‘അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശനാകാതെ! നിശ്ചയം, അത് നിന്നോട് അടുത്താണുള്ളത്. അവന്റെ സഹായം എല്ലാ വഴിയിലൂടെയും നിന്റെ അടുത്ത് വരും.വിദൂരസ്ഥലങ്ങളിൽനിന്നും നിനക്ക് സഹായികളെത്തും.”

“നാം നിന്നെ കടാക്ഷിച്ചു. അല്ലയോ അഗ്നീ, നീ ഇബ്‌റാഹീമിന് തണുപ്പും രക്ഷയും ആവുക. അല്ലയോ അഹ്‌മദ്, നിന്റെ നാമം പൂർണമാവും. എന്നാൽ എന്റെ നാമം പൂർണമാവില്ല. നീ ആരെ വിചാരിച്ചാലും നിന്നിലേക്ക് വലിച്ചടുപ്പിക്കും, നിന്റെ അടിയാറുകളിൽ ചേർക്കും.”


“അല്ലാഹുവാണ് ഏറ്റവും വലിയ രക്ഷകനും കരുണാവാരിധിയും. കുഫ്‌റിന്റെ നേതാക്കൾ നിന്നെ പേടിപ്പിക്കും. ഭയപ്പെടേണ്ട, നീയാണ് വിജയിക്കുക. നീ എന്നോടൊപ്പമാണ്; ഞാൻ നിന്നോടൊപ്പവും. നിനക്കുവേണ്ടിയാണ് ഞാൻ രാപ്പകലുകൾ സൃഷ്ടിച്ചിട്ടുള്ളത്. അല്ലാഹു ഏതു രംഗത്തും നിന്നെ സഹായിക്കും. ഞാനും എന്റെ ദൂതനും വിജയിക്കും. എന്റെ വചനങ്ങൾ ആർക്കും മാറ്റാനാവില്ല. നിനക്കു ഞാൻഎല്ലാം പൊറുത്തുതന്നിരിക്കുന്നു. ഇഷ്ടമുള്ളത് ചെയ്തുകൊള്ളുക” (പേജ് 294-297). ആവർത്തിച്ച വാക്കുകൾ ഒഴിവാക്കിയാണ് ഇവിടെ ഉദ്ധരിച്ചത്.

‘നിന്റെ നാമം പൂർത്തിയാകും, എന്നാൽ എന്റെ നാമം പൂർണമാകില്ല’ എന്ന് അല്ലാഹു മിർസയെ വിളിച്ചു പറഞ്ഞത്രെ! അതേ പോലെ, ഇയാൾക്ക് വേണ്ടിയാണത്രെ രാപകലുകൾ സൃഷ്ടിച്ചിട്ടുള്ളത്! ഖാദിയാനികളുടെ പ്രവാചകന് വഹ്‌യ് നൽകുന്നത് അല്ലാഹു അല്ലെന്നതിന് ഇതിനപ്പുറം എന്ത് തെളിവാണ് വേണ്ടത്? സത്തയിലും സ്വിഫാത്തിലും സമ്പൂർണമായ വിശിഷ്ട നാമങ്ങളുടെ ഉടമയാണ് ഇസ്‌ലാം പരിചയപ്പെടുത്തുന്ന അല്ലാഹു. ജീവിച്ചിരുന്നപ്പോഴും ശേഷവും തന്റെ അനുയായി വൃന്ദത്തിലേക്ക് വളരെ കുറഞ്ഞ ആളുകളെയാണ് അദ്ദേഹത്തിന് ആകർഷിക്കാനായത്.

**ഗുലാം അഹ്‌മദ് കീ...!**

“ഒരു ജാഗ്രദ് ദർശനത്തിൽ എന്നോട് മത്സരിച്ചുകൊണ്ട് ഒരാളോ ചില ആളുകളോ പട്ടം പറത്തുന്നത് ഞാൻ കണ്ടു. അവരുടെ പട്ടം പൊട്ടി താഴെ വീണു. ആരോ വിളിച്ചു പറഞ്ഞു: ‘ഗുലാം അഹ്‌മദ് കീ ജയ്’ (പേജ് 613).

ഇത്രമാത്രമെ മിർസാ ഗുലാം പറഞ്ഞിട്ടുള്ളൂ. എന്നാൽ മിർസയുടെ മകനും അവരുടെ രണ്ടാം ഖലീഫയുമായ മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് 14.6.1935 ന് ഒരു ഖുതുബയിൽ ഈ ‘ഇൽഹാം’



വിശദീകരിക്കുന്നത് കാണുക:

"ഈ ഇൽഹാമിന് ശേഷം ഹുസൂറിന്റെ ജീവിതത്തിൽ പ്രത്യേക വിഷമതകൾ ഒന്നും ഉണ്ടായിട്ടില്ല. അതിനാൽതന്നെ അദ്ദേഹത്തിന്റെ അനുയായികൾ അനുഭവിക്കേണ്ടി വരുന്ന നരകം പിൽക്കാലത്താണ് ഉണ്ടാവുക എന്ന് വിശ്വസിക്കേണ്ടി വരും. എന്നാൽ അല്ലാഹു അവരെ രക്ഷിക്കും. മസീഹിനെ ചീത്ത പറയുന്നവർക്ക് അല്ലാഹു മറുപടി കൊടുക്കും. അഹ്മദിയ്യത്ത് ജയിക്കുംവരെ ഈ സഹായം തുടരും. 'ജയ്' എന്നത് ശത്രുക്കളിൽ മുസ്‌ലിംകൾ മാത്രമല്ല ഹിന്ദുക്കളും ഉണ്ടാകുമെന്നതിന്റെ സൂചനയാണ്. എന്നാൽ എല്ലാവരും ജയ് വിളിക്കാൻ നിർബന്ധിതരാകും എന്നാണ് അല്ലാഹുവിന്റെ വചനത്തിലെ മുന്നറിയിപ്പ്. മസീഹിന്റെ മരണശേഷം ആപത്തുകൾ വരും" (അടിക്കുറിപ്പ്).

മുസ്‌ലിംകളും ഹിന്ദുക്കളും മിർസാ ഖാദിയാനിക്ക് ജയ് വിളിക്കുമെന്ന, ഒരിക്കലും പുലരാത്ത സ്വപ്നമാണ് 'ഖലീഫ'യുടെത്. മിർസായുടെ കാലത്തും ശേഷവും ഇപ്പോഴും കോടിക്കണക്കായ ഹിന്ദുക്കളിൽ വിരലിലെണ്ണാവുന്നത്ര പോലും ഖാദിയാനി മതം സ്വീകരിച്ചതായി കാണാനാവില്ല.

**മൂന്നു നൂറ്റാണ്ട് കാത്തിരിക്കുക**

ആഗോള വിജയത്തിന് ഇനിയും മൂന്നു നൂറ്റാണ്ടുകൾ കഴിയണമത്രെ!

"ജനങ്ങളേ, എല്ലാവരും കേൾക്കുവിൻ. ഇത് ആകാശവും ഭൂമിയും സൃഷ്ടിച്ചവന്റെ പ്രവചനമാണ്. അവൻ തന്റെ ജമാഅത്തിനെ എല്ലാ രാജ്യങ്ങളിലും വ്യാപിപ്പിക്കുകയും അടയാളങ്ങളും തെളിവുകളുമായി എല്ലാവരിലും ആധിപത്യം സ്ഥാപിക്കുകയും ചെയ്യും. ആ ദിവസങ്ങൾ വരുന്നു, അല്ല വളരെ അടുത്തെത്തിയിരിക്കുന്നു. എല്ലാവരും ബഹുമാനത്തോടെ സ്മരിക്കുന്ന, ലോകത്തിലെ ഒരേയൊരു മതം ഇതായിരിക്കും എന്ന് ഉറപ്പാണ്. അല്ലാഹു ഈ മതത്തെയും ഈ ജമാഅത്തിനെയും വളരെ ഉന്നതവും അസാധാരണവുമായ രീതിയിൽ അനുഗ്രഹിക്കും. അതിന്റെ നാശം ആഗ്രഹിക്കുന്നവർ ഒരിക്കലും ഫലം കാണില്ല."

"ഇത് ന്യായവിധിനാൾവരെ എന്നെന്നും നിലനിൽക്കും.... ആരും ആകാശത്തുനിന്ന് ഇറങ്ങുകയില്ലെന്ന് ഓർക്കുക. ഇപ്പോൾ ജീവിച്ചിരിക്കുന്ന എല്ലാ എതിരാളികളും മരിക്കും. തുടർന്ന് അവരുടെ മക്കളും മക്കളുടെ മക്കളും മരിക്കും. മറിയമിന്റെ പുത്രൻ ആകാശത്തുനിന്ന് ഇറങ്ങുന്നത് അവർ കാണുകയില്ല. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ പരിഭ്രാന്തി നിറക്കും. 'കുരിശാധിപത്യത്തിന്റെ കാലം കടന്നുപോയി, ലോകം മറ്റൊരു വർണം സ്വീകരിച്ചു. പക്ഷേ, മറിയമിന്റെ പുത്രൻ യേശു ആകാശത്തുനിന്ന് ഇറങ്ങിവന്നില്ല.' അതോടെ ജ്ഞാനികൾക്ക് ഈ വിശ്വാസം മടുത്തു. മുസ്‌ലിംകളും ക്രിസ്ത്യാനികളും നിരാശയും തെറ്റിദ്ധാരണയും മൂലം ഈ വിശ്വാസം ഉപേക്ഷിക്കും. ഇന്ന് മുതൽ മൂന്ന് നൂറ്റാണ്ട് തികയുകയില്ല, ഈസയെ കാത്തിരിക്കുന്ന ലോകത്ത് ഒരു മതമേ ഉണ്ടാകൂ; ഒരു നേതാവും."

"ഞാൻ ഒരു വിത്ത് നടാൻ വന്നതാണ്, അങ്ങനെ ആ വിത്ത് എന്റെ കൈകൊണ്ട് വിതച്ചു. അത് വളരുകയും പൂക്കുകയും ചെയ്യും. ആർക്കും അത് തടയാൻ സാധ്യമല്ല" (പേജ് 410-411).

ഈസാ നബി(അ)യുടെ പുനരാഗമനത്തെക്കുറിച്ചു പറഞ്ഞുതന്നത് മുഹമ്മദ് നബി(സ്വ)യാണ്. അതിനെയാണ് മിർസ നിഷേധിക്കുന്നത്. കോടിക്കണക്കായ ഹിന്ദുക്കൾ ജീവിച്ചിരിക്കെത്തന്നെ അവരുടെ മതം നാമാവശേഷമാകുന്നത് അവർക്ക് കാണാൻ പറ്റുമെന്നും പ്രവചിക്കുന്നു ഖാദിയാനി പ്രവാചകൻ! ഖാദിയാനി മതവും ഒരേയൊരു നേതാവും മാത്രമുള്ള നല്ലകാലത്തെ കുറിച്ചുള്ള സുന്ദരമായ ദിവാസ്വപ്നമാണ് പ്രവചനമായി അവതരിപ്പിച്ചിട്ടുള്ളത്. പക്ഷേ, അതിന് മൂന്നു നൂറ്റാണ്ടുകൾ അഥവാ അഞ്ചാറു തലമുറകൾ കഴിയണമെന്നാണത്രെ മിർസക്ക് കിട്ടിയ വഹ്‌യ്! അന്ന് ലോകം മുഴുവൻ 'ഗുലാം അഹ്മദ് കീ ജയ്' വിളിക്കുമത്രെ! തൽക്കാലം ചോദ്യങ്ങളിൽനിന്ന് രക്ഷപ്പെടാം, ബുദ്ധി പണയംവെച്ച അനുയായികൾ വിശ്വസിക്കുകയും ചെയ്യും. മുന്നൂറ് കൊല്ലം കഴിഞ്ഞാൽ ഇന്നതൊക്കെ സംഭവിക്കും എന്ന് ധൈര്യത്തോടെ വിളിച്ചു പറയാൻ ഏത് മിർസക്കും കഴിയുമല്ലോ.

**കോടിക്കണക്കായ ഹിന്ദുക്കൾ ജീവിച്ചിരിക്കെത്തന്നെ അവരുടെ മതം നാമാവശേഷമാകുന്നത് അവർക്ക് കാണാൻ പറ്റുമെന്നും പ്രവചിക്കുന്നു ഖാദിയാനി പ്രവാചകൻ! ഖാദിയാനി മതവും ഒരേയൊരു നേതാവും മാത്രമുള്ള നല്ലകാലത്തെ കുറിച്ചുള്ള സുന്ദരമായ ദിവാസ്വപ്നമാണ് പ്രവചനമായി അവതരിപ്പിച്ചിട്ടുള്ളത്. പക്ഷേ, അതിന് മൂന്നു നൂറ്റാണ്ടുകൾ അഥവാ അഞ്ചാറു തലമുറകൾ കഴിയണമെന്നാണത്രെ മിർസക്ക് കിട്ടിയ വഹ്‌യ്! അന്ന് ലോകം മുഴുവൻ 'ഗുലാം അഹ്മദ് കീ ജയ്' വിളിക്കുമത്രെ! തൽക്കാലം ചോദ്യങ്ങളിൽനിന്ന് രക്ഷപ്പെടാം, ബുദ്ധി പണയംവെച്ച അനുയായികൾ വിശ്വസിക്കുകയും ചെയ്യും. മുന്നൂറ് കൊല്ലം കഴിഞ്ഞാൽ ഇന്നതൊക്കെ സംഭവിക്കും എന്ന് ധൈര്യത്തോടെ വിളിച്ചു പറയാൻ ഏത് മിർസക്കും കഴിയുമല്ലോ.**



കവർ സ്റ്റോറി

ഭാഗം 1


# യഹൂദർ ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും

ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ
: 9497385707

**ചരിത്ര പുസ്തകത്തിന്റെ ഏടുകളിൽ ചോര കൊണ്ട് കോറിയിട്ടതാണ് യഹൂദരുടെ ചരിത്രം. ഒറ്റുകാരെന്ന് ലോകം വിളിച്ച് ഒറ്റപ്പെടുത്തിയ ഒരു ജനവിഭാഗത്തിന് ആതിഥേയത്വത്തിലൂടെ അസ്തിത്വം നൽകിയവരാണ് ഫലസ്തീനികൾ. മുൻഗാമികളുടെ നിഗമനങ്ങൾ അസ്ഥാനത്തല്ല എന്ന് വർത്തമാന വൃത്താന്തങ്ങളിലൂടെ തെളിയിച്ചുകൊണ്ടിരിക്കുന്നു, അവർ.**

### ഇസ്രാഈലും യഹൂദയും

യഹൂദരുടെ മനഃശാസ്ത്രം ഏറെ വ്യക്തമായും വിശാലമായും ആധികാരികമായും വ്യക്തമാക്കുന്ന വേദഗ്രന്ഥമാണ് ക്വുർആൻ. എബ്രായർ, ഇസ്രയേല്യർ, യഹൂദർ, സിയോണിസ്റ്റുകൾ തുടങ്ങിയ വിവിധനാമങ്ങളിൽ ചരിത്രത്തിൽ യഹൂദരെ പരിചയപ്പെടുത്തപ്പെടുന്നു. തൗറാത്തിന്റെ ഭാഷയായ ഇബ്റാനിയിൽ ആദ്യത്തെ എബ്രായനായി പരിചയപ്പെടുത്തിയത് ഖലീലുല്ലാഹി ഇബ്റാഹീം നബി(അ)യെ ആയിരുന്നു. യൂഫ്രട്ടീസ് നദി (യൂഫ്രറ്റെസ്) കടന്നവൻ എന്ന അർഥത്തിലാണ് അദ്ദേഹത്തിന് 'അബ്വ്റ' എന്ന അറബിപദത്തിൽനിന്നും എബ്രായൻ എന്ന വിളി പ്രയോഗം രൂപപ്പെട്ടതെന്നും അഭിപ്രായമുണ്ട്. ഈ വിഷയത്തിൽ നിരവധി അഭിപ്രായങ്ങളുണ്ടെങ്കിലും ഇതിനാണ് കൂടുതൽ സ്വീകാര്യത ലഭിച്ചിട്ടുള്ളത്.




'ഇസ്റാഈൽ' എന്ന പദം എബ്രായ ഭാഷയിലെ 'ഇസ്റ'യും 'ഈലും' കൂടിച്ചേർന്നതാണ്. പ്രവാചകനായ യഅ്ക്വൂബ്(അ) ആണ് ഈ നാമത്തിൽ അറിയപ്പെടുന്നത്. 'ഇസ്റ'ക്ക് ദാസൻ, അടിമ, ഉത്തമൻ എന്നൊക്കെയാണ് അർഥം. 'ഈൽ' എന്നതുകൊണ്ട് ഇലാഹ്, റബ്ബ് എന്നിങ്ങനെയും ഉദ്ദേശിക്കപ്പെടുന്നു. 'അല്ലാഹുവിന്റെ ദാസൻ' (അബ്ദുല്ലാഹി) 'അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി' തുടങ്ങിയ അർഥങ്ങൾ ഇവിടെ ലഭ്യമാകുന്നുണ്ട്.

പശ്ചാത്തപിച്ച് മടങ്ങിയവൻ (ആഇദ്-താഇബ്) എന്ന അർഥത്തിലുള്ള 'ഹൂദ്' എന്ന പദത്തിൽനിന്നാണ് 'യഹൂദി' എന്ന പ്രയോഗം രൂപപ്പെട്ടിട്ടുള്ളത്. ഒരു പ്രത്യേക സാഹചര്യത്തിൽ 'ഗോ പൂജകരായി' മാറിയ ബനൂഇസ്റാഈൽ സമൂഹം പിന്നീട് അതിൽനിന്നും പശ്ചാത്തപിച്ച് യഥാർഥ അവസ്ഥയിലേക്ക് മടങ്ങിയിരുന്നു. ഈ സാഹചര്യത്തിലാണ് പശ്ചാത്തപിച്ച് മടങ്ങിയവൻ എന്ന ഉദ്ദേശത്തിൽ 'യഹൂദി' എന്ന വിളിപ്പേര് ലഭിച്ചതെന്നും ചില ക്വുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

പ്രവാചകനായ നൂഹി(അ)ന്റെ നാലാമത്തെ പുത്രൻ 'യഹൂദ'യുമായുള്ള ബന്ധത്തിലൂടെ ഇവർക്ക് 'യഹൂദ്'എന്ന നാമം ലഭിച്ചുവെന്നും അഭിപ്രായമുണ്ട്. അറബി ഭാഷാ നിയമമനുസരിച്ച് പശ്ചാത്തപിച്ച് മടങ്ങിയവൻ എന്ന അർഥത്തിലുള്ള 'ഹൂദ്' എന്ന പദത്തിൽ നിന്നും 'യഹൂദി' എന്ന രൂപം പ്രത്യക്ഷപ്പെടുന്നുവെന്ന അഭിപ്രായത്തിന് പ്രസക്തിയില്ലെന്ന പ്രബലമായ അഭിപ്രായവുമുണ്ട്.

**യഹൂദർ തങ്ങളുടെ വാഗ്ദത്തഭൂമി(The Promised Land)യായി കരുതുന്ന ഫലസ്തീനിന്റെ മണ്ണിൽ ഒരു സ്വതന്ത്ര യഹൂദരാഷ്ട്രം സ്ഥാപിക്കുന്നതിനു വേണ്ടി പരിശ്രമിക്കുന്ന രാഷ്ട്രീയ മുന്നേറ്റമാണ് സയണിസം അല്ലെങ്കിൽ സിയോണിസം. അറബ് മുസ്‌ലിം ഭൂരിപക്ഷ മേഖലയായ ഫലസ്തീനിലേക്ക് വ്യാപകമായ നിലയിൽ യഹൂദർ കുടിയേറുന്നതിന് ഇവർ വെള്ളവും വളവും നൽകുന്നു. ആധുനിക ഇസ്രയേലിന്റെ പിറവിക്ക് പിന്നിലെ ബുദ്ധി അക്ഷരാർഥത്തിൽ സയണിസം തന്നെയായിരുന്നു.**

**അറബ് മുസ്‌ലിം സമൂഹത്തിന് ആധിപത്യവും ഭൂരിപക്ഷവുമുള്ള ഫലസ്തീനിന്റെ മണ്ണിൽ യഹൂദരാഷ്ട്രമായ ഇസ്രയേൽ സ്ഥാപിക്കണമെന്ന ആശയം സിയോണിസ്റ്റുകൾ യഹൂദരുടെ മനസ്സിൽ ഉയർത്തിവിട്ടു. ഇതിന് അനുസൃതമായ നിലയിൽ ബൈബിളിലെയും തൗറാത്തിലെയും വരികളെ ദുർവ്യാഖ്യാനിച്ച് ഒപ്പിക്കുകയും ചെയ്തതോടെ സയണിസ്റ്റ് മൂവ്‌മെന്റിന് യഹൂദർക്കിടയിൽ ഒരു ആത്മീയ പരിവേഷം നേടിയെടുക്കാനും സാധിച്ചു. ഹംഗേറിയൻ മാധ്യമപ്രവർത്തകനായിരുന്ന തിയഡോർ ഹെർസി ആയിരുന്നു സയണിസ്റ്റ് പ്രസ്ഥാനത്തിന് പിന്നിലെ സിരാകേന്ദ്രം.**

**യഹൂദും ബനീഇസ്‌റാഈലും**

വിശുദ്ധ ഖുർആനിൽ പല സന്ദർഭത്തിലും സാഹചര്യത്തിലുമായി 'യഹൂദ്' എന്നും 'ബനൂഇസ്‌റാഈൽ' എന്നും വ്യാപകമായി പ്രയോഗിച്ചിട്ടുണ്ട്. മുഹമ്മദ്(സ്വ) നുബുവ്വത്തും രിസാലത്തുമായി കടന്നുവരുന്നതിന് മുൻപുള്ള കാലത്തെ സംഭവവികാസങ്ങളെ പരാമർശിക്കുമ്പോൾ 'ബനൂഇസ്‌റാഈൽ' എന്നും നബുവ്വത്തും രിസാലത്തുമായി കടന്നുവന്നതിന് ശേഷമുള്ള മദീനാകാലഘട്ടത്തിൽ നബിയുമായി ഏറ്റുമുട്ടലിന്റെ സ്വഭാവത്തിൽ കഴിഞ്ഞുവന്നവരെ പരാമർശിക്കുമ്പോഴാണ് 'യഹൂദ്' എന്ന പദം കൂടുതലായി പ്രയോഗിച്ചുവരുന്നതെന്നും വ്യക്തമാകുന്നു.

യഹൂദ സമൂഹത്തിന്റെ മാനസിക ഘടന, അവരുടെ പ്രകടമായ സ്വഭാവം, കാപട്യം ഉള്ളിൽ മറച്ചുവെച്ചുകൊണ്ട് വിശ്വാസിസമൂഹത്തിൽ പ്രകടിപ്പിക്കുന്ന ദുസ്സ്വഭാവങ്ങൾ, വേദഗ്രന്ഥങ്ങൾ ദുർവ്യാഖ്യാനംചെയ്യൽ തുടങ്ങിയ കാര്യങ്ങൾ 'യഹൂദ്' എന്ന പ്രയോഗത്തിൽ വ്യക്തമാകുന്നുണ്ട്. വിഷയം എങ്ങനെയെല്ലാം വിശദീകരിക്കപ്പെട്ടാലും ശരി, ഏകദൈവാരാധനയുമായി ബന്ധപ്പെട്ട ഒരു സമൂഹത്തെയാണ് ചരിത്രത്തിലും പ്രമാണങ്ങളിലുമുടനീളം യഹൂദർ/ബനൂഇസ്‌റാഈൽ എന്നീ പദപ്രയോഗങ്ങൾകൊണ്ട് ഉദ്ദേശിക്കപ്പെടുന്നതെന്നതിൽ സംശയമില്ല.

**വാഗ്ദത്തഭൂമിയും സയണിസവും**

യഹൂദരെ സംബന്ധിച്ച് വ്യാപകമായി പ്രയോഗിച്ചുവരുന്ന സയണിസ്റ്റ് (Zionist) എന്ന സാങ്കേതിക ശബ്ദം ഇതിൽനിന്നെല്ലാം തികച്ചും വ്യത്യസ്തമായ ഒരു സന്ദേശമാണ് നൽകുന്നത്. യഹൂദർ തങ്ങളുടെ വാഗ്ദത്തഭൂമി(The Promised Land) യായി കരുതുന്ന ഫലസ്തീനിന്റെ മണ്ണിൽ ഒരു സ്വതന്ത്ര യഹൂദരാഷ്ട്രം സ്ഥാപിക്കുന്നതിനു വേണ്ടി പരിശ്രമിക്കുന്ന രാഷ്ട്രീയ മുന്നേറ്റമാണ് സയണിസം അല്ലെങ്കിൽ



സിയോണിസം. അറബ് മുസ്‌ലിം ഭൂരിപക്ഷ മേഖലയായ ഫലസ്തീനിലേക്ക് വ്യാപകമായ നിലയിൽ യഹൂദർ കുടിയേറുന്നതിന് ഇവർ വെള്ളവും വളവും നൽകുന്നു. ആധുനിക ഇസ്രയേലിന്റെ പിറവിക്ക് പിന്നിലെ ബുദ്ധി അക്ഷരാർഥത്തിൽ സയണിസം തന്നെയായിരുന്നു.

**തിയഡോർ ഹെർസി**

ജറുസലേം എന്ന് അർഥം വരുന്ന 'സിയോൺ' എന്ന ഹിബ്രു പദത്തിൽനിന്നാണ് സിയോണിസം എന്നപദം ഉത്ഭവിച്ചത്. അറബ് മുസ്‌ലിം സമൂഹത്തിന് ആധിപത്യവും ഭൂരിപക്ഷവുമുള്ള ഫലസ്തീനിന്റെ മണ്ണിൽ യഹൂദരാഷ്ട്രമായ ഇസ്രയേൽ സ്ഥാപിക്കണമെന്ന ആശയം സിയോണിസ്റ്റുകൾ യഹൂദരുടെ മനസ്സിൽ ഉയർത്തിവിട്ടു. ഇതിന് അനുസൃതമായ നിലയിൽ ബൈബിളിലെയും തൗറാത്തിലെയും വരികളെ ദുർവ്യാഖ്യാനിച്ച് ഒപ്പിക്കുകയും ചെയ്തതോടെ സയണിസ്റ്റ് മൂവ്‌മെന്റിന് യഹൂദർക്കിടയിൽ ഒരു ആത്മീയ പരിവേഷം നേടിയെടുക്കാനും സാധിച്ചു. ഹംഗേറിയൻ മാധ്യമപ്രവർത്തകനായിരുന്ന തിയഡോർ ഹെർസി ആയിരുന്നു സയണിസ്റ്റ് പ്രസ്ഥാനത്തിന് പിന്നിലെ സിരാകേന്ദ്രം. യഹൂദരിൽ സെമിറ്റിക് ഭാഷകളോട് വിദ്വേഷവും വൈരവും വളർത്തുന്നതിനും സയണിസം കാര്യമായി പ്രവർത്തിച്ചിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ; എബ്രായർ, ഇസ്രയേലികൾ, യഹൂദർ, സിയോണിസ്റ്റുകൾ തുടങ്ങിയ വ്യത്യസ്തമായ പ്രയോഗങ്ങളെല്ലാംതന്നെ ഭൂമുഖത്തെ ഒരെയൊരു സമൂഹത്തെ മാത്രമാണ് ലക്ഷ്യമാക്കുന്നതെന്നതിൽ ആർക്കും സംശയമുണ്ടാകില്ല.

**യഹൂദമനസ്സുകളിലെ വൈരുധ്യങ്ങൾ**

തികച്ചും രോഗാതുരമായ മന

സ്സാണ് യഹൂദരുടെത്; അതിലുപരിയായി സങ്കീർണവുമാണ്. പ്രശ്നകലുഷിതമായ അന്തരീക്ഷത്തിലെ നിരന്തരമായ ജീവിതസാഹചര്യങ്ങൾ തികച്ചും അസ്വസ്ഥമായ ഒരു മാനസികാവസ്ഥയിലേക്ക് ഇവരെ നയിച്ചിട്ടുമുണ്ട് എന്നും മനസ്സിലാക്കാം. ചിന്തയിലും വിശ്വാസ സംബന്ധിയായ സംവാദങ്ങളിലും ഇത് എപ്പോഴും തെളിഞ്ഞുകാണുന്നുണ്ട്. വാക്കുകളിലും പ്രവൃത്തിയിലുമുള്ള പരസ്പര വൈരുധ്യം ഇതിനെല്ലാം പുറമെയും. യഹൂദരുടെ ചരിത്രം ആരംഭിക്കുന്ന കാലം മുതൽതന്നെ അവരിലെ പ്രതിസന്ധിയും ആരംഭിക്കുന്നു എന്നതാണ് വാസ്തവം.

യഹൂദ സമൂഹത്തിന്റെ അപചയങ്ങളും ജീവിതധാരയിലെ വൈരുധ്യങ്ങളും രോഗാതുരമായ മനസ്സും വളരെ കൃത്യമായ നിലയിൽതന്നെ ക്വുർആൻ വിശദമാക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

“നിങ്ങളുടെ പക്കലുള്ള വേദഗ്രന്ഥങ്ങളെ ശരിവെച്ചുകൊണ്ട് ഞാനവതരിപ്പിച്ച സന്ദേശത്തിൽ (ക്വുർആനിൽ) നിങ്ങൾ വിശ്വസിക്കൂ. അതിനെ ആദ്യമായിത്തന്നെ നിഷേധിക്കുന്നവർ നിങ്ങളാകരുത്. തുച്ഛമായ വിലയ്ക്ക് (ഭൗതികനേട്ടത്തിനു) പകരം എന്റെ വചനങ്ങൾ നിങ്ങൾ വിറ്റുകളയുകയും ചെയ്യരുത്. എന്നോടുമാത്രം നിങ്ങൾ ഭയഭക്തി പുലർത്തുക. നിങ്ങൾ സത്യത്തെ അസത്യവുമായി കൂട്ടിക്കുഴക്കരുത്. അറിഞ്ഞുകൊണ്ട് സത്യം മറച്ചു വെക്കുകയും ചെയ്യരുത് “ (2:41-42).

“അവരുടെ കൈവശമുള്ള വേദത്തെ ശരിവെക്കുന്ന ഒരു ഗ്രന്ഥം (ക്വുർആൻ) അല്ലാഹുവിൽനിന്ന് അവർക്ക് വന്നുകിട്ടിയപ്പോൾ അവരത് തള്ളിക്കളയുകയാണ് ചെയ്തത്. അവരാകട്ടെ (അത്തരം ഒരു ഗ്രന്ഥവുമായി വരുന്ന പ്രവാചകൻ മുഖേന) അവിശ്വാസികൾക്കെതിരിൽ വിജയം നേടിക്കൊടുക്കുവാൻ വേണ്ടി മുമ്പ് (അല്ലാഹുവിനോട്) പ്രാർഥിക്കാറുണ്ടായിരുന്നു. അവർക്ക് സുപരിചിതമായ ആ സന്ദേശം വന്നെത്തിയപ്പോൾ അവരത് നിഷേധിക്കുകയാണ് ചെയ്തത്. അതിനാൽ ആ നിഷേധികൾക്കത്രെ അല്ലാഹുവിന്റെ ശാപം” (2:89).

**പക പുറത്തുവന്ന സാഹചര്യം**

അല്ലാഹുവിൽനിന്ന് അവതീർണമായ വേദഗ്രന്ഥമായ തൗറാത്തുമായി മൂസാ(അ) ബനൂഇസ്റാഈല്യരെ സമീപിച്ചു. നന്മയും സത്യത്തിലേക്കുള്ള വഴിയും ശരിയായ മാർഗനിർദേശങ്ങളുമായിരുന്നു തൗറാത്തിന്റെ ഘടന. പിന്നീട് വരുന്ന ജനസമൂഹത്തിലേക്ക് പ്രവാചകനായി നിയോഗിക്കപ്പെടുന്ന മുഹമ്മദി(സ്വ)നെക്കുറിച്ചുള്ള സുവിശേഷങ്ങളായിരുന്നു ഇതിലെ മുഖ്യപ്രതിപാദ്യം. പക്ഷേ, മുഹമ്മദ് നബി(സ്വ)യുടെ ആഗമനം മുതൽ യഹൂദരുടെ മനഃസ്ഥിതിയിലും കാര്യമായ മാറ്റങ്ങളുണ്ടായി. അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ അടയാളങ്ങളും വേദഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയങ്ങളും കൃത്യമായി ഗ്രാഹ്യമുണ്ടായിരുന്ന യഹൂദർ അദ്ദേഹത്തെ അപകടപ്പെടുത്താനുള്ള ശ്രമത്തിലായിരുന്നു. അദ്ദേഹം തനിക്ക് ദൈവികമായി ലഭിച്ച നുബുവ്വത്തിന്റെയും രിസാലത്തിന്റെയും പ്രചാരണത്തിന് തുടക്കമിട്ടതോടേ യഹൂദരുടെ രോഗാതുരമായ മനസ്സ് ശക്തമായി. അവരിലെ പകയും കോപവും അസൂയയും സംഘടിതരൂപത്തിൽ പുറത്തുവന്നു.

**മുസ്‌ലിം സമൂഹത്തിന്റെ നിലപാട്**

ആദം(അ) മുതൽ മുഹമ്മദ് (സ്വ)വരെയുള്ള പ്രവാചക പര

**നന്മയും സത്യത്തിലേക്കുള്ള വഴിയും ശരിയായ മാർഗനിർദേശങ്ങളുമായിരുന്നു തൗറാത്തിന്റെ ഘടന. പിന്നീട് വരുന്ന ജനസമൂഹത്തിലേക്ക് പ്രവാചകനായി നിയോഗിക്കപ്പെടുന്ന മുഹമ്മദി(സ്വ)നെക്കുറിച്ചുള്ള സുവിശേഷങ്ങളായിരുന്നു ഇതിലെ മുഖ്യപ്രതിപാദ്യം. പക്ഷേ, മുഹമ്മദ് നബി(സ്വ) യുടെ ആഗമനം മുതൽ യഹൂദരുടെ മനഃസ്ഥിതിയിലും കാര്യമായ മാറ്റങ്ങളുണ്ടായി. അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ അടയാളങ്ങളും വേദഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയങ്ങളും കൃത്യമായി ഗ്രാഹ്യമുണ്ടായിരുന്ന യഹൂദർ അദ്ദേഹത്തെ അപകടപ്പെടുത്താനുള്ള ശ്രമത്തിലായിരുന്നു. അദ്ദേഹം തനിക്ക് ദൈവികമായി ലഭിച്ച നുബുവ്വത്തിന്റെയും രിസാലത്തിന്റെയും പ്രചാരണത്തിന് തുടക്കമിട്ടതോടേ യഹൂദരുടെ രോഗാതുരമായ മനസ്സ് ശക്തമായി.**



മ്പരയെ മുഴുവൻ അംഗീകരിക്കുകയും സമ്മതിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പാരമ്പര്യമാണ് മുസ്‌ലിംകൾ തുടക്കംമുതൽ പുലർത്തിവരുന്നത്. മുസ്‌ലിമായിത്തീരാൻ ഈ നിലപാട് അനിവാര്യമാണുതാനും. പ്രവാചകന്മാർക്കും വേദഗ്രന്ഥങ്ങൾക്കുമിടയിൽ വിവേചനം കൽപിക്കാത്ത മുസ്‌ലിം സമൂഹത്തിന്റെ ഉൽകൃഷ്ട മാതൃകയിൽനിന്നും തികച്ചും വിരുദ്ധമാണ് യഹൂദസിദ്ധാന്തങ്ങൾ എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. പ്രമാണങ്ങളെ തലകീഴായി അട്ടിമറിച്ചു എന്ന് മാത്രമല്ല പ്രവാചകന്മാരെയും പുണ്യപുരുഷന്മാരെയും അവഹേളിക്കുന്ന തരത്തിൽ കല്ലുവെച്ചനുണകളും കള്ളക്കഥകളും അപരാധങ്ങളും അവരിലേക്ക് കൂട്ടിച്ചേർക്കാനുള്ള ധൈര്യവും യഹൂദർ പരസ്യമായി പ്രകടിപ്പിച്ചു.

**ദുരാഗ്രഹങ്ങളുടെ പരമ്പര**

സത്യസന്ധമായ മാനുഷിക പ്രകൃതത്തിന് വിരുദ്ധമായിരുന്നു യഹൂദരുടെ സ്വഭാവങ്ങൾ. ഫറോവയുടെ (ഫിർഔൻ) ക്രൂരമായ മർദനങ്ങൾക്കും പീഡനങ്ങൾക്കും ഇരയായി സ്വദേശം വിട്ട് പാലായനം ചെയ്യേണ്ടിവന്ന യഹൂദർ തങ്ങൾക്ക് ദൈവികമായി ലഭിച്ച ആശ്വാസവും അന്നവും ഉപജീവനവും എത്രവേഗത്തിലാണ് വിസ്മരിച്ചത്! അല്ലാഹുവിന്റെ ഔദാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിൽ അവർക്ക് ആകാശത്തുനിന്നും മന്നയും സൽവയും അവൻ ഇറക്കിക്കൊടുത്തു. എന്നാൽ രോഗാതുരമായ യഹൂദരുടെ മനസ്സ് ഇതുകൊണ്ടൊന്നും തൃപ്തിപ്പെടാനോ ക്ഷമിക്കാനോ തയ്യാറായിരുന്നില്ല. അവർ കൂടുതൽ ദുരാഗ്രഹികളായി മാറി. ഫൂലും അദസും ബസ്വലുമായിരുന്നു അവരുടെ അന്നേരത്തെ ആഗ്രഹം. ഇതിന്റെ പേരിൽ അവർ മൂസാനബി(അ)യെ അലട്ടിക്കൊണ്ടിരുന്നു:

"ഓ; മൂസാ, ഒരേതരം ആഹാരവുമായി ക്ഷമിച്ചുകഴിയുവാൻ ഞങ്ങൾക്ക് സാധിക്കുകയില്ല. അതിനാൽ മണ്ണിൽ മുളച്ചുണ്ടാകുന്ന തരത്തിലുള്ള ചീര, വെള്ളരി, ഗോതമ്പ്, പയറ്, ഉള്ളി മുതലായവ ഞങ്ങൾക്ക് ഉൽപാദിപ്പിച്ചുതരുവാൻ താങ്കൾ താങ്കളുടെ നാഥനോട് പ്രാർഥിക്കുക എന്ന് നിങ്ങൾ പറഞ്ഞ സന്ദർഭവും (ഓർക്കുക)..." (2:61).

**സ്വന്തം നിലനിൽപിനുവേണ്ടി കളവുപറയാനും ആ കളവിനെ വളച്ചുകെട്ടി അവതരിപ്പിക്കാനുമുള്ള യഹൂദരുടെ കഴിവിനെപ്പറ്റി പ്രമുഖന്മാരായ പലരും അത്ഭുതവും അതിശയവും പ്രകടിപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്രവേദികളിൽ പോലും ഇസ്രയേൽ പ്രതിനിധികളെ ഇതിന്റെ പേരിൽ അധിക്ഷേപിച്ച് ഇറക്കിവിടുന്ന കാഴ്ച വീഡിയോകളിൽ വ്യക്തമായി കണ്ടിട്ടുണ്ട്. അപമാനവുംപേറി കെട്ടും ഭാണ്ഡവുമെടുത്ത് നിസ്സഹായരായി പുറത്തേക്കിറങ്ങിപ്പോകുന്ന യഹൂദപ്രതിനിധികൾ തങ്ങളുടെ മുൻഗാമികളുടെ ക്രൂരഹസ്തങ്ങളുടെ ഇരയാണ് അക്ഷരാർഥത്തിൽ.**



സ്വന്തം കരങ്ങൾകൊണ്ട് തങ്ങളുടെ താൽപര്യമനുസരിച്ച് പലതും എഴുതിയുണ്ടാക്കി അവയെല്ലാം വേദവാക്യങ്ങളാണെന്ന് സമൂഹത്തിൽ പ്രചരിപ്പിച്ച് അതിലൂടെ ഭൗതികനേട്ടം ആഗ്രഹിച്ചിരുന്ന യഹൂദർ ഇതിലൂടെ സ്വയം നശിക്കുകയായിരുന്നുവെന്ന് ക്വുർആൻ ഓർമപ്പെടുത്തുന്നുണ്ട്. (അൽബക്വറ 79).

**ക്രൂരതകൾക്ക് ഉദാഹരണം തൗറാത്തിൽ**

അടുത്തവരോടും അകന്നവരോടും രണ്ടുതരത്തിലുള്ള ഇടപാടുകളും സ്വഭാവവും പ്രകടമാക്കുന്ന യഹൂദരുടെ ക്രൂരമനസ്സിന് അവരുടെ തൗറാത്ത് (പഴയനിയമം) തന്നെ സാക്ഷിയാണ്. പുറപ്പാട് പുസ്തകത്തിൽ ഇപ്രകാരം വായിക്കാം: "നീ മോഷ്ടിക്കരുത്. നീ നിന്റെ അയൽക്കാരനെതിരിൽ കള്ളസാക്ഷിയാകരുത്. നീ അയൽക്കാരന്റെ ഭവനം മോഷ്ടിക്കരുത്. അയൽക്കാരന്റെ ഭാര്യയെ മോഹിക്കരുത്. അയൽക്കാരന്റെ ദാസനെയോ ദാസിയെയോ കാളയെയോ കഴുതയെയോ മറ്റെന്തിനെയെങ്കിലുമോ മോഹിക്കരുത്"(പുറപ്പാട് 20:16-17).

എന്നാൽ ഇതിൽനിന്നും തിക



ച്ചും വിരുദ്ധമായ, വംശീയതയെ താലോലിക്കുന്ന ഉപദേശങ്ങളും ഇതേ പഴയനിയമത്തിൽ കാണുവാൻ സാധിക്കും. തങ്ങളുടെ ഇംഗിതമനുസരിച്ച് വേദത്തിൽ അവർ പലതും കൂട്ടിച്ചേർത്തു എന്നതിന്റെ പ്രകടമായ അടയാളമാണത്. ചില ഉദാഹരണങ്ങൾ കാണുക:

"നീ നിന്റെ സഹോദരന് എന്തെങ്കിലും പലിശക്ക് കൊടുക്കരുത്. പണത്തിന്റെയോ ആഹാരത്തിന്റെയോ കടംകൊടുക്കുന്ന മറ്റെന്തിന്റെയെങ്കിലുമോ പലിശ വാങ്ങരുത്. വിദേശിയിൽനിന്ന് കടത്തിനു പലിശവാങ്ങാം. എന്നാൽ നിന്റെ സഹോദരന് പലിശക്ക് കടംകൊടുക്കരുത്. അപ്പോൾ നീ കൈവശമാക്കാനായി പ്രവേശിക്കുന്ന ദേശത്ത് നീ ഏറ്റെടുക്കുന്ന എല്ലാ കാര്യങ്ങളിലും നിന്റെ ദൈവമായ കർത്താവ് നിന്നെ അനുഗ്രഹിക്കും" (ആവർത്തനം 23:19-20).

"ചത്തതിനെയൊന്നും നീ ഭക്ഷിക്കരുത്. പട്ടണങ്ങളിലുള്ള അന്യന് അതു തിന്നാൻ കൊടുക്കാം. അല്ലെങ്കിൽ അത് പരദേശിക്ക് വിൽക്കാം. നിന്റെ ദൈവമായ കർത്താവിന് നീ വിശുദ്ധജനമാണല്ലോ..."(ആവർത്തനം 14:21).

തികഞ്ഞ വംശീയതയും വർഗീയതയും തുറന്നുകാട്ടുന്ന ഇത്തരം പരാമർശങ്ങളെ വിശദീകരിച്ച് ഒപ്പിക്കാൻ വേദപുസ്തക പണ്ഡിതന്മാർ പെടാപ്പാട് പെടുന്നത് സമകാലീന സാഹചര്യത്തിൽ ഒരുപ്രത്യേക കാഴ്ചതന്നെയാണ്. ചാകാറായ കന്നുകാലികളെ കുറഞ്ഞവിലയ്ക്ക് കശാപ്പുകാർക്ക് നൽകാറുള്ളതുപോലെയുള്ള ഒരു സാധാരണ നടപടിക്രമം മാത്രമാണിതെന്നും ചത്തജീവികളെ ഭക്ഷിക്കുന്ന സമൂഹം ഇസ്രയേലിൽ ഉണ്ടായിരുന്നുവെന്നും ഇതിനെയൊന്നും വർഗീയമായോ വംശീയമായോ ചിത്രീകരിക്കേണ്ടുന്ന ആവശ്യമില്ലെന്നും അവർ ഈ പരാമർശങ്ങളെ ന്യായീകരിക്കുന്നു. യഹൂദർ വളച്ചൊടിച്ച് ചിട്ടപ്പെടുത്തിയ തൗറാത്തിലെ നിയമങ്ങളനുസരിച്ച് നീതി ലഭിക്കാനുള്ള അർഹത തികച്ചും യഹൂദർക്ക് മാത്രമാണെന്ന് ഈ വരികൾ വ്യക്തമാക്കുന്നു.

> **കാലഹരണപ്പെട്ട ആയുധങ്ങളുമായി പരിശീലനമില്ലാതെ പോരാട്ടത്തിനിറങ്ങിയ അറബികളിൽനിന്നും വിവിധകാലങ്ങളിലായി പിടിച്ചുപറിച്ച ഭൂപ്രദേശങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് വിശാലമായിത്തീരുന്ന, എന്നും വളർന്നുകൊണ്ടിരിക്കുന്ന ഒരു ജ്യോഗ്രഫിക്കൽ മാപ്പാണ് ഇസ്രയേലിനുള്ളത്. ആട്ടിയിറക്കപ്പെടുന്ന ഫലസ്തീനികളുടെ ഭവനങ്ങളിലും ഭൂമിയിലും ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും വാഗ്ദത്തഭൂമിയെന്ന പ്രലോഭനത്തിൽ ഇറക്കുമതിചെയ്യപ്പെടുന്ന യഹൂദരെയും പിന്നീട് യഹൂദമതം സ്വീകരിക്കുന്നവരെയും കുടിയിരുത്തിക്കൊണ്ട് ഇസ്രയേൽ അതിന്റെ അതിരുകൾ അനുദിനം പ്രവിശാലവും സുരക്ഷിതവുമാക്കി തീർത്തുകൊണ്ടിരിക്കുന്ന കാഴ്ചയാണ് ഇന്നുവരെയും കണ്ടുവരുന്നത്.**

സ്വന്തം നിലനിൽപിനുവേണ്ടി കളവുപറയാനും ആ കളവിനെ വളച്ചുകെട്ടി അവതരിപ്പിക്കാനുമുള്ള യഹൂദരുടെ കഴിവിനെപ്പറ്റി പ്രമുഖന്മാരായ പലരും അത്ഭുതവും അതിശയവും പ്രകടിപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്രവേദികളിൽ പോലും ഇസ്രയേൽ പ്രതിനിധികളെ ഇതിന്റെ പേരിൽ അധിക്ഷേപിച്ച് ഇറക്കിവിടുന്ന കാഴ്ച വീഡിയോകളിൽ വ്യക്തമായി കണ്ടിട്ടുണ്ട്. അപമാനവുംപേറി കെട്ടും ഭാണ്ഡവുമെടുത്ത് നിസ്സഹായരായി പുറത്തേക്കിറങ്ങിപ്പോകുന്ന യഹൂദപ്രതിനിധികൾ തങ്ങളുടെ മുൻഗാമികളുടെ ക്രൂരഹസ്തങ്ങളുടെ ഇരയാണ് അക്ഷരാർഥത്തിൽ.

യഹൂദിയ്യത്തിന്റെ നിലനിൽപ് സ്വാഭാവികമായും ആ സമൂഹത്തിന് ഒരനിവാര്യഘടകമാണ്. ഈ ആവശ്യത്തിനായി പൂർവകാല വേദഗ്രന്ഥമായ തൗറാത്ത് ഉൾപ്പെടെയുള്ള എല്ലാറ്റിനെയും അട്ടിമറിക്കാൻ യഹൂദർ ധാർഷ്ട്യം കാട്ടി. ഇസ്‌ലാമിക സമൂഹത്തിലും സംസ്കാരത്തിലും വ്യാപകമായി അറിയപ്പെട്ടിരുന്ന സാങ്കേതിക പ്രയോഗങ്ങളെപ്പോലും മാറ്റിമറിച്ചും ദുർവ്യാഖ്യാനിച്ചുമാണ് യഹൂദമതം നിലനിൽക്കുന്നത്. ഒട്ടനവധി ഉദാഹരണങ്ങൾ ഈ വിഷയത്തിൽ എടുത്തുകാണിക്കാൻ സാധിക്കും.

## യഹൂദ രാഷ്ട്രത്തിന്റെ പ്രഖ്യാപനം

14/05/1948ലാണ് ഇസ്രയേൽ രാഷ്ട്രം പ്രഖ്യാപിക്കപ്പെട്ടത്. ഭൂമുഖത്ത് പ്രഖ്യാപിക്കപ്പെട്ട രാജ്യങ്ങളെല്ലാം അതിന്റെ നാല് അതിരുകളും കൃത്യമായി നിർണയിച്ചുകൊണ്ടാണ് നിലവിൽവന്നിട്ടുള്ളത്. എന്തിനേറെ പറയണം, നമ്മുടെ നാട്ടിൽ ഒരുപഞ്ചായത്ത് നിലവിൽ വരണമെങ്കിൽ പോലും ഈ സംവിധാനം ബാധകമാണ്. അതിന്റെ കൃത്യമായ അതിരുകൾ നിർണയിക്കപ്പെടണം. എന്നാൽ ഇസ്രയേലിന്റെ സവിശേഷത അങ്ങനെയല്ലെന്ന് നാം തിരിച്ചറിയണം. അതിന് നിർണിതമായ ഒരതിർത്തിയില്ല. കാലഹരണപ്പെട്ട ആയുധങ്ങളുമായി പരിശീലനമില്ലാതെ പോരാട്ടത്തിനിറങ്ങിയ അറബികളിൽ നിന്നും വിവിധകാലങ്ങളിലായി പിടിച്ചുപറിച്ച ഭൂപ്രദേശങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് വിശാലമായിത്തീരുന്ന, എന്നും വളർന്നുകൊണ്ടിരിക്കുന്ന ഒരു ജ്യോഗ്രഫിക്കൽ മാപ്പാണ് ഇസ്രയേലിനുള്ളത്. ആട്ടിയിറക്കപ്പെടുന്ന ഫലസ്തീനികളുടെ ഭവനങ്ങളിലും ഭൂമിയിലും ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും വാഗ്ദത്തഭൂമിയെന്ന പ്രലോഭനത്തിൽ ഇറക്കുമതിചെയ്യപ്പെടുന്ന യഹൂദരെയും പിന്നീട് യഹൂദമതം സ്വീകരിക്കുന്നവരെയും കുടിയിരുത്തിക്കൊണ്ട് ഇസ്രയേൽ അതിന്റെ അതിരുകൾ അനുദിനം പ്രവിശാലവും സുരക്ഷിതവുമാക്കി തീർത്തുകൊണ്ടിരിക്കുന്ന കാഴ്ചയാണ് ഇന്നുവരെയും കണ്ടുവരുന്നത്.

ഇസ്രയേൽ എന്നോ ഫലസ്തീൻ എന്നോ പ്രയോഗിക്കുന്നതിനെക്കാളും യഹൂദർക്കിഷ്ടം നേരത്തെപറഞ്ഞ വാഗ്ദത്തഭൂമിയെന്ന പ്രയോഗമാണ്. കാരണം ലോകത്തിന്റെ വിവിധകോണുകളിൽ താമസിക്കുന്ന യഹൂദരുമായി വൈകാരികമായ ഒരു ബന്ധം നിലനിർത്തുന്നതിനും അവരുടെ സജീവപിന്തുണ ആർജിച്ചെടുക്കുന്നതിനും വാഗ്ദത്തഭൂമിയെന്ന പ്രയോഗം യഹൂദരെ സംബന്ധിച്ചിടത്തോളം ഏറ്റവും അനിവാര്യമാണ്, അത്യാവശ്യ

**ഫലസ്തീനിലെ, സജീവമായിരുന്ന ഇസ്‌ലാമിക സാന്നിധ്യം മറക്കുന്നതിനും അയൽപ്രദേശങ്ങൾകൂടി ക്രമേണ കയ്യേറി ഇറാക്കുവരെ ഉൾപ്പെടുന്ന പ്രദേശങ്ങൾ തങ്ങളുടെ അധീനതയിൽ എത്തണമെന്ന ലക്ഷ്യത്തിലുമാണ് ഈ പ്രയോഗങ്ങളെന്നത് വ്യക്തമാണ്. അതിനുള്ള ഹീനമായ കൊടുക്കൽ വാങ്ങലുകളാണ് മധ്യേഷ്യൻ രാഷ്ട്രീയത്തിൽ ഇസ്രയേൽ ഒളിഞ്ഞും തെളിഞ്ഞും നിർവഹിച്ചുകൊണ്ടിരിക്കുന്നതെന്ന് നാം തിരിച്ചറിയുക. യഹൂദരുടെ ഈ ദൗത്യനിർവഹണത്തിൽ അറിഞ്ഞോ അറിയാതെയോ ഏതാനും മുസ്‌ലിം സംഘടനകളെയും കൂടെക്കൂട്ടിയത് നമുക്ക് കാണാതിരിക്കാനാവുന്നില്ല.**



THE PALESTINE POST

STATE OF ISRAEL IS BORN

The first independent Jewish State in 19 centuries was born in Tel Aviv as the British Mandate over Palestine came to an end at midnight on Friday, and it was immediately subjected to the test of fire. As "Medinat Yisrael" (State of Israel) was proclaimed, the battle for Jerusalem raged, with most of the city falling to the Jews. At the same time, President Truman announced that the United States would accord recognition to the new State. A few hours later, Palestine was invaded by Moslem armies from the south, east and north, and Tel Aviv was raided from the air. On Friday the United Nations Special Assembly adjourned after adopting a resolution to appoint a mediator but without taking any action on the Partition Resolution of November 29.

Yesterday the battle for the Jerusalem-Tel Aviv road was still under way, and two Arab villages were taken. In the north, Acre town was captured, and the Jewish Army consolidated its positions in Western Galilee.

Most Crowded Hours in Palestine's History

JEWS TAKE OVER SECURITY ZONES

Egyptian Air Force Spitfires Bomb Tel Aviv; One Shot Down

U.S. RECOGNIZES JEWISH STATE

Proclamation by Head Of Government

2 Columns Cross Southern Border

Etzion Settlers Taken P.O.W.

Special Assembly Adjourns

NowTheEndBegins.com

വുമാണ്. ഈ വാഗ്ദത്തഭൂമിയെന്ന ബൈബിൾ പഴയനിയമത്തിലെ വാക്യം കാട്ടിക്കൊണ്ടാണ് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ചിതറിത്താമസിക്കുന്ന ഇസ്രയേലികളെ കൂട്ടത്തോടെ ഫലസ്തീനിലേക്ക് കുടിയേറ്റാൻ യഹൂദർക്ക് സാധിച്ചത്. അതിനാൽ ഇസ്രയേൽ എന്നതിനെക്കാൾ കൂടുതലായി യഹൂദർക്ക് പ്രയോഗിക്കാൻ എപ്പോഴും താൽപര്യം വാഗ്ദത്തഭൂമിയെന്നാണ്.

ഇതിലൂടെ ഇസ്രയേൽ എന്നും യഹൂദർക്ക് മാത്രം സ്വന്തമെന്ന് ധ്വനിപ്പിക്കാനും അവർക്ക് കഴിയുന്നു. ബൈബിൾ പഴയനിയമത്തിൽ ഇപ്രകാരം വായിക്കാം: "അന്നു കർത്താവ് അബ്രഹാമിനോട് ഒരു ഉടമ്പടി ഉണ്ടാക്കി പറഞ്ഞു; ഞാൻ നിന്റെ സന്തതികൾക്കായി ഈജിപ്തിലെ നദിമുതൽ മഹാനദിയായ യൂഫ്രട്ടീസ് വരെയുള്ള ദേശം തരുന്നു..." (ഉൽപത്തി 15/18).

ഫലസ്തീനിലെ, സജീവമായിരുന്ന ഇസ്‌ലാമിക സാന്നിധ്യം മറക്കുന്നതിനും അയൽപ്രദേശങ്ങൾകൂടി ക്രമേണ കയ്യേറി ഇറാക്കുവരെ ഉൾപ്പെടുന്ന പ്രദേശങ്ങൾ തങ്ങളുടെ അധീനതയിൽ എത്തണമെന്ന ലക്ഷ്യത്തിലുമാണ് ഈ പ്രയോഗങ്ങളെന്നത് വ്യക്തമാണ്. അതിനുള്ള ഹീനമായ കൊടുക്കൽ വാങ്ങലുകളാണ് മധ്യേഷ്യൻ രാഷ്ട്രീയത്തിൽ ഇസ്രയേൽ ഒളിഞ്ഞും തെളിഞ്ഞും നിർവഹിച്ചുകൊണ്ടിരിക്കുന്നതെന്ന് നാം തിരിച്ചറിയുക. യഹൂദരുടെ ഈ ദൗത്യനിർവഹണത്തിൽ അറിഞ്ഞോ അറിയാതെയോ ഏതാനും മുസ്‌ലിം സംഘടനകളെയും കൂടെക്കൂട്ടിയത് നമുക്ക് കാണാതിരിക്കാനാവുന്നില്ല.

(തുടരും)

*നോട്ട് : ഈ ലേഖന പരമ്പരയിൽ റഫറൻസായി ഉപയോഗിച്ചിട്ടുള്ളത് അപ്പോക്രിഫാ ലേഖനനങ്ങൾകൂടി ഉൾപ്പെട്ട മലയാളം ബൈബിൾ (ഓശാന പ്രസിദ്ധീകരണം, ഓശാന മൗണ്ട് , ഇടമറ്റം) ആണ്. അതിനാൽ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ബൈബിളിൽ നിന്നും വ്യത്യസ്തമായ പ്രയോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്.*

***-ലേഖകൻ***



# ആൺകുട്ടികളുടെ വിവാഹവും രക്ഷിതാക്കളുടെ അവഗണനയും

നൂറുദ്ദീൻ സ്വലാഹി, വെട്ടത്തൂർ

‘എനിക്ക് കെട്ടണമെന്നുണ്ട്, വീട്ടിലുള്ളവർക്ക് കൂടി തോന്നണ്ടേ?' നീ വിവാഹമന്വേഷിക്കുന്നുണ്ടോ എന്ന് ഒരു സഹോദരനോട് ചോദിച്ചപ്പോൾ അവൻ നിരാശയോടെ പറഞ്ഞ മറുപടിയാണിത്. ഇത് അവന്റെ മാത്രം കാര്യമല്ല, ഇതേ കാരണത്താൽ വിവാഹം ചെയ്യാൻ കഴിയാതെ പ്രയാസപ്പെടുന്ന എത്രയോ യുവാക്കളിൽ ഒരാൾ മാത്രമാണവൻ.

രക്ഷിതാക്കൾ ഏറെ ഗൗരവത്തിൽ കാണേണ്ട കാര്യമാണിത്. പെൺമക്കൾ വളർന്ന് വരുമ്പോൾ അവരുടെ വിവാഹ കാര്യങ്ങളെക്കുറിച്ചുള്ള ആലോചനകളും ആശങ്കകളും പലപ്പോഴും ആൺമക്കളുടെ കാര്യത്തിൽ പല രക്ഷിതാക്കൾക്കും ഉണ്ടാവാറില്ല എന്നത് ഒരു സത്യമാണ്. പ്രായവും ജോലിയും കല്യാണച്ചെലവും മഹ്റിനുള്ള കാശും...അങ്ങനെ നൂറുകൂട്ടം കാരണങ്ങൾ പറഞ്ഞുകൊണ്ട് വീട്ടുകാരുണ്ടാക്കുന്ന പ്രതിസന്ധികളാണ് പലരുടെയും വിവാഹത്തിന് തടസ്സം. ‘എനിക്ക് കിട്ടുന്ന 18000 രൂപ ശമ്പളംകൊണ്ട് ഈ ജന്മത്തിൽ വീട്ടുകാർ സ്വപ്നം കാണുന്നപോലെ ഒരു കല്യാണം നടക്കുമെന്ന് തോന്നുന്നില്ല.' ‘അതെന്താ?' ‘അവർക്ക് ഓഡിറ്റോറിയത്തിൽ 800 ആളുടെ റിസപ്ഷനാണ് താൽപര്യം. അവർ ഉദ്ദേശിക്കുന്ന ഓഡിറ്റോറിയത്തിന്റെ വാടക കൊടുക്കാൻ മാത്രം എന്റെ നാലുമാസത്തെ ശമ്പളം വേണം.'

പെൺമക്കളുടെ കാര്യത്തിൽ വല്ലാതെ ആശങ്കപ്പെടുന്ന രക്ഷിതാക്കൾ, എല്ലാ വൃത്തികേടുകൾക്കും പ്രേരിപ്പിക്കുന്ന കാര്യങ്ങൾ ഉള്ളംകൈയിൽ പ്രത്യക്ഷപ്പെടുന്ന കാലത്ത് ജീവിക്കുന്ന, തിന്മകളിലേക്ക് പിടിച്ചുവലിക്കുന്ന കൂട്ടുകെട്ടുകളിൽ അകപ്പെടാൻ സാധ്യതയുള്ള, വികാരവിചാരങ്ങളുള്ള മനുഷ്യർ തന്നെയാണ് തങ്ങളുടെ ആൺമക്കളും എന്നത് മറന്നുപോകരുത്. ‘വിവാഹം കഴിക്കാൻ ശേഷിയുള്ളവർ വിവാഹം കഴിക്കട്ടെ, അല്ലാത്തവർ നോമ്പനുഷ്ഠിക്കട്ടെ' എന്ന പ്രവാചക വചനം എത്രമാത്രം അർഥവത്താണ്! തിന്മകൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ പ്രവാചക വചനത്തിന്റെ പ്രസക്തി വർധിക്കുകയാണ്. മകന്റെ വിവാഹം എല്ലാ നാട്ടാചാരങ്ങളോടും കുടുംബ പോരിശകളോടും ആരവങ്ങളോടും കൂടിത്തന്നെ നടത്തണം എന്ന് എന്തിന് വാശിപിടിക്കണം? മകന്റെ കല്യാണം കേമമായി നടക്കണം എന്ന് ആഗ്രഹിക്കുന്ന സാമ്പത്തിക ശേഷിയുള്ള പിതാക്കൾ വിവാഹത്തിന് ആൺമക്കളെ സഹായിക്കാൻ എന്തിന് മടികാണിക്കണം?

വലിയ ജോലിയൊന്നുമില്ല, ജീവിതച്ചെലവ് താങ്ങാനാവില്ല എന്നൊക്കെയാണ് പലരും വിവാഹം കഴിക്കാൻ തടസ്സമായി പറയാറുള്ളത്. അങ്ങനെ പറയുന്ന യുവാക്കളും അവരുടെ രക്ഷിതാക്കളും വിശുദ്ധ ക്വുർആൻ സൂറതുന്നൂറിലെ 32ാം സൂക്തത്തിന്റെ അർഥവും ആശയവുമൊന്ന് പഠിക്കണം: “നിങ്ങളിലുള്ള അവിവാഹിതരെയും നിങ്ങളുടെ അടിമകളിൽനിന്നും അടിമസ്ത്രീകളിൽനിന്നും നല്ലവരായിട്ടുള്ളവരെയും നിങ്ങൾ വിവാഹബന്ധത്തിൽ ഏർപെടുത്തുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവജ്ഞനുമത്രെ.''

തന്റെ രഹസ്യ ജീവിതത്തിൽ അരുതായ്മകൾ സംഭവിക്കാതിരിക്കാനും സൂക്ഷ്മത (തക്‌വ) പാലിച്ചു ജീവിക്കാനും ആഗ്രഹിച്ച് വിവാഹം കഴിക്കുന്നവന് റബ്ബിന്റെ സഹായമുണ്ടാകും എന്നത് അവൻ നൽകുന്ന ഉറപ്പാണ്. ‘വിവാഹം കഴിക്കാൻ കഴിവ് ലഭിക്കാത്തവർ അവർക്ക് അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്ന് സ്വാശ്രയത്വം നൽകുന്നതുവരെ സൻമാർഗനിഷ്ഠ നിലനിർത്തട്ടെ' എന്നും അല്ലാഹു, ശേഷം പറയുന്നുണ്ട്.

എന്നാൽ തനിക്ക് വിവാഹം കഴിക്കണമെന്ന് ആൺമക്കൾ നേരിട്ടും ഇടനിലക്കാർ വഴിയുമൊക്കെ മാതാപിതാക്കളോട് സൂചിപ്പിക്കുന്നുണ്ടെങ്കിൽ അവരുടെ ധാർമിക ജീവിതത്തിന്റെ സുരക്ഷയ്ക്ക് അത് ആവശ്യമായിട്ടാണെന്ന് നാം തിരിച്ചറിയുക. അവരുടെ രഹസ്യ ജീവിതത്തെ ശുദ്ധമാക്കാനും തെറ്റുകളിൽ നിന്ന് വിട്ടുനിൽക്കാനുമുള്ള സാഹചര്യമൊരുക്കാൻ രക്ഷിതാക്കളല്ലേ കൂടുതൽ താൽപര്യപ്പെടേണ്ടത്? അതല്ലേ മക്കൾക്ക് നൽകുന്ന ഏറ്റവും വലിയ സ്നേഹം? പലപ്പോഴും നമ്മൾ തടസ്സമായി കാണുന്ന ചെറിയ ചെറിയ കാരണങ്ങൾകൊണ്ട് നഷ്ടപ്പെടുന്നത് മക്കളുടെ ധാർമിക ജീവിതമാണെന്ന് മറന്നു പോകരുത്.




# തെളിവുകളിൽനിന്നും ബോധ്യത്തിലേക്ക്

**ഷാഹുൽ പാലക്കാട്**
:97478 90521

**E71. ഇരുമ്പ്**

“...ഇരുമ്പും നാം ഇറക്കിക്കൊടുത്തു. അതിൽ കഠിനമായ ആയോധനശക്തിയും ജനങ്ങൾക്ക് ഉപകാരങ്ങളുമുണ്ട്”(ക്വുർആൻ 57: 25).

പ്രപഞ്ചത്തിൽ ഇരുമ്പ് രൂപംകൊള്ളുന്നത് മില്യൺ കണക്കിന് വർഷങ്ങൾ നീണ്ടുനിൽക്കുന്ന നക്ഷത്രങ്ങളുടെ പരിണാമ പ്രക്രിയകളുടെ അനന്തരഫലമായിട്ടാണെന്ന് ശാസ്ത്രം പറയുന്നു. നക്ഷത്രങ്ങളിൽ ഇരുമ്പ് കാണപ്പെടുന്നില്ല. എന്നാൽ അനേക വർഷം കത്തിജ്ജ്വലിച്ചതിന് ശേഷം അവ ചുവപ്പ് ഭീകരന്മാരും (Red Giants) അതി ഭീകരന്മാരുമായി (Super Giants) പരിണമിക്കുകയും പിന്നീട് ഒരു വിസ്ഫോടനത്തിന് ശേഷം അവ നോവയും (Nova) സൂപ്പർ നോവയുമായി (Super Nova) മാറുകയും ചെയ്യും. ഇങ്ങനെ ചുവപ്പു ഭീകരന്മാർ സൂപ്പർ നോവകളായി ജ്വലിച്ചണയുമ്പോൾ അവയുടെ അകക്കാമ്പിലെ രാസഘടന ആത്യന്തികമായി ഇരുമ്പായി രൂപാന്തരം പ്രാപിക്കുകയാണ് ചെയ്യുന്നത്. സൂപ്പർ നോവ വിസ്ഫോടനത്തിന് ശേഷം പ്രപഞ്ചത്തിൽ ചിതറിക്കിടക്കുന്ന ഇരുമ്പിനെ ഭൂമിപോലുള്ള ആകർഷണശക്തിയുള്ള ഗ്രഹങ്ങൾ വലിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഭൂമിയുടെ ആകർഷണശക്തി തന്നെയാണ് ആകാശത്തുനിന്ന് ഇറങ്ങിവന്ന ഇരുമ്പിനെ വീണ്ടും ഭൂമിയുടെ അന്തർഭാഗത്തേക്ക് ആവാഹിക്കുന്നത്. നക്ഷത്രങ്ങൾ സൂപ്പർ നോവകളായി പൊട്ടിത്തെറിക്കുമ്പോൾ താരതമ്യേന ശക്തിയുള്ള

**ഇരുമ്പ് ആകാശത്തുനിന്നും ഇറക്കിയെന്നുതന്നെ ക്വുർആൻ പറയുന്നുണ്ട്. ദൈവത്തിങ്കൽനിന്നുള്ള അനുഗ്രഹം എന്ന നിലയ്ക്ക് മെറ്റഫറിക്കലായി ഇതിനെ വായിക്കാം എന്നതായിരുന്നു ആദ്യകാല മുഫസ്സിറുകളുടെ നിലപാട്. എന്നാൽ ഇരുമ്പിനെ സംബന്ധിച്ച ശാസ്ത്രീയ അറിവും ഈ ക്വുർആൻ വചനത്തിന്റെ അക്ഷരവായനയെപോലും അനുകൂലിക്കുന്നു. ആധുനിക ശാസ്ത്രം പറയുന്നതു പ്രകാരവും ഇരുമ്പ് ആകാശത്തുനിന്നും ഇറക്കപ്പെട്ടതാണ്. അഥവാ ക്വുർആൻ ഇരുമ്പിനെ വിശേഷിപ്പിക്കാൻ ഉപയോഗിച്ച ഈ ഒരു പ്രയോഗം ശാസ്ത്രീയമായും മെറ്റഫറിക്കലായും കൃത്യത പാലിക്കുന്നു. കേവല യാദൃച്ഛികതകൊണ്ട് ഇത് വിശദീകരിക്കാനാവില്ല.**

മൂലകമായ ഇരുമ്പ് ആകാശത്ത് ചിതറുകയും ഭൂമിപോലുള്ള ഗ്രഹങ്ങളിലേക്ക് അവ എത്തിപ്പെടുകയും ചെയ്യുന്നു. ഉൽക്കാവർഷത്തിലൂടെ ഓരോ വർഷവും ടൺകണക്കിന് ഇരുമ്പ് ഭൂമിയിൽ പതിക്കുന്നുണ്ട്.

ഇരുമ്പ് ആകാശത്തുനിന്നും ഇറക്കിയെന്നുതന്നെ ക്വുർആൻ പറയുന്നുണ്ട്. ദൈവത്തിങ്കൽനിന്നുള്ള അനുഗ്രഹം എന്ന നിലയ്ക്ക് മെറ്റഫറിക്കലായി ഇതിനെ വായിക്കാം എന്നതായിരുന്നു ആദ്യകാല മുഫസ്സിറുകളുടെ നിലപാട്. എന്നാൽ ഇരുമ്പിനെ സംബന്ധിച്ച ശാസ്ത്രീയ അറിവും ഈ ക്വുർആൻ വചനത്തിന്റെ അക്ഷരവായനയെപോലും അനുകൂലിക്കുന്നു. ആധുനിക ശാസ്ത്രം പറയുന്നതു പ്രകാരവും ഇരുമ്പ് ആകാശത്തുനിന്നും ഇറക്കപ്പെട്ടതാണ്. അഥവാ ക്വുർആൻ ഇരുമ്പിനെ വിശേഷിപ്പിക്കാൻ ഉപയോഗിച്ച ഈ ഒരു പ്രയോഗം ശാസ്ത്രീയമായും മെറ്റഫറിക്കലായും കൃത്യത പാലിക്കുന്നു. കേവല യാദൃച്ഛികതകൊണ്ട് ഇത് വിശദീകരിക്കാനാവില്ല.


**E72. ത്രിയേകത്വ സിദ്ധാന്ത വചനം**

ബൈബിളിൽ ത്രിയേകത്വ ദൈവസിദ്ധാന്തം നേർക്കുനേരെ കൃത്യമായി പറയുന്നത് ഒരു ഭാഗത്ത് മാത്രമാണ്. John 5:78ൽ ആ വചനം ഇങ്ങനെ വായിക്കാം: 'There are three that bear witness in heaven: the Father, the Word, and the Spirit, and these three are one; and there are three that bear witness on earth, the Spirit, the water, and the blood, and these three are one.' (സ്വർഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവരാകുന്നു; പിതാവ്, വചനം, ആത്മാവ്. ഈ മൂവരും ഒന്നാകുന്നു. ഭൂമിയിൽ സാക്ഷ്യം നിൽക്കുന്നത് മൂന്നാകുന്നു; ആത്മാവ്, ജലം, രക്തം. ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നെ.)

ഈ വചനത്തിന്റെ ചരിത്രപരതയെ സംബന്ധിച്ച് ബൈബിൾ പണ്ഡിതനായ ബാർട്ട് ഏർമൻ തന്റെ 'യേശുവിനെ തെറ്റായി ഉദ്ധരിക്കുന്നു: ആരാണ് ബൈബിൾ മാറ്റിയത്, എന്തുകൊണ്ട് എന്നതിന്റെ പിന്നിലെ കഥ' (Misquoting Jesus: The Story Behind Who Changed the Bible and Why) എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. പൂർണമായും ഗ്രീക്ക് മാനുസ്ക്രിപ്റ്റുകളെ ആശ്രയിച്ച് ബൈബിളിനെ നിർമിക്കാൻ ശ്രമിച്ച ഇറാസ്മസിന്റെ കണ്ടെത്തലും അനുഭവവും അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു:

"എന്നാൽ ഇറാസ്മസിന് ത്രിയേകത്വ വചനത്തെ ഗ്രീക്ക് കയ്യെഴുത്ത് പ്രതികളിൽ കാണാനായില്ല. പകരം ആത്മാവും രക്തവും വെള്ളവും സാക്ഷികൾ ആകുമെന്നും അവ ഒന്നാണ് എന്നും മാത്രമാണ് ഇറാസ്മസ് പരിശോധിച്ച ഗ്രീക്ക് പ്രതികളിലെല്ലാമുള്ളത്." (അവയെയും പൂർണമായും ആധികാരികമെന്ന് വിളിക്കാനാവില്ലെന്നും ബാർട്ട് ഏർമൻ പറയുന്നുണ്ട്).

എന്നാൽ 'പിതാവും വചനവും ആത്മാവും ഒന്നാണ്' എന്നു തുടങ്ങിയ ഭാഗങ്ങൾ എവിടെ പോയി? പ്രധാന കയ്യെഴുത്ത് പ്രതികളിൽ അവയില്ല. ഇറാസ്മസിന്റെ അന്വേ



**ത്രിയേക ദൈവസങ്കൽപം ബൈബിളിൽ മനുഷ്യർ എഴുതിച്ചേർത്തതാണ് എന്നതാണ് ഇസ്‌ലാമിക നിലപാട്. അപ്പോൾ ത്രിയേക സങ്കൽപം പറയുന്ന ഒരു ബൈബിൾ വാക്യമുണ്ടെങ്കിൽ അതിനു പിറകിൽ മനുഷ്യരുടെ കരങ്ങൾ ഉണ്ടാകേണ്ടത് ഇസ്‌ലാം ശരിയാണെങ്കിൽ പ്രതീക്ഷിക്കേണ്ട വിവരമാണ്. ഇസ്‌ലാം അനുസരിച്ച് പ്രതീക്ഷിക്കേണ്ട ഒരു വിവരം ലഭിക്കുന്നുവെന്നാൽ ഇസ്‌ലാം ശരിയാണ് എന്ന് അത് തെളിയിക്കുന്നു.**



ഷണത്തിലും അവ ലഭിച്ചില്ല. അതിനാൽ തന്നെ തന്റെ ഗ്രീക്ക് കയ്യെഴുത്ത് പ്രതികളെ ആശ്രയിച്ചുള്ള ബൈബിളിന്റെ ആദ്യ പ്രസിദ്ധീകരണത്തിൽ ഈ ത്രിയേക വചനങ്ങളെ ഇറാസ്മസ് ഉൾപ്പെടുത്തിയില്ല.

എന്നാൻ അദ്ദേഹത്തിന്റെ കാലത്തെ ക്രൈസ്തവ പുരോഹിതരെ ഇത് ചൊടിപ്പിച്ചു. യേശുവിന്റെ ദൈവികതയെ തള്ളാനും ത്രിയേക സങ്കൽപത്തെ നിഷേധിക്കാനുമുള്ള ഇറാസ്മസിന്റെ ശ്രമത്തിന്റെ ഭാഗമാണത് എന്നവർ ആരോപിച്ചു. ചില പ്രമുഖർ ഇറാസ്മസിനെ അപകീർത്തിപ്പെടുത്തിക്കൊണ്ട് പരസ്യമായി രംഗത്തെത്തി. ഭാവി പതിപ്പുകളിൽ ഈ വാക്യം ചേർക്കണമെന്ന് നിർബന്ധിച്ചു. ആ നിർബന്ധ ത്തിന് ഇറാസ്മസിന് വഴങ്ങേണ്ടി വന്നു.

ത്രിയേക സങ്കൽപത്തെ വ്യക്തമായി പറയുന്ന ഏക ബൈബിൾ ഭാഗത്തിന്റെ ആധികാരികതയാണ് ഈ പറഞ്ഞത്.

"അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ..." (ക്വുർആൻ 5:73).

അഥവാ ത്രിയേക ദൈവസങ്കൽപം ബൈബിളിൽ മനുഷ്യർ എഴുതിച്ചേർത്തതാണ് എന്നതാണ് ഇസ്‌ലാമിക നിലപാട്. അപ്പോൾ ത്രിയേക സങ്കൽപം പറയുന്ന ഒരു ബൈബിൾ വാക്യമുണ്ടെങ്കിൽ അതിനു പിറകിൽ മനുഷ്യരുടെ കരങ്ങൾ ഉണ്ടാകേണ്ടത് ഇസ്‌ലാം ശരിയാണെങ്കിൽ പ്രതീക്ഷിക്കേണ്ട വിവരമാണ്. ഇസ്‌ലാം അനുസരിച്ച് പ്രതീക്ഷിക്കേണ്ട ഒരു വിവരം ലഭിക്കുന്നുവെന്നാൽ ഇസ്‌ലാം ശരിയാണ് എന്ന് അത് തെളിയിക്കുന്നു.

### E73. ചാന്ദ്ര പിളർപ്പ്

"ആ (അന്ത്യ)സമയം അടുത്തു. ചന്ദ്രൻ പിളരുകയും ചെയ്തു. ഏതൊരു ദൃഷ്ടാന്തം അവർ കാണുകയാണെങ്കിലും അവർ പിന്തിരിഞ്ഞു കളയുകയും, ഇത് നിലനിന്നു വരുന്ന ജാലവിദ്യയാകുന്നു എന്ന് അവർ പറയുകയും ചെയ്യും. അവർ നിഷേധിച്ചുതള്ളുകയും തങ്ങളുടെ തന്നിഷ്ടങ്ങളെ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ഏതൊരു കാര്യവും ഒരു നിശ്ചിത സ്ഥാനം പ്രാപിക്കുന്നതാകുന്നു" (54:13).


അന്തിമ പ്രവാചകന്റെ ദൈവിക ദൃഷ്ടാന്തമെന്ന നിലയിൽ ചന്ദ്രൻ പിളർന്നുവെന്നും പക്ഷേ, എത്ര വലിയ അത്ഭുതങ്ങൾ കണ്ടാലും മാരണമോ ജാലവിദ്യയോ ആയി തള്ളുകയാണ് മക്കയിലെ പല സത്യനിഷേധികളുടെയും രീതിയെന്നും അത്തരക്കാർ ഈ മഹാത്ഭുതത്തെയും ആ ഗണത്തിൽ പെടുത്തി തള്ളിയെന്നുമുള്ള വിവരങ്ങൾ ചന്ദ്രൻ പിളർന്നതിനെക്കുറിച്ചുള്ള ഈ ക്വുർആൻ വചനം നൽകുന്നുണ്ട്. ക്വുർആൻ വചനങ്ങളെല്ലാം പ്രവാചകകാലഘട്ടത്തിലേതാണെന്ന കാര്യം ചരിത്രപരമായി അവിതർക്കിതമാംവിധം സ്ഥാപിക്കപ്പെട്ടതാണ്. ആകാശത്ത് ചന്ദ്രൻ പിളർന്നത് ദൃശ്യമാവുകയും അതിനെ ദൈവിക ദൃഷ്ടാന്തമായി പരിഗണിക്കാൻ വിസമ്മതിച്ച ചില മക്കക്കാർ പ്രസ്തുത ദൃശ്യത്തിന് മറ്റു വ്യാഖ്യാനങ്ങൾ നൽകാൻ ശ്രമിക്കുകയും ചെയ്തുവെന്ന് പ്രഖ്യാപിക്കുന്ന ക്വുർആൻ വചനം നബി(സ്വ)യിൽനിന്നും നേരിട്ട് മക്കക്കാർ കേട്ടതാണ്; അദ്ദേഹത്തിന്റെ അനുചരന്മാർ അത് പാരായണം ചെയ്തു വന്നതുമാണ്. എന്നിട്ടും മക്കയിലെ ഒരു ബഹുദൈവാരാധകനും ഈ ക്വുർആൻ വചനത്തെ ഒരിക്കൽ പോലും ചോദ്യം ചെയ്തു രംഗത്തുവന്നില്ല. അതിനർഥം ചന്ദ്രൻ പിളർന്നതിന് ബഹുദൈവാരാധകരടക്കമുള്ള പല മക്കക്കാരും സാക്ഷിയായിയെന്നും അതിന്റെ സ്വഭാവത്തെക്കുറിച്ചുള്ള കുതർക്കങ്ങളുന്നയിക്കുക മാത്രമാണവർ ചെയ്തതെന്നുമുള്ളതിനുള്ള അനിഷേധ്യമായ ചരിത്രരേഖയാ

യി പരാമൃഷ്ട ക്വുർആൻ വചനം മാറുന്നുവെന്ന് തന്നെയാണ്.

ചന്ദ്രൻ പിളർന്നത് ദൃശ്യമായതിനുള്ള ചരിത്രരേഖ ക്വുർആൻ മാത്രമല്ല; പ്രത്യുത മക്കയിൽ പ്രവാചകന്റെ സമകാലീനരായവരിൽ നിന്നുള്ള വിശ്വസ്തമായ ധാരാളം നിവേദനങ്ങൾ കൂടിയാണ്. മുഹമ്മദ് നബി(സ്വ)യുടെ കാലത്ത് ചന്ദ്രൻ രണ്ടുഭാഗങ്ങളായി പിളർന്നുമാറിയെന്നു പറയുന്ന ഒട്ടനവധി ഹദീസുകളാണ് ആധികാരികതയിൽ ആർക്കും സംശയമില്ലാത്ത അനേകം പരമ്പരകൾ വഴി ഏറ്റവും പ്രാമാണികമായ ഹദീസ് സമാഹാരങ്ങളിൽതന്നെ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. പ്രവാചകകാലം മുതൽക്കുള്ള ഓരോ തലമുറയിലും അനേകമാളുകൾ ഒരുമിച്ച് കൈമാറിവന്നുവെന്ന് (മുതവാതിർ) പറയാനാകുംവിധം വിഖ്യാതവും അനിഷേധ്യവുമാണ് ഈ ഹദീസുകളിലെ സംഭവവിവരണങ്ങൾ. സ്വഹീഹുൽ ബുഖാരിയിലെ കിതാബുത്തഫ്സീറിലും കിതാബുൽ മനാക്വിബിൽ അൻസ്വാറിലും സ്വഹീഹു മുസ്‌ലിമിലെ ക്വിതാബു സ്വിഫാത്തിൽ ക്വിയാമതി വൽജന്നതി വന്നാറിലും ചന്ദ്രൻ രണ്ടായി പിളർന്നുനീങ്ങിയെന്ന് ഖണ്ഡിതമായി പ്രസ്താവിക്കുന്ന ഹദീസുകളുണ്ട്. മക്കക്കാർ പ്രവാചകനോട് ദൃഷ്ടാന്തങ്ങൾക്കുവേണ്ടി ചോദിച്ചപ്പോഴാണ് നബി (സ്വ) ചന്ദ്രൻ പിളരുന്നത് കാണിച്ചുകൊടുത്തതെന്ന് സൂചിപ്പിക്കുന്ന ഹദീസുകൾ സ്വഹീഹുൽ ബുഖാരിയിലെ കിതാബുൽ മനാക്വിബിൽ അൻസ്വാറിലും കിതാബു ഫദാഇലി അസ്ഹാബിന്നബിയ്യിലും കാണാൻ കഴിയും. സംഭവം നടക്കുമ്പോൾ നബി(സ്വ) മക്കാനഗരത്തിന് തൊട്ടപ്പുറത്തുള്ള മിനായിലായിരുന്നുവെന്ന് സ്വഹീഹുൽ ബുഖാരിയിൽ കാണാം.

ചന്ദ്രൻ പിളർന്നുണ്ടായ രണ്ട് കഷ്ണങ്ങളിൽ ഒന്ന് ഒരു പർവതത്തിന്റെ ഒരു വശത്തും മറ്റേത് മറുവശത്തുമായി നിന്നുവെന്നും അപാരമായ വ്യക്തതയുണ്ടായിരുന്ന ആ പിളർന്നുമാറൽ ദൃശ്യത്തെ ചൂണ്ടി പ്രവാചകൻ(സ്വ) കൂടെയുണ്ടായിരുന്നവരോട് 'സാക്ഷിയായിക്കൊള്ളുക' എന്നു പറഞ്ഞുവെന്നും സ്വഹീഹുൽ ബുഖാരിയിലെ ഹദീസുകളിലുണ്ട്. വിസ്മയകരമായ ഈ സംഭവത്തിന് സാക്ഷിയായി പ്രവാചക സന്നിധിയിലുണ്ടായിരുന്നവരിൽ താനുമുൾപ്പെട്ടിരുന്നതായി അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) സാക്ഷ്യപ്പെടുത്തിയത് മുസ്‌ലിമിലെ ക്വിതാബു സ്വിഫാത്തിൽ ക്വിയാമതി വൽജന്നതി വന്നാറിൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

**ക്വുർആൻ വചനങ്ങളെല്ലാം പ്രവാചകകാലഘട്ടത്തിലേതാണെന്ന കാര്യം ചരിത്രപരമായി അവിതർക്കിതമാംവിധം സ്ഥാപിക്കപ്പെട്ടതാണ്. ആകാശത്ത് ചന്ദ്രൻ പിളർന്നത് ദൃശ്യമാവുകയും അതിനെ ദൈവിക ദൃഷ്ടാന്തമായി പരിഗണിക്കാൻ വിസമ്മതിച്ച ചില മക്കക്കാർ പ്രസ്തുത ദൃശ്യത്തിന് മറ്റു വ്യാഖ്യാനങ്ങൾ നൽകാൻ ശ്രമിക്കുകയും ചെയ്തുവെന്ന് പ്രഖ്യാപിക്കുന്ന ക്വുർആൻ വചനം നബി(സ്വ)യിൽനിന്നും നേരിട്ട് മക്കക്കാർ കേട്ടതാണ്; അദ്ദേഹത്തിന്റെ അനുചരന്മാർ അത് പാരായണം ചെയ്തുവന്നതുമാണ്. എന്നിട്ടും മക്കയിലെ ഒരു ബഹുദൈവാരാധകനും ഈ ക്വുർആൻ വചനത്തെ ഒരിക്കൽ പോലും ചോദ്യം ചെയ്തു രംഗത്തുവന്നില്ല.**



### തെളിവുകളിൽ നിന്നും ബോധ്യത്തിലേക്ക്

(From evidences to certainty)

a). ഇതുവരെ സൂചിപ്പിച്ച തെളിവുകൾ ഇസ്‌ലാമിനെ ബുദ്ധിപരമായി തെളിയിക്കുന്നു (rationally justifying) എന്ന കാര്യത്തിൽ സംശയമില്ല. ഈ തെളിവുകളുടെ കൂട്ടത്തിൽനിന്നും ഇങ്ങനെ തീർപ്പിലെത്താം:

1). ഇത്രയധികം കൃത്യമായ തെളിവുകൾ നൽകാൻ കഴിയുന്ന ഒരു തിയറി സത്യമായിരിക്കും.

2). പ്രധാനപ്പെട്ട പല ശാസ്ത്ര സിദ്ധാന്തങ്ങൾക്ക് പോലും പത്തിൽ താഴെ തെളിവുകളേയുള്ളൂ.

3). ആയതിനാൽ ഏതൊരു

**ഒരു തിയറിയനുസരിച്ച് പ്രതീക്ഷിതമായ ഒരു വിവരം ലഭിച്ചു എന്നതുതന്നെ ആ തിയറിയെ ശാസ്ത്രീയമായി തെളിയിക്കുന്നു. ഇസ്‌ലാം predict ചെയ്ത ഒട്ടനവധി കാര്യങ്ങളെ നാം പിന്നീട് നിരീക്ഷിക്കുന്നു. ആയതിനാൽ ഒരു ശാസ്ത്രീയ സിദ്ധാന്തത്തിനും അവകാശപ്പെടാൻ കഴിയാത്തത്രയും യുക്തിഭദ്രത ഇസ്‌ലാമിനുണ്ട്.**



ശാസ്ത്ര സിദ്ധാന്തത്തിനും അവകാശപ്പെടാൻ കഴിയുന്നതിന്റെ പല മടങ്ങ് തെളിവുകളും യുക്തിഭദ്രതയും ഇസ്‌ലാമിനുണ്ട്.

**പ്രവചനാത്മകത**
(Predictability)

ശാസ്ത്രീയമായി ഒരു തിയറി ശരിയാകാൻ ആ തിയറി predict ചെയ്യുന്ന ഒരൊറ്റ പ്രതിഭാസം ദൃശ്യമായാൽ മതിയാകും. ഉദാ: ഐൻസ്റ്റീന്റെ ജനറൽ റിലേറ്റിവിറ്റി അനുസരിച്ച് പ്രതീക്ഷിക്കേണ്ട ഒരു സംഭവം അദ്ദേഹം പ്രവചിച്ചു. പിണ്ഡമുള്ള വസ്തു സ്ഥലമാനത്തിൽ വക്രത ഉണ്ടാക്കുന്നതുകൊണ്ട് ആ ഭാഗത്തൂടെ കടന്നുപോകുന്ന പ്രകാശ രശ്മികളിൽ ആ വക്രത പ്രകടമാകും എന്നും നമ്മുടെ കാഴ്ചയിൽ ഇത് മാറ്റം സൃഷ്ടിക്കും എന്നതുമായിരുന്നു ഐൻസ്റ്റീൻ നടത്തിയ പ്രവചനം. ഇതനുസരിച്ച് ആർതർ എഡിംഗ്ടണും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും 1919 മെയ് 29ലെ സമ്പൂർണ സൂര്യഗ്രഹണ സമയത്ത് അടുത്തുള്ള നക്ഷത്രങ്ങളുടെ സ്ഥാനത്ത് ദൃശ്യമാകുന്ന മാറ്റം രേഖപ്പെടുത്തുകയും ഐൻസ്റ്റീന്റെ സിദ്ധാന്തം ശരിയാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്തു.

ഐൻസ്റ്റീന്റെ തിയറി പ്രവചിച്ച ഒരു കാര്യം നിരീക്ഷിക്കാൻ കഴിഞ്ഞു എന്നതിൽനിന്നും ആ തിയറിയെ ശാസ്ത്രീയമായി അംഗീകരിച്ചു എന്നതാണ് നാം കണ്ടത്. എങ്കിൽ ഇതിൽനിന്നും ഇങ്ങനെ വിലയിരുത്താം:

1). ഒരു തിയറിയനുസരിച്ച് പ്രതീക്ഷിതമായ ഒരു വിവരം ലഭിച്ചു എന്നതുതന്നെ ആ തിയറിയെ ശാസ്ത്രീയമായി തെളിയിക്കുന്നു.
2) ഇസ്‌ലാം predict ചെയ്ത ഒട്ടനവധി കാര്യങ്ങളെ നാം പിന്നീട് നിരീക്ഷിക്കുന്നു.
3) ആയതിനാൽ ഒരു ശാസ്ത്രീയ സിദ്ധാന്തത്തിനും അവകാശപ്പെടാൻ കഴിയാത്തത്രയും യുക്തിഭദ്രത ഇസ്‌ലാമിനുണ്ട്.

**അധിക സാധ്യത**
(prior probability)

നിങ്ങൾക്ക് മുന്നിൽ രണ്ട് ജാറുകളുണ്ട്. ഒന്നിൽ മുഴുവൻ നീല ബോളുകളും രണ്ടാമത്തേതിൽ വളരെ കുറച്ച് നീല ബോളുകളും ബാക്കി ചുവന്ന ബോളുകളുമുണ്ട്. നിങ്ങൾക്ക് യാദൃച്ഛികമായി അവിടെ നിലത്തുനിന്ന് ഒരു നീല നിറമുള്ള പന്ത് കിട്ടി. അത് താഴെയെത്തിയത് ആദ്യത്തെ ജാറിൽ നിന്നാകാനാണോ രണ്ടാമത്തെ ജാറിൽനിന്നാകാനാണോ അധിക സാധ്യത?

ആദ്യത്തെ ജാറിൽനിന്ന് എന്ന തീരുമാനം ശരിയാകാനാണ് കൂടിയസാധ്യത. കാരണം നീല ബോളുകൾ അധികമുള്ളത് ആദ്യജാറിലാണ്. രണ്ടാമത്തേതിൽ ചുവന്ന ബോളുകളാണ് കൂടുതൽ എന്നതുകൊണ്ട് അതിൽനിന്ന് നീല ബോൾ ലഭിക്കാൻ കുറഞ്ഞ സാധ്യതയാണ് ഉള്ളത്. അതിനാൽ ലഭിച്ച നീലബോൾ ആദ്യജാറിൽ നിന്നെന്ന തീരുമാനം ശരിയാകാനാണു കൂടിയ സാധ്യത. അത് തിരഞ്ഞെടുക്കുന്നതാണ് യുക്തിഭദ്രം.

ഇനി പ്രപഞ്ചത്തിൽ നാം കാണുന്ന വിവരങ്ങൾക്ക് ദൈവം ഉണ്ടെങ്കിലാണോ ഇല്ലെങ്കിലാണോ അധിക സാധ്യത എന്ന് വിലയിരുത്താം. ഈ ലേഖന പരമ്പരയിൽ കൊടുത്ത തെളിവുകളെല്ലാം ദൈവമുണ്ട് എന്നും, അതിനാൽ ഇസ്‌ലാം ശരിയാണ് എന്നും സ്ഥാപിക്കുന്നു. അഥവാ പ്രയർ പ്രോബബിലിറ്റിയുടെ ഫിലോസഫിക്കൽ യുക്തിയനുസരിച്ച് ഇസ്‌ലാം സത്യമാകൽ അനിവാര്യമാണ്.

**സാമ്യതാ തത്ത്വം**
(Likely hood principle)

'x' ന്റെ മൂല്യമെന്ത് എന്നതാണ് ചോദ്യം. ഇതിന് ഉത്തരം നൽകാൻ ശ്രമിക്കുന്ന രണ്ട് തിയറികൾ ഉണ്ട്. ഒന്നാമത്തെ തിയറി(H1) അനുസരിച്ചുള്ള അനുമാനം പറയുന്നത് 'x'ന്റെ മൂല്യം ഒറ്റ സംഖ്യയായിരിക്കും എന്നാണ്. രണ്ടാമത്തെ തിയറി (H2) അനുസരിച്ച് 'x' ന്റെ മൂല്യം ഇരട്ട സംഖ്യയും ആയിരിക്കും!

ഇതിൽ ഏത് തിയറി പറയുന്നതാകും ശരി? നമുക്ക് ലഭിക്കുന്ന മറ്റു ഡാറ്റകൾ വെച്ചാണ് ഇനി ഏത് തിയറിയാകും ശരി എന്ന തീർപ്പിൽ എത്താനാവുക. ഉദാഹരണത്തിന് 'x'ന്റെ മൂല്യം നാലിൽ താഴെയാണ് (x<4) എന്നൊരു backround knowledge ലഭിച്ചുവെ

ന്ന് കരുതുക. ഇത് തിയറി ഒന്നിന് ($H_1$) തെളിവാണ്. എന്തുകൊണ്ടെന്നാൽ നാലിന് താഴെ ആകെയുള്ളത് മൂന്ന് സംഖ്യകളാണ്. 1,2,3 എന്നിവയാണവ. ഇതിൽ ഒരെണ്ണം മാത്രമാണ് ഇരട്ടസംഖ്യ. രണ്ടെണ്ണം ഒറ്റ സംഖ്യയാണ്. അഥവാ ഒറ്റ സംഖ്യയാകാനുള്ള സാധ്യതയാണ് കൂടുതൽ അല്ലെങ്കിൽ ഇരട്ടി. അപ്പോൾ തിയറി ഒന്ന് ($H_1$) ശരിയാകാൻ ഇരട്ടി സാധ്യതയുണ്ട്. അപ്പോൾ സംഖ്യ നാലിൽ താഴെയാണ് എന്ന വിവരം തിയറി ഒന്ന് ശരിയാകാനുള്ള സാധ്യത വർധിപ്പിക്കുന്നു എന്നതിന്റെ അർഥം ഈ വിവരം തിയറി ഒന്ന് ശരിയാണ് എന്നതിലേക്ക് വിരൽ ചൂണ്ടുന്ന evidence ആണെന്നാണ്. ഇങ്ങനെ ഒരു തിയറി ശരിയാകുന്നതിന്റെ സാമ്യത (likely to be true) വർധിപ്പിക്കുന്ന വിവരം ആ തിയറിക്കുള്ള evidence ആണ്. ഇങ്ങനെ ഒരുകൂട്ടം ശക്തമായ evidence ഉള്ള തിയറി അതനുസരിച്ച് ശക്തമാകുന്നു. അപ്പോൾ മുകളിൽ സ്ഥാപിച്ച തെളിവുകൾ അനുസരിച്ച് ഇസ്‌ലാം ബുദ്ധിപരമായും തത്ത്വശാസ്ത്രപരമായും സ്ഥാപിതമാവുന്നു.

**ഏകീകരണ സിദ്ധാന്തം**

(Principle of simple unification)

'ഒരു കൂട്ടം കാര്യങ്ങളെ വിശദീകരിക്കാൻ കഴിയുന്ന ഒരു അടിസ്ഥാന കാരണം ശരിയാകാനാണ് സംഭവ്യത കൂടുതൽ.' ഉദാ: ഒരു ബാങ്ക് കൊള്ളയടിക്കപ്പെട്ടു എന്ന് കരുതുക. കൊള്ളയടിക്കപ്പെട്ട അത്രയും തന്നെ തുക ജോണിന്റെ വീട്ടിൽനിന്നും ലഭിക്കുന്നു. ജോണിന്റെ വാഹനത്തിന് സമാനമായ വാഹനം തന്നെയാണ് കൊള്ളക്ക് ഉപയോഗിച്ചത് എന്നറിയുന്നു. കൊള്ളക്ക് വന്ന വ്യക്തി ഉപയോഗിച്ച തരത്തിലുള്ള മാസ്ക് ജോണിന്റെ കൈവശവും കാണുന്നു. ജോൺ കൊള്ള നടക്കുന്ന സമയത്ത് ബാങ്കിന്റെ പരിസരത്ത് ഉണ്ടായിരുന്നതായി ടെലിഫോൺ സിഗ്നൽ പരിശോധിച്ചപ്പോൾ മനസ്സിലായി, കൊള്ള നടത്തിയ ആൾക്കും ജോണിന്റെ അതേ ഉയരവും തടിയും ഉണ്ടെന്ന് ദൃശ്യങ്ങളിൽനിന്നും വ്യക്തമായി.

ഈ വിവരങ്ങളെ ഓരോന്നായി എടുത്താൽ അവയൊന്നും ജോൺ തന്നെയാണ് കൊള്ള നടത്തിയത് എന്ന് തെളിയിക്കുന്നില്ല. കൊള്ളയടിക്കപ്പെട്ടത് ഇരുപത് ലക്ഷമാണ് എന്നതുകൊണ്ട് അത്രയും തുക തന്നെ കൈയിൽ വെച്ചതിനു ജോൺ കുറ്റവാളിയാകുന്നില്ല. തന്റെ കൈയിലുള്ള മാസ്കിന് സമാനമായ ഒന്ന് ഉപയോഗിച്ച് ആരോ കൊള്ളനടത്തിയതിന് താൻ എങ്ങനെ പ്രതിയാകും എന്നും ജോണിന് ചോദിക്കാം. തന്റെ വാഹനം പോലെയുള്ള വാഹനമുള്ള വേറെ ആരെങ്കിലുമായിക്കൂടേ കുറ്റവാളി എന്നും ചോദിക്കാം. എന്നാൽ ജോൺ തന്നെയാണ് കുറ്റവാളി എന്ന് ഇത്തരം സന്ദർഭത്തിൽ നാം ഉറപ്പിക്കും. അതിന് ഉപയോഗിക്കുന്നത് unification എന്ന തത്ത്വമാണ്.

**ഒരു കൂട്ടം കാര്യങ്ങളെ വിശദീകരിക്കുന്ന ഏക കാരണമായിരിക്കും എപ്പോഴും ശരി. ഈ ലേഖന പരമ്പരയിൽ നൽകിയ തെളിവുകളെ വിശദീകരിക്കുന്ന ഒരേ കാരണം ഇസ്‌ലാം ശരിയാവുക മാത്രമാണ്.ആയതിനാൽ** unification method **അനുസരിച്ച് ഇസ്‌ലാം ശരിയായിരിക്കൽ യുക്തിപരമായി നിർബന്ധമാണ്.**



ജോൺ കുറ്റവാളിയാണെങ്കിൽ കാണേണ്ട ഇത്രയധികം വിവരങ്ങൾ യാദൃച്ഛികമായി കാണപ്പെടുന്നു എന്ന് വിശ്വസിക്കാൻ കഴിയില്ല. അങ്ങനെ സംഭവിക്കാൻ സാധ്യത കുറവാണ്. എന്നാൽ ജോൺ തന്നെയാണ് കുറ്റവാളിയെങ്കിൽ ഈ വിവരങ്ങളെല്ലാം സ്വാഭാവികമായും കാണേണ്ടവയാണ്. ഇവിടെ ഒരുകൂട്ടം കാര്യങ്ങളെ നേർക്കുനേരെ യോജിപ്പിക്കുന്ന, ഏകീകരിക്കുന്ന ഒരു വിശദീകരണമാണ് എടുക്കുക. ജോൺ ആണ് കൊള്ളനടത്തിയത് എന്ന വിശദീകരണം ഈ ഒരുകൂട്ടം വിവരങ്ങളെ എക്സ്പ്ലൈൻ ചെയ്യുന്നുണ്ട്. അതുകൊണ്ട് ആ ഒരു ഏകീകരണതത്ത്വത്തെ നാം എടുക്കണം.

സമാന സ്വഭാവത്തിൽ എല്ലാ വിഷയത്തിലും ഒരുകൂട്ടം കാര്യങ്ങളെ വിശദീകരിക്കാൻ കഴിയുന്ന ഒരു അടിസ്ഥാന കാരണമുണ്ടായിരിക്കും. അതായിരിക്കും ശരി. ഈ ഏകീകരണ സിദ്ധാന്തത്തെ ഉപയോഗിച്ചാൽ ഇങ്ങനെ ഉപസംഹരിക്കാം:

1) ഒരു കൂട്ടം കാര്യങ്ങളെ വിശദീകരിക്കുന്ന ഏക കാരണമായിരിക്കും എപ്പോഴും ശരി.
2) ഈ ലേഖന പരമ്പരയിൽ നൽകിയ തെളിവുകളെ വിശദീകരിക്കുന്ന ഒരേ കാരണം ഇസ്‌ലാം ശരിയാവുക മാത്രമാണ്.
3) ആയതിനാൽ unification method അനുസരിച്ച് ഇസ്‌ലാം ശരിയായിരിക്കൽ യുക്തിപരമായി നിർബന്ധമാണ്.

*(അവസാനിച്ചു)*

ലേഖനം



# ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ 04

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

സെക്കുലറിസം എന്ന ആശയത്തിന് നൽകപ്പെടേണ്ട വ്യാഖ്യാനങ്ങളെ കുറിച്ച് സംസാരിച്ചുകൊണ്ടു തുടങ്ങിയ ജസ്റ്റിസ് ഹേമന്ദ് ഗുപ്ത തുടർന്ന് ശിരോവസ്ത്രം നിരോധിച്ചുകൊണ്ട് സർക്കാർ പുറത്തിറക്കിയ ഉത്തരവിൽ യാതൊരു തകരാറുമില്ല എന്നാണ് പറഞ്ഞുവന്നത്. സെക്കുലറിസം ഒരു വ്യക്തിയുടെ വ്യക്തിപരമായ കാര്യങ്ങളിൽ ഒതുങ്ങി നിൽക്കണമെന്നും അത് പൊതുയിടങ്ങളിലേക്ക് വരുമ്പോൾ അതിനെ നിയന്ത്രിക്കാൻ സർക്കാറുകൾക്ക് ഭരണഘടന അധികാരം നൽകിയിട്ടുണ്ട് എന്നുമെല്ലാമാണ് അദ്ദേഹം നൽകുന്ന വ്യാഖ്യാനങ്ങൾ. ഒരു വിദ്യാലയത്തിൽ എല്ലാ വിദ്യാർഥികളും ഒരേ രൂപത്തിൽ വരിക എന്നതിലൂടെ സെക്കുലറിസത്തെ മാത്രമല്ല, ഡെമോക്രസിയെയും അതുവഴി വിദ്യാർഥികളിൽ വളർത്താൻ സാധിക്കുമെന്നതാണ് അദ്ദേഹം കണ്ടെത്തുന്ന ന്യായങ്ങൾ.

### ഭാരതസ്ത്രീയുടെ ഭാവശുദ്ധിയും ശിരോവസ്ത്രവും

ഹേമന്ദ് ഗുപ്ത പറഞ്ഞ ഈ ന്യായങ്ങൾ പ്രത്യക്ഷത്തിൽ ശരിയെന്ന് തോന്നിയേക്കാമെങ്കിലും ആഴത്തിൽ ചിന്തിക്കുമ്പോൾ അതിലെ അബദ്ധങ്ങൾ ബോധ്യപ്പെടും. വേഷം ഓരോരുത്തരുടെയും സാംസ്കാരിക ഭാവം കൂടിയാണ്. ഒരു ഇന്ത്യൻ വനിതയുടെ വസ്ത്രരീതികളിൽ തല മറയ്ക്കുക എന്നത് പൊതുവിൽ കടന്നുവരില്ലെങ്കിലും ഉടൽ മുഴുവൻ മറയുക എന്നത് ഏതൊരു ഭാരതസ്ത്രീയും അവരുടെ പാതിവ്രത്യമായി കരുതുന്ന കാര്യമാണ്. മാറിടം പ്രദർശിപ്പിച്ചോ തുടഭാഗങ്ങൾ പ്രദർശിപ്പിച്ചോ നടക്കുവാൻ മതഭേദമന്യെ ഇന്ത്യയിലെ ഒരു സ്ത്രീയും ഇഷ്ടപ്പെടില്ല. അതവരുടെ ഭാവശുദ്ധിയുടെയും ലജ്ജാശീലത്തിന്റെയും ഭാഗം കൂടിയാണ്. യൂറോപ്യൻ രാജ്യങ്ങളിൽ കഴിയുന്ന ഒരു ഭാരതസ്ത്രീ അവിടെയുള്ള സ്ഥാപനങ്ങളിൽ തുടഭാഗം പോലും പ്രദർശിപ്പിച്ചുകൊണ്ട് ജോലി ചെയ്യാൻ നിർബന്ധിപ്പിക്കപ്പെടുമ്പോൾ അവളിലുണ്ടാകുന്ന ധാർമിക-സദാചാര ബോധങ്ങൾ അതിനെതിരെ പ്രതികരിക്കാനോ ജോലിയിൽനിന്ന് മാറി നിൽക്കാനോ പ്രേരിപ്പിക്കുന്നു. ഉപജീവനത്തിന് വേണ്ടി നിർബന്ധിതമായ സാഹചര്യത്തിൽ ഒരുപക്ഷേ, ചിലർ ആ നിയമങ്ങൾ അനുസരിച്ചെന്നുവരാമെങ്കിലും ഒരിക്കലും അവർ അത്തരം വസ്ത്രങ്ങൾ ധരിക്കാൻ ഇഷ്ടപ്പെടില്ല എന്നതാണ് വാസ്തവം.

ഏതൊരു സ്ത്രീയോടും അവൾ ശീലിച്ചുവന്ന വസ്ത്രരീതികൾ ഉപേക്ഷിക്കാൻ ആവശ്യപ്പെടുമ്പോൾ അവളിലുള്ള പാതിവ്രത്യമാണ് ചോദ്യം ചെയ്യപ്പെടുന്നത്. സ്ഥിരമായി തല മറച്ച് ശീലിച്ച ഒരു പെൺകുട്ടിയെ പൊതുയിടങ്ങളിൽ തല തുറന്നിടാൻ നിർബന്ധിക്കുമ്പോൾ അവളിലുണ്ടാക്കുന്ന മാനസിക പ്രശ്നങ്ങളും ഇതുപോലെ തന്നെയാണ്. ഇത് മനസ്സിലാക്കാതെ 'തല മറച്ചില്ലെങ്കിൽ എന്ത് സംഭവിക്കാൻ' എന്ന് ചോദിക്കുന്നത് വിവേകപൂർണമല്ല. എല്ലാവരെയും ഒരേ രൂപത്തിൽ കൊണ്ടുവരിക എന്ന പുറമോടികൾകൊണ്ട് ഈ സാംസ്കാരിക ബോധത്തിനുമേൽ മറയിടാൻ സാധിക്കില്ല എന്നതാണ് വാസ്തവം.

### ബഹുസ്വരതയുടെ പൂന്തോട്ടമാണ് വിദ്യാലയം

മറ്റൊന്ന്, വൈവിധ്യപൂർണമായി പരിലസിക്കേണ്ട ഒരു പൂന്തോട്ടമാണ് വിദ്യാലയങ്ങൾ എന്ന സങ്കൽപത്തെ യൂണിഫോം എന്ന ആധുനിക വസ്ത്രസങ്കൽപം നിരാകരിക്കുന്നു എന്നതാണ്. മതേതരത്വവും ജനാധിപത്യവും ജ്വലിച്ചുനിന്നിരുന്ന പഴയ കാലങ്ങളിൽ സ്കൂളുകളിൽ യൂണിഫോം ഉണ്ടായിരുന്നില്ല. അതുകൊണ്ട് യൂണിഫോം മതനിരപേക്ഷ

ജനാധിപത്യബോധം വിദ്യാർഥികളിൽ വളർത്തിയെടുക്കാൻ അനിവാര്യമാണ് എന്ന വാദം തികച്ചും അതിശയോക്തിപരം മാത്രമാണ്. അത് യാഥാർഥ്യങ്ങളോട് നിരക്കുന്നതല്ല. അച്ചടക്കം എന്ന പേരിൽ മാത്രമാണ് വിദ്യാലയങ്ങളിൽ യൂണിഫോമുകൾ വന്നുതുടങ്ങിയത്. അച്ചടക്കത്തിന്റെ പേരിൽ അത് നടപ്പാക്കുന്നത് തെറ്റല്ല. എന്നാൽ വിദ്യാർഥികളുടെ മൗലികാവകാശങ്ങളെ ഹനിച്ചുകൊണ്ടാവാൻ പാടില്ല. വിവിധ മതങ്ങൾ വസിക്കുന്ന രാജ്യത്ത് എല്ലാവരുടെയും മതപരമായ സ്വത്വം പ്രകടമാകുമ്പോൾ മാത്രമാണ് അവിടെ ബഹുസ്വരത പ്രകടമാവുക. അതാണ് ഇന്ത്യയെന്ന മതതര പൂന്തോട്ടത്തിന്റെ ഭംഗിയെ പുറത്തുകൊണ്ടുവരിക. ജസ്റ്റിസ് ധൂലിയ പ്രകടിപ്പിച്ച ആശയവും ഇതായിരുന്നു. ഇതിനോടാണ് ജസ്റ്റിസ് ഹേമന്ദ് ഗുപ്ത പുറം തിരിഞ്ഞു നിൽക്കുന്നത്.

### ഹേമന്ദ് ഗുപ്തയും അഭിഭാഷകരുടെ വാദങ്ങളും

സർക്കാർ ഉത്തരവുകൾക്ക് ന്യായീകരണം ചമച്ചതിന് ശേഷം വിദ്യാർഥിനികൾക്കുവേണ്ടി ഹാജരായ അഭിഭാഷകർ ഉയർത്തിപ്പിടിച്ച വാദങ്ങളിലേക്കാണ് ഗുപ്ത പ്രവേശിച്ചത്. അഭിഭാഷകരുടെ വാദങ്ങളെ അദ്ദേഹം താഴെ നൽകിയ വിധത്തിലാണ് സംഗ്രഹിച്ചിട്ടുള്ളത്:

1) ശബരിമല കേസിന്റെ കൂടെ ഇതേ കേസും ഭരണഘടനയുടെ ആർട്ടിക്കിൾ 145(3) പ്രകാരം ഭരണഘടനാ ബെഞ്ചിന് റഫർ ചെയ്യണമോ?
2) യൂണിഫോമുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പാക്കാൻ സ്കൂൾ മാജേ്മെന്റിനെയോ കോളേജ് വികസന സമിതിയെയോ ഉത്തരവാദപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ? അങ്ങനെ അധികാരപ്പെടുത്തുന്നത് കർണാടക വിദ്യാഭ്യാസ ആക്റ്റിന്റെ 143ാം വകുപ്പിന് എതിരാകുമോ? (143ാം വകുപ്പ് പറയുന്നത് സർക്കാറിന്റെ കീഴിൽ വരുന്ന സമിതിയെ ഉത്തരവാദപ്പെടുത്താം എന്ന് മാത്രമാണ്).
3) 25ാം അനുച്ഛേദപ്രകാരം 'മനസ്സാക്ഷി'യുടെയും 'മത'ത്തിന്റെയും പേരിലുള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിന്റെ പരിധിയും വ്യാപ്തിയും എന്താണ്?
4) 25ാം അനുച്ഛേദപ്രകാരം അനിവാര്യമായ മതാചാരങ്ങളുടെ (Essential Religious Practice) പരിധിയും വ്യാപ്തിയും എന്താണ്?
5) അനുച്ഛേദം 19(1)(എ) പ്രകാരമുള്ള അഭിപ്രായസ്വാതന്ത്ര്യത്തിനുള്ള അവകാശവും ആർട്ടിക്കിൾ 21 പ്രകാരം സ്വകാര്യതയ്ക്കുള്ള അവകാശവും പരസ്പര വിരുദ്ധമാണോ, അതോ പരസ്പര പൂരകമാണോ? സർക്കാർ ഉത്തരവ് 21, 14 എന്നീ അനുച്ഛേദങ്ങളുടെ ഉദ്ദേശ്യങ്ങൾക്ക് വിരുദ്ധമാണോ?
6) ഭരണഘടനയുടെ ആമുഖത്തിൽ പറയുന്ന സാഹോദര്യം, അന്തസ്സ് എന്നിവയെയും 51-A (e), (f) എന്നിവയിൽ വിവരിച്ചിരിക്കുന്ന മൗലിക കർത്തവ്യങ്ങളെയും സർക്കാർ ഉത്തരവ് തടസ്സപ്പെടുത്തുന്നുണ്ടോ?
7) ശിരോവസ്ത്രം ധരിക്കുന്നത് ഒരു എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ് ആണെങ്കിൽ അതുപ്രകാരം ഒരു കുട്ടിക്ക് മതേതര സംവിധാനത്തിന് കീഴിൽ പ്രവർത്തിക്കുന്ന വിദ്യാലയത്തിൽ അതിനുള്ള അവകാശം നേടാൻ സാധിക്കുമോ?
8) ഇന്ത്യൻ പൗരനായ ഒരു വിദ്യാർഥിക്ക് സർക്കാർ വിദ്യാലയത്തിൽ വിദ്യാഭ്യാസം നേടാൻ ഭരണഘടനയുടെ 19, 21, 25 എന്നിവ അനുവദിക്കുന്ന മൗലികാവകാശങ്ങൾ ത്യജിക്കുക എന്നത് ഒരു മുൻകൂർ വ്യവസ്ഥയാണെന്ന് കരുതേണ്ടതുണ്ടോ?
9) മറ്റു വിദ്യാർഥികളുടെ അവകാശങ്ങൾ പരിഗണിക്കാതെ ഒരു നിശ്ചിത വിദ്യാർഥികൾക്ക് ശിരോവസ്ത്രം അനുവദിക്കാൻ ഭരണഘടനാപരമായി സർക്കാരിന് ബാധ്യതയുണ്ടോ?
10) സാക്ഷരതയും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള ഭരണഘടനയുടെ 21, 21A, 39(f), 41, 46, 51A എന്നീ അനുച്ഛേദങ്ങൾക്ക് വിരുദ്ധമാണോ സർക്കാർ ഉത്തരവ്?
11) എല്ലാ വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസത്തിന് തുല്യമായ പ്രവേശനം, മതേതരത്വത്തിന്റെ ധാർമിക വശങ്ങൾ, കർണാടക വിദ്യാഭ്യാസ ആക്റ്റിന്റെ ലക്ഷ്യങ്ങൾ എന്നിവക്ക് വിരുദ്ധമാണോ സർക്കാർ ഉത്തരവ്?

മുകളിൽ നൽകിയ ചോദ്യങ്ങൾക്കാണ് തുടർന്ന് ഹേമന്ദ് ഗുപ്ത മറുപടി കണ്ടെത്താൻ ശ്രമിക്കുന്നത്. അതിനായി അദ്ദേഹം സന്ദർഭോചിതമല്ലാത്ത വിവിധ കോടതി വിധികൾ ഉദ്ധരിച്ച് കൂടുതൽ ഉപന്യസിച്ചിട്ടുണ്ട്. ജസ്റ്റിസ് ധൂലിയ കേവലം 73 പേജുകളിൽ തന്റെ വിധിപ്രസ്താവം ചുരുക്കിയപ്പോൾ ഹേമന്ദ് ഗുപ്ത 140 പേജുകളാണ് ഉപയോഗിച്ചിട്ടുള്ളത്.

*അടുത്ത ലക്കത്തിൽ: ശബരിമല കേസും ശിരോവസ്ത്രവും.*

**ഏതൊരു സ്ത്രീയോടും അവൾ ശീലിച്ചുവന്ന വസ്ത്രരീതികൾ ഉപേക്ഷിക്കാൻ ആവശ്യപ്പെടുമ്പോൾ അവളിലുള്ള പാതിവ്രത്യമാണ് ചോദ്യം ചെയ്യപ്പെടുന്നത്. സ്ഥിരമായി തല മറച്ച് ശീലിച്ച ഒരു പെൺകുട്ടിയെ പൊതുയിടങ്ങളിൽ തല തുറന്നിടാൻ നിർബന്ധിക്കുമ്പോൾ അവളിലുണ്ടാക്കുന്ന മാനസിക പ്രശ്ങ്ങളും ഇതുപോലെ തന്നെയാണ്. ഇത് മനസ്സിലാക്കാതെ 'തല മറച്ചില്ലെങ്കിൽ എന്ത് സംഭവിക്കാൻ' എന്ന് ചോദിക്കുന്നത് വിവേകപൂർണമല്ല. എല്ലാവരെയും ഒരേ രൂപത്തിൽ കൊണ്ടുവരിക എന്ന പുറമോടികൾകൊണ്ട് ഈ സാംസ്കാരിക ബോധത്തിനുമേൽ മറയിടാൻ സാധിക്കില്ല എന്നതാണ് വാസ്തവം.**



# ഇസ്‌ലാം വിരുദ്ധ പ്രചാരകൻ ഇസ്‌ലാമിലേക്ക്

**മുബാറക് തിരൂർക്കാട്**

ഡച്ച് മുസ്‌ലിംവിരുദ്ധ നേതാവ് ജൊറംവാൻ ക്ലെവെറൻ ഡച്ച് പാർലമെന്റ് അംഗമായിരുന്നു. ഇസ്‌ലാം അപകടമാണെന്ന് സ്ഥാപിക്കാൻ പുസ്തകമെഴുതാൻ തീരുമാനിച്ച് വായനയും പഠനവും തുടങ്ങി. ആ പഠനം അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് എത്തിക്കുകയാണുണ്ടായത്. ആ കഥ അദ്ദേഹം പറയുന്നു:

“1979 ജനുവരി 23ന് ആംസ്റ്റർഡാമിലെ ഒരു സാധാരണ പ്രൊട്ടസ്റ്റന്റ് കുടുംബത്തിൽ ഞാൻ ജനിച്ചു. അച്ഛൻ, അമ്മ, സഹോദരന്മാർ, ഒരു സഹോദരി എന്നിവരാണ് കുടുംബാംഗങ്ങൾ. വീട്ടിലുള്ള ഒരു പൂച്ച കുടുംബാംഗത്തെ പോലെയായിരുന്നു. ക്രിസ്തീയ പ്രൊട്ടസ്റ്റന്റ് വിഭാഗം അനുവർത്തിച്ചിരുന്ന മത ശിക്ഷണങ്ങൾക്കനുസരിച്ചാണ് ഞാൻ വളർന്നുവന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഞാൻ മതതാരതമ്യപഠനം തെരഞ്ഞെടുത്തു. പഠനത്തിനുശേഷം ഞാൻ കുറച്ചുവർഷങ്ങൾ അധ്യാപകനായി ജോലി ചെയ്തു.

നെതർലാൻഡ്സിൽ അക്കാലത്ത് നടന്ന കുറെയേറെ സംഭവങ്ങൾ എന്നെ ചിന്തിപ്പിച്ചു. എന്റെ ജീവിതത്തിലും പല മാറ്റങ്ങൾ സംഭവിച്ചു. ഞാൻ രാഷ്ട്രീയ പ്രവർത്തനത്തിനിറങ്ങി. ഫ്രീഡം പാർട്ടിയുടെ ഭാഗമായി. ഞാൻ പാർലമെന്റിൽ അംഗമാകുകയും ചെയ്തു.

പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽ പെട്ട ഒരു കുടുംബാംഗമെന്ന നിലയ്ക്ക് ഞാൻ ബൈബിൾ വായിക്കാറുണ്ടായിരുന്നു. ബൈബിളിലെ പേരുകളാണ് ഞങ്ങൾക്കെല്ലാവർക്കുമുണ്ടായിരുന്നത്. ഞങ്ങൾ ജ്ഞാനസ്നാനം ചെയ്യപ്പെട്ടവരായിരുന്നു. ഞങ്ങളെല്ലാവരും പള്ളിയിൽ പോകാറുണ്ടായിരുന്നു. ഞങ്ങൾ പൂർണ ക്രിസ്ത്യാനികളായിരുന്നു. പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട്, സ്വർഗനരകങ്ങൾ, മാലാഖമാർ, വെളിപാടുകൾ ഇവയിലൊക്കെ ഞാൻ വിശ്വസിച്ചിരുന്നു. യേശുക്രിസ്തു ദൈവപുത്രനാണ് എന്നല്ല ദൈവംതന്നെയാണ് എന്ന് ഞാൻ വിശ്വസിച്ചു. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്, കുരിശിലേറൽ, പാപനിവൃത്തി ഇതിലെല്ലാം ഞാൻ വിശ്വസിച്ചിരുന്നു.

**അബ്ദുൽ ഹകീം മുറാദ് പറഞ്ഞ ഒരു ശ്രദ്ധേയമായ കാര്യം ഇതാണ്: 'നിങ്ങൾ വായിച്ച ഇസ്‌ലാം വിരുദ്ധമായ വാദങ്ങൾ ഉൾകൊള്ളുന്ന പുസ്തകങ്ങളെല്ലാം അമുസ്‌ലിംകൾ എഴുതിയതാണ്. ക്രിസ്തുമതത്തെ കുറിച്ച് കൂടുതൽ അറിയണമെങ്കിൽ നിങ്ങൾ നിരീശ്വരവാദികൾ എഴുതിയ പുസ്തകങ്ങളല്ല വായിക്കേണ്ടത്. ക്രിസ്ത്യാനികൾ എഴുതിയ പുസ്തകങ്ങളാണ്. ഇസ്‌ലാമിലെ പണ്ഡിതരും ഗുരുനാഥന്മാരും എഴുതിയ പുസ്തകങ്ങൾ വായിച്ചാണ് ഇസ്‌ലാമിനെ പറ്റി മനസ്സിലാക്കേണ്ടത്. ഒരേ വിഷയത്തിൽ മുസ്‌ലിം എഴുത്തുകാർ എഴുതിയതും അമുസ്‌ലിംകൾ എഴുതിയതും വായിച്ചാൽ വ്യത്യാസം വ്യക്തമാകും. പിഴവ് എവിടെയാണെന്ന് ഗ്രഹിക്കാനാകും.'**

എന്നാൽ ത്രിയേകത്വം വളരെ സങ്കീർണമായ ഒരാശയമായി എനിക്ക് തോന്നി. ഒന്ന് മൂന്നാണ്; മൂന്ന് ഒന്നാണ്...! ഉൾകൊള്ളാൻ വളരെ പ്രയാസമുള്ള ഒരു കാര്യംതന്നെയാണത്.

പതിനാറ്/പതിനേഴ് വയസ്സുള്ളപ്പോൾ എന്റെ സംശയങ്ങൾ ചോദ്യങ്ങളായി പുറത്തുവരാൻ തുടങ്ങി. യുക്തിസഹമാല്ലാത്ത അത്തരം വിഷയങ്ങളെ കുറിച്ച് പുരോഹിതന്മാരോട് ഞാൻ ചോദിച്ചു. പ്രഭാഷകന്മാരെയും ജൂത പണ്ഡിതരെയുമൊക്കെ ഞാൻ സമീപിച്ചു. അവരുടെ ഉത്തരങ്ങൾ എന്നെ തൃപ്തിപ്പെടുത്തിയില്ല. ഒടുവിൽ എനിക്ക് തോന്നി, ചോദ്യങ്ങളങ്ങ് നിർത്തിവെക്കാം. അവ മാറ്റിവെച്ച് ഇതൊക്കെയങ്ങ് വിശ്വസിക്കാം. തൽക്കാലം അങ്ങനെ സമാധാനപ്പെടാം. ദൈവം അനശ്വരനാണ്. എന്നാൽ മരിക്കുകയാണെങ്കിൽ അനശ്വരനായിരിക്കുക എന്നതെങ്ങനെ ശരിയാകും? സംശയങ്ങൾ ഞാൻ മാറ്റിവെച്ചു. ഇതെല്ലാം എനിക്ക് മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടായിരിക്കാം. അങ്ങനെയുമാകാമല്ലോ! എന്നാലും ഞാൻ ദൈവത്തിൽ വിശ്വസിച്ചു. യേശുക്രിസ്തു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വ്യക്തി തന്നെയാണ്. ദൈവപുത്രനാണദ്ദേഹം, പക്ഷേ, എങ്ങനെയാണത്? ഞാനത് വിട്ടുകളയാൻ തീരുമാനിച്ചു.

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മതതാരതമ്യ പഠനം തെരഞ്ഞെടുത്ത് കോളേജിലേക്കു പോയത് സെപ്റ്റംബർ 11, 2001ലായിരുന്നു എന്നത് വളരെ കൗതുകമാർന്ന ഒരു കാര്യമായിരുന്നു. ആ സംഭവത്തോടെ മുസ്‌ലിംകളെല്ലാം ഒരുതരം ഭ്രാന്തന്മാരാണെന്നും ഇസ്‌ലാം സത്യമേ അല്ല എന്നും ഞാൻ ചിന്തിച്ചു. (അമേരിക്കയിൽ ട്രേഡ് സെന്റർ തകർത്ത സംഭവമാണ് ഉദ്ദേശ്യം).

കുറച്ചു വർഷങ്ങൾക്കുശേഷം പ്രസിദ്ധ സിനിമ സംവിധായകനായ തിയോവാൻ ഗോഗ് തെരുവിൽ വെച്ച് കൊല്ലപ്പെട്ടു. വെടിവെച്ചശേഷം കൊലയാളികൾ അദ്ദേഹത്തിന്റെ കഴുത്തറുക്കാൻ ശ്രമിച്ചു. ആമാശയത്തിൽ കുത്തിയിറക്കിയ കത്തിയോടൊപ്പം യാൻ ഹിർശി അലി എന്ന പെൺകുട്ടിക്കുള്ള ഒരു കത്തും ഉണ്ടായിരുന്നുവെന്നും 'അടുത്തത് നീയാണ്' എന്ന് അതിലെഴുതിയിരുന്നുവെന്നും പറയപ്പെട്ടു. എന്നിലുള്ള ഇസ്‌ലാംവിരുദ്ധ വികാരങ്ങളെ അത് ബലപ്പെടുത്തി. ഈ തിന്മ നമ്മുടെ രാജ്യത്തെ അപായപ്പെടുത്താതിരിക്കാൻ എന്തെങ്കിലും ചെയ്യണം. അതിനു രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമാകേണ്ടതുണ്ട് എന്ന ചിന്തയിലേക്ക് ഞാൻ എത്തിച്ചേർന്നു.

ഇസ്‌ലാം ലോകത്തിനു ഭീഷണിയാണ് എന്ന് ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കാൻ ഒരു പു





**മക്കയിലെ അധികാരം പ്രവാചകന്റെ കൈയിലെത്തി. ഈ ചരിത്രം വായിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ ചിന്തിച്ചു; ഇനി ഹിന്ദിനെ പ്രവാചകൻ ശിക്ഷിക്കുമെന്ന്. പകരം ചെയ്യാനുള്ള അവസരമാണ്. എന്നാൽ അദ്ദേഹം എല്ലാവർക്കും മാപ്പ് കൊടുത്തു. ഇത് വല്ലാത്തൊരു സ്വഭാവമാണ്. അത്യുൽകൃഷ്ടമായ സ്വഭാവം. തുല്യതയില്ലാത്ത മാപ്പ് നൽകൽ. ചരിത്രത്തിൽ മറ്റെവിടെയും കാണാത്ത വിട്ടുവീഴ്ച. ആ പ്രവാചകന്റെ അനുപമ വ്യക്തിത്വം ഞാൻ കാണുന്നു. ശത്രുക്കളോട് പോലും അദ്ദേഹം പെരുമാറിയതെങ്ങനെയെന്നു ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹം സത്യപ്രവാചകൻ തന്നെ; ഒരു സംശയവുമില്ല. അതെ, ദൈവം ഏകനാണ്. അന്ത്യ പ്രവാചകനാണ് മുഹമ്മദ് നബി(സ്വ). ഞാനത് അംഗീകരിക്കുന്നു; പൂർണമായി. അന്നേരം ഞാൻ ക്വുർആൻ എടുത്ത് വെറുതെയൊന്ന് മറിച്ചുനോക്കി. അധ്യായം 22 ലെ 46ാം വചനം എന്റെ കണ്ണുകളിലുടക്കി: "കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്, മറിച്ച് ഹൃദയങ്ങളെയാണ്.''**

സ്തകം എഴുതണമെന്നു ഞാൻ തീരുമാനിച്ചു. പുസ്തകരചനയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠനവിധേയമാക്കിയപ്പോൾ ക്രിസ്തുമതത്തെ കുറിച്ച് എനിക്ക് മുമ്പുണ്ടായിരുന്ന സംശയങ്ങളും ചോദ്യങ്ങളും വീണ്ടും ഉയർന്നു വന്നു. ഞാനൊരു സത്യക്രിസ്ത്യാനിയായിട്ടാണല്ലോ വളർന്നുവന്നത്. അപ്പോൾ സത്യം എന്താണ് എന്നത് കൃത്യമായി ബോധ്യപ്പെടണം. ഇസ്‌ലാമിന്റെ അപകടാവസ്ഥയെ കുറിച്ചെഴുതാൻ ഇസ്‌ലാമിനെ പഠിക്കേണ്ടതുണ്ടല്ലോ. അങ്ങനെ പഠിച്ചപ്പോൾ, എനിക്ക് ക്രിസ്ത്യാനിസത്തെ പറ്റിയുണ്ടായിരുന്ന ചോദ്യങ്ങൾക്കെല്ലാം ഉത്തരങ്ങൾ ഇസ്‌ലാമിലുണ്ടെന്ന് ഞാൻ കണ്ടെത്തി.

ഞാൻ പുസ്തകമെഴുതിക്കൊണ്ടിരുന്നപ്പോൾ, അതൊരു രാഷ്ട്രീയ രചനയാണെന്നാണ് ഒരു പാടാളുകൾ ധരിച്ചുവെച്ചിരുന്നത്. എന്നാൽ, അതൊരു മതപരമായ രചനയായിരുന്നു. മതം എന്ന നിലയിൽ ഇസ്‌ലാമിനെ ജനങ്ങൾക്ക് കാണിച്ചുകൊടുക്കേണ്ടത് അത്യാവശ്യമായിരുന്നു.

ക്രിസ്ത്യൻ കാഴ്ചപ്പാടിലാണ് ഞാൻ ആ പുസ്തകമെഴുതിയത്. ക്രിസ്തുമതത്തിലെയും ഇസ്‌ലാമിലെയും ദൈവസങ്കൽപത്തെക്കുറിച്ച് ഞാൻ ഒരു താരതമ്യപഠനം നടത്തി. ത്രിയേകത്വത്തെ കുറിച്ച് എനിക്ക് നേരത്തെ സംശയങ്ങളുണ്ടായിരുന്നുവല്ലോ. ഇസ്‌ലാമിൽ ദൈവം ഏകനാണ്. ഏകത്വത്തെ കുറിച്ച് അറിഞ്ഞപ്പോൾ എനിക്കൊരു കാര്യം മനസ്സിലായി; ഇത് കൂടുതൽ യുക്തിസഹമാണ്. ബൈബിൾ ഒന്നുകൂടി വായിക്കാൻ ഞാൻ ഉറച്ചു. ഇസ്‌ലാമിലെ ഏകദൈവത്വം എന്ന ആശയം എന്തുകൊണ്ട് ക്രിസ്തുമതത്തിൽ ഇല്ല എന്ന് ഞാൻ ചിന്തിച്ചു. അത് ശരിക്കൊന്നു പഠിച്ച് വിലയിരുത്തണം. പഴയനിയമം വായിച്ചുകൊണ്ടിരുന്നപ്പോൾ അതിൽ എന്താണ് പ്രവാചകൻ പറഞ്ഞത് എന്നു ഞാൻ കണ്ടു. ഒരു ദൈവം മാത്രമേയുള്ളൂ; ഏകദൈവം. അങ്ങനെയാണെങ്കിൽ പുതിയനിയമത്തിലെ യേശുവിന്റെ വാക്കുകൾ ഞാൻ പരിശോധിച്ചു. പുതിയ നിയമത്തിൽ ഒരു കഥയുണ്ട്. ഒരാൾ യേശുവിന്റെയടുക്കൽ വന്നു ചോദിച്ചു: "ജീവിതത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യം എന്താണ്? എനിക്കെങ്ങനെ പറുദീസ നേടാൻ കഴിയും?" യേശു പറഞ്ഞു: "രണ്ടു കാര്യങ്ങളാണ് ഉള്ളത്. ഇസ്രായേൽ സമൂഹമേ, കേൾക്കൂ! നിങ്ങളുടെ ദൈവം ഏകനാണ്, നീ പരിഗണിക്കപ്പെടേണ്ടത് പോലെ നിന്റെ അയൽക്കാരനെയും നീ പരിഗണിക്കുക."

അപ്പോൾ പുതിയനിയമത്തിലും പഴയനിയമത്തിലും ദൈവം ഏകനാണ്. മുസ്‌ലിംകളുടെ ദൈവ സങ്കൽപം യുക്തിപരമാണ്. ഒരു മതം എന്ന നിലയിൽ ക്രിസ്തുമതത്തിന്റെ അധ്യാപനങ്ങൾ മറ്റൊരു തരത്തിലാണല്ലോ. എന്നാൽ ബൈബിളിൽ കാണുന്ന ദൈവസങ്കൽപം അതല്ല. പലതരത്തിലുള്ള പുസ്തകങ്ങൾ ഞാൻ നോക്കി. ആഴ്ചകൾ നീണ്ടുനിന്ന പഠനത്തിനുശേഷം ദൈവത്തിന്റെ ഏകത്വം സത്യമായിരിക്കാമെന്ന് എനിക്കു തോന്നി.

ഞാനാകെ സ്തംഭിച്ചുപോയി. പ്രാമാണികരായ പണ്ഡിതന്മാർക്ക് ഞാൻ കത്തെഴുതാൻ തുടങ്ങി. മതപരമായ ഇത്തരം കാര്യങ്ങളെ കുറിച്ചാണ് ഞാൻ അവരോടന്വേഷിച്ചത്. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി

യിലെ പ്രൊഫസർ ശൈഖ് അബ്ദുൽ ഹകീം മുറാദിന് ഞാൻ എഴുതി. ഞാൻ കാര്യങ്ങൾ തുറന്ന് പറഞ്ഞു. ഇസ്‌ലാംവിരുദ്ധ പുസ്തകം എഴുതിക്കൊണ്ടിരിക്കുകയാണ് എന്നും ഞാൻ വ്യക്തമാക്കി. ഇസ്‌ലാം എന്തുകൊണ്ട് തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നു, എന്തുകൊണ്ട് സ്ത്രീവിരുദ്ധമാകുന്നു എന്നിങ്ങനെ...

ആഴ്ചകൾക്കു ശേഷം വിശദമായ ഒരു മറുപടി എനിക്കദ്ദേഹം അയച്ചുതന്നു. അതിൽ അദ്ദേഹം കാര്യങ്ങൾ വ്യക്തമായി വിശദീകരിച്ചിരുന്നു. എന്റെ ഒരുപാട് ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ എനിക്ക് ലഭിച്ചു. ഇന്നയിന്ന ലേഖനങ്ങൾ വായിക്കണം, ഇന്നയിന്ന പുസ്തകങ്ങൾ വായിക്കണം എന്ന് അദ്ദേഹം നിർദേശിക്കുകയും ചെയ്തു.

അങ്ങനെ ആ ലേഖനങ്ങളും പുസ്തകങ്ങളും ഞാൻ വായിച്ചു. പഴയനിയമത്തിലെ പ്രവാചകന്മാരെയും മുഹമ്മദ് നബിയെയും തമ്മിൽ താരതമ്യ പഠനം നടത്തി. അവരൊക്കെ പ്രവാചകന്മാരാണെങ്കിൽ അദ്ദേഹവും പ്രവാചകൻ തന്നെയാണെന്ന് എനിക്ക് ബോധ്യമായി. അദ്ദേഹം പ്രവാചകനല്ല എന്ന് വാദിക്കാൻ എന്റെയടുക്കൽ ഒരു ന്യായവുമില്ലയിരുന്നു. മോശയെ എനിക്ക് അംഗീകരിക്കാമെങ്കിൽ, മുഹമ്മദിനെ പ്രവാചകനായി അംഗീകരിക്കാതിരിക്കാൻ എന്താണ് കാരണം? അദ്ദേഹം പ്രവാചകനല്ല എന്ന് ഞാൻ മുമ്പ് അംഗീകരിക്കാതിരിക്കാൻ കാരണമെന്തായിരുന്നു എന്ന് ഞാനാലോചിച്ചു. ഒരുപക്ഷേ, അദ്ദേഹത്തിന് ഒരുപാട് ഭാര്യമാരുണ്ടായിരുന്നു എന്നതാണോ? എന്നാൽ സോളമൻ, ദാവീദ്, അബ്രഹാം എന്നിങ്ങനെ പഴയനിയമത്തിലെ ഒരുപാടു പേർക്ക് കൂടുതൽ ഭാര്യമാർ ഉണ്ടായിരുന്നല്ലോ. യുറോപ്പ്, ഏഷ്യ, ആഫ്രിക്ക... എല്ലായിടത്തും കൂടുതൽ ഭാര്യമാരുള്ള എത്രയോ പേർ ഉണ്ട് എന്നു കാണാം. അതിനാൽ അതൊരു വിഷയമായി പരിഗണിക്കേണ്ടതേ അല്ല എന്നെനിക്ക് മനസ്സിലായി. അങ്ങനെ വിഷയങ്ങളോരോന്നും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്.

പ്രവാചകന്മാരെ എല്ലാവരെയും അംഗീകരിക്കേണ്ടിവരും. അവർ പ്രവർത്തിച്ചതും പറഞ്ഞതുമായ കാര്യങ്ങൾ, സംഭവിച്ച അത്ഭുതങ്ങൾ എല്ലാം സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ അവർ പ്രവാചകന്മാർ തന്നെയാണ്. അങ്ങനെയാണെങ്കിൽ മുഹമ്മദ് നബിയും ഒരു പ്രവാചകൻ തന്നെയായിരിക്കണം. ഞാൻ അതിനെക്കുറിച്ച് സംശയത്തിലായിരുന്നു. ആദ്യം പ്രവാചകനെ തള്ളിക്കളഞ്ഞു. പിന്നെ സംശയിച്ചു. പഠനം തുടർന്നു. പിന്നെ പോകെ പോകെ അദ്ദേഹം ദൈവദൂതൻ തന്നെയാണെന്ന ബോധ്യത്തിലെത്തിച്ചേർന്നു.

വീണ്ടും ഒരുപാട് പുസ്തകങ്ങൾ വായിച്ചു. അബ്ദുൽ ഹകീം മുറാദ് പറഞ്ഞ ഒരു ശ്രദ്ധേയമായ കാര്യം ഇതാണ്: 'നിങ്ങൾ വായിച്ച ഇസ്‌ലാം വിരുദ്ധമായ വാദങ്ങൾ ഉൾകൊള്ളുന്ന പുസ്തകങ്ങളെല്ലാം അമുസ്‌ലിംകൾ എഴുതിയതാണ്. ക്രിസ്തുമതത്തെ കുറിച്ച് കൂടുതൽ അറിയണമെങ്കിൽ നിങ്ങൾ നിരീശ്വരവാദികൾ എഴുതിയ പുസ്തകങ്ങളല്ല വായിക്കേണ്ടത്. ക്രിസ്ത്യാനികൾ എഴുതിയ പുസ്തകങ്ങളാണ്. ഇസ്‌ലാമിലെ പണ്ഡിതരും ഗുരുനാഥന്മാരും എഴുതിയ പുസ്തകങ്ങൾ വായിച്ചാണ് ഇസ്‌ലാമിനെ പറ്റി മനസ്സിലാക്കേണ്ടത്. ഒരേ വിഷയത്തിൽ മുസ്‌ലിം എഴുത്തുകാർ എഴുതിയതും അമുസ്‌ലിംകൾ എഴുതിയതും വായിച്ചാൽ വ്യത്യാസം വ്യക്തമാകും. പിഴവ് എവിടെയാണെന്ന് ഗ്രഹിക്കാനാകും.'

മുഹമ്മദ് നബി(സ)യെ കുറിച്ച് മാർട്ടിൻ ലിങ്ക്സ് എഴുതിയ The Life Of The Prophet എന്ന പുസ്തകം ഞാൻ വായിച്ചു. ഇസ്‌ലാം ആശ്ലേഷിച്ച ഒരു വ്യക്തി എഴുതിയ ഗ്രന്ഥമാണത്. അദ്ദേഹത്തിന്റെ യുക്തിപരമായ ശൈലി എന്നെ ആകർഷിച്ചു. പ്രവാചകനെ കുറിച്ച് എന്റെ മനസ്സിലുണ്ടായിരുന്ന ചിത്രം മാറ്റിമറിച്ച പുസ്തകമായിരുന്നു അത്. ഏറ്റവും നല്ല മാതൃക സൃഷ്ടിച്ച ഒരു പിതാവായി, സുഹൃത്തായി, അധ്യാപകനായി, നേതാവായി...അങ്ങനെ പല ഭാവങ്ങളിൽ ഞാനദ്ദേഹത്തെ കണ്ടു. ആ സ്വഭാവവൈശിഷ്ട്യം എന്റെ മനസ്സിൽ പതിഞ്ഞു. കൂടുതൽ വായിക്കാനും പഠിക്കാനും അറിയാനും അത് പ്രേരകമായി.

അബൂസുഫ്‌യാന്റെ ഭാര്യയായ ഹിന്ദിന്റെ ചരിത്രം എന്നെ വിസ്മയിപ്പിച്ചു. പ്രവാചകന്റെ പ്രിയപ്പെട്ട ബന്ധുവായ ഹംസയെ കൊല്ലിച്ചത് ഹിന്ദ് ആയിരുന്നു. രണാങ്കണത്തിൽ അദ്ദേഹത്തിന്റെ മൃതദേഹം പിച്ചിച്ചീന്തി. വിവരങ്ങളറിഞ്ഞു പ്രവാചകൻ ദുഖിതനായി. ഏതാനും വർഷങ്ങൾക്കുശേഷം പ്രവാചകന് അധികാരം ലഭിച്ചു. മക്കയിലെ അധികാരം അദ്ദേഹത്തിന്റെ കൈയിലെത്തി. ഈ ചരിത്രം വായിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ ചിന്തിച്ചു; ഇനി ഹിന്ദിനെ പ്രവാചകൻ ശിക്ഷിക്കുമെന്ന്. പകരം ചെയ്യാനുള്ള അവസരമാണ്. എന്നാൽ അദ്ദേഹം എല്ലാവർക്കും മാപ്പ് കൊടുത്തു.

ഇത് വല്ലാത്തൊരു സ്വഭാവമാണ്. അത്യുൽകൃഷ്ടമായ സ്വഭാവം. തുല്യതയില്ലാത്ത മാപ്പ് നൽകൽ. ചരിത്രത്തിൽ മറ്റെവിടെയും കാണാത്ത വിട്ടുവീഴ്ച. ആ പ്രവാചകന്റെ അനുപമ വ്യക്തിത്വം ഞാൻ കാണുന്നു. ശത്രുക്കളോട് പോലും അദ്ദേഹം പെരുമാറിയതെങ്ങനെയെന്നു ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹം സത്യപ്രവാചകൻ തന്നെ; ഒരു സംശയവുമില്ല.

അതെ, ദൈവം ഏകനാണ്. അന്ത്യ പ്രവാചകനാണ് മുഹമ്മദ് നബി(സ). ഞാനത് അംഗീകരിക്കുന്നു; പൂർണമായി. അന്നേരം ഞാൻ ഖുർആൻ എടുത്ത് വെറുതെയൊന്ന് മറിച്ചുനോക്കി. അധ്യായം 22 ലെ 46ാം വചനം എന്റെ കണ്ണുകളിലുടക്കി: "കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്, മറിച്ച് ഹൃദയങ്ങളെയാണ്'."

ശരിയാണ്; വളരെ ശരിയാണ്! എന്റെ ജീവിതം അതിനു സാക്ഷിയാണ്.

# സൂറ: അസ്സുമർ
## (കൂട്ടങ്ങൾ)
(മക്കയിൽ അവതരിച്ചത്)

അധ്യായം 39

**അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി**
**വിവർത്തനം: ഹാരിസ് ബിൻ സലീം**
**:95444 92089**

وَإِذَا مَسَّ ٱلْإِنسَٰنَ ضُرٌّ دَعَا رَبَّهُۥ مُنِيبًا إِلَيْهِ ثُمَّ
إِذَا خَوَّلَهُۥ نِعْمَةً مِّنْهُ نَسِىَ مَا كَانَ يَدْعُوٓا۟
إِلَيْهِ مِن قَبْلُ وَجَعَلَ لِلَّهِ أَندَادًا لِّيُضِلَّ عَن
سَبِيلِهِۦ ۚ قُلْ تَمَتَّعْ بِكُفْرِكَ قَلِيلًا ۖ إِنَّكَ مِنْ
أَصْحَٰبِ ٱلنَّارِ ٨

أَمَّنْ هُوَ قَٰنِتٌ ءَانَآءَ ٱلَّيْلِ سَاجِدًا وَقَآئِمًا
يَحْذَرُ ٱلْءَاخِرَةَ وَيَرْجُوا۟ رَحْمَةَ رَبِّهِۦ ۗ قُلْ هَلْ
يَسْتَوِى ٱلَّذِينَ يَعْلَمُونَ وَٱلَّذِينَ لَا يَعْلَمُونَ ۗ إِنَّمَا
يَتَذَكَّرُ أُو۟لُوا۟ ٱلْأَلْبَٰبِ ٩

8. മനുഷ്യന് വല്ല വിഷമവും ബാധിച്ചാൽ അവൻ തന്റെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങിക്കൊണ്ട് പ്രാർഥിക്കും. എന്നിട്ട് തന്റെ പക്കൽനിന്നുള്ള വല്ല അനുഗ്രഹവും അല്ലാഹു അവന്ന് പ്രദാനം ചെയ്താൽ ഏതൊന്നിനായി അവൻ മുമ്പ് പ്രാർഥിച്ചിരുന്നുവോ അതവൻ മറന്നുപോകുന്നു. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് വഴിതെറ്റിച്ച് കളയുവാൻ വേണ്ടി അവന്ന് സമന്മാരെ സ്ഥാപിക്കുകയും ചെയ്യുന്നു. (നബിയേ,) പറയുക: നീ അൽപകാലം നിന്റെ ഈ സത്യനിഷേധവും കൊണ്ട് സുഖിച്ചുകൊള്ളുക. തീർച്ചയായും നീ നരകാവകാശികളുടെ കൂട്ടത്തിലാകുന്നു.
9. അതല്ല, പരലോകത്തെപ്പറ്റി ജാഗ്രത പുലർത്തുകയും, തന്റെ രക്ഷിതാവിന്റെ കാരുണ്യം ആശിക്കുകയും ചെയ്തു കൊണ്ട് സാഷ്ടാംഗം ചെയ്തും നിന്നു പ്രാർഥിച്ചും രാത്രി സമയങ്ങളിൽ കീഴ്വണക്കം ചെയ്യുന്നവനോ (അതല്ല സത്യനിഷേധിയോ ഉത്തമൻ?) പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാന്മാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ.

قُلۡ يَٰعِبَادِ ٱلَّذِينَ ءَامَنُواْ ٱتَّقُواْ رَبَّكُمۡۚ لِلَّذِينَ
أَحۡسَنُواْ فِي هَٰذِهِ ٱلدُّنۡيَا حَسَنَةٞۗ وَأَرۡضُ ٱللَّهِ
وَٰسِعَةٌۗ إِنَّمَا يُوَفَّى ٱلصَّٰبِرُونَ أَجۡرَهُم بِغَيۡرِ حِسَابٖ
١٠

10. പറയുക: വിശ്വസിച്ചവരായ എന്റെ ദാസന്മാരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഈ ഐഹികജീവിതത്തിൽ നന്മ പ്രവർത്തിച്ചവർക്കാണ് സൽഫലമുള്ളത്. അല്ലാഹുവിന്റെ ഭൂമിയാകട്ടെ വിശാലമാകുന്നു. ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റി കൊടുക്കപ്പെടുന്നത്.

8). അല്ലാഹു തന്റെ ദാസന് ചെയ്തുകൊടുക്കുന്ന അനുഗ്രഹത്തെയും കാരുണ്യത്തെയും സുകൃതത്തെയും കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. അതിൽ അവൻ കാണിക്കുന്ന നന്ദിയില്ലായ്മ എടുത്തുപറയുകയും ചെയ്യുന്നു. രോഗമായിട്ടോ ദാരിദ്ര്യമായിട്ടോ വല്ല ബുദ്ധിമുട്ടും ബാധിക്കുകയോ കടലിൽ വല്ല പ്രയാസങ്ങളിൽ ചെന്നുപെടുകയോ ചെയ്താൽ അവനറിയാം, അപ്പോൾ അല്ലാഹുവിനല്ലാതെ ആർക്കും രക്ഷപ്പെടുത്താനാവില്ലെന്ന്. അന്നേരം അവൻ മനഃസ്താപത്തോടെ വിനയാന്വിതനായി അല്ലാഹുവോട് പ്രാർഥിക്കും. തനിക്കുവന്ന വിപത്ത് നീങ്ങിക്കിട്ടാൻ സഹായം തേടുകയും അതിലവൻ നിർബന്ധം പിടിക്കുകയും ചെയ്യും. (എന്നിട്ട് അവന് പ്രദാനം ചെയ്താൽ) അല്ലാഹു. (തന്റെ പക്കൽനിന്നുള്ള വല്ല അനുഗ്രഹവും) അവന്റെ ബുദ്ധിമുട്ടും പ്രയാസവും നീക്കിക്കൊടുത്തുകൊണ്ട്. (ഏതൊന്നിനായി അവൻ മുമ്പ് പ്രാർഥിച്ചിരുന്നുവോ അതവൻ മറന്നുപോകുന്നു) ഏതൊരു പ്രയാസം നീങ്ങു ന്നതിന് വേണ്ടിയായിരുന്നുവോ അവൻ പ്രാർഥിച്ചിരുന്നത് അതവൻ മറന്നുപോകുന്നു. അത്തരമൊരു പ്രയാസം അവന് വന്നിട്ടില്ലാത്തതുപോലെ അവൻ കടന്നുപോകുന്നു. അവന്റെ പഴയ ശിർക്കിൽതന്നെ അവൻ തുടരുകയും ചെയ്യുന്നു.

(അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് വഴിതെറ്റിച്ചുകളയുവാൻവേണ്ടി അവന്ന് സമന്മാരെ സ്ഥാപിക്കുകയും ചെയ്യുന്നു) സ്വയം വഴിപിഴച്ചുപോകാനും മറ്റുള്ളവരെ വഴിതെറ്റിക്കാനും. വഴിതെറ്റിക്കലും സ്വയം വഴിതെറ്റലിന്റെ ഭാഗം തന്നെയാണ്. അവർ സ്വയം വഴിതെറ്റിക്കപ്പെടുന്നു എന്ന വസ്തുതയെ സൂചിപ്പിക്കാൻ വേണ്ടി വഴി തെറ്റിക്കപ്പെടുന്നതിന്റെ ഫലം എന്താണെന്ന് ഈ വചനം സൂചിപ്പിക്കുന്നു. (നബിയേ പറയുക) അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധത്തിന് കാരണമാക്കി മാറ്റിയ ഈ ധിക്കാരിയോട് പറയുക. (നീ അൽപകാലം നിന്റെ ഈ സത്യനിഷേധവുംകൊണ്ട് സുഖിച്ചുകൊള്ളുക. തീർച്ചയായും നീ നരകാവകാശികളുടെ കൂട്ടത്തിലാകുന്നു). ഈ സുഖം കൊണ്ട് എന്ത് പ്രയോജനം; ചെന്നെത്തുന്നത് നരകത്തിലേക്കാണെങ്കിൽ?

أَفَرَءَيۡتَ إِن مَّتَّعۡنَٰهُمۡ سِنِينَ ٢٠٥ ثُمَّ
جَآءَهُم مَّا كَانُواْ يُوعَدُونَ ٢٠٦ مَآ أَغۡنَىٰ عَنۡهُم
مَّا كَانُواْ يُمَتَّعُونَ ٢٠٧

"എന്നാൽ നീ ആലോചിച്ചിട്ടുണ്ടോ? നാം അവർക്ക് കുറെ കൊല്ലങ്ങളോളം സുഖസൗകര്യം നൽകിയെങ്കിൽ അനന്തരം അവർക്ക് താക്കീത് നൽകപ്പെട്ടുകൊണ്ടിരിക്കുന്ന ശിക്ഷ അവർക്ക് വരികയും ചെയ്തു. അവർക്ക് നൽകപ്പെട്ടിരുന്ന ആ സുഖസൗകര്യങ്ങൾ അവർക്കൊരു പ്രയോജനവും ചെയ്യുമായിരുന്നില്ല. 26:205- 207).

9). അല്ലാഹുവിനെ അനുസരിച്ച് പ്രവർത്തിക്കുന്നവനും അല്ലാത്തവരും തമ്മിലുള്ള വ്യത്യാസവും പണ്ഡിതരും അറിവില്ലാത്തവരും തമ്മിലുള്ള അന്തരവും ഇവിടെ പരാമർശിക്കുന്നു. ഈ കാര്യങ്ങൾ ജനങ്ങൾക്ക് പെട്ടെന്ന് ഗ്രഹിക്കാൻ കഴിയുന്നവയാണ്. അതിന്റെ വ്യത്യാസം ശരിക്കും മനസ്സിലാക്കാൻ കഴിയും. തന്റെ രക്ഷിതാവിനെ അനുസരിക്കാതിരിക്കുകയും ഇച്ഛകളെ പിൻപറ്റുകയും ചെയ്യുന്നവൻ അല്ലാഹുവിന് കീഴ്പ്പെട്ട് ഭക്തി കാണിക്കുന്നവനെപ്പോലെയല്ല. അല്ലാഹുവിനെ അനുസരിക്കുന്നവൻ ഏറ്റവും ഉത്തമമായ ആരാധന ചെയ്യുന്നവനാണ്. അതിലേറ്റവും ശ്രേഷ്ഠം നമസ്കാരവും. അത് രാത്രിയിലാകുമ്പോൾ കൂടുതൽ നല്ലത്. ധാരാളം സൽകർമം ചെയ്യുന്നതിന്റെ മഹത്ത്വം പറഞ്ഞതിനുശേഷം

ഭക്തിയും പ്രതീക്ഷയും ഉണ്ടാവേണ്ടതിനെക്കുറിച്ചാണ് തുടർന്ന് പറഞ്ഞത്. ഭയമെന്നത് പരലോക ശിക്ഷയെക്കുറിച്ചാണ്, പാപങ്ങൾ ചെയ്തുപോയതുകൊണ്ട് ഉണ്ടായേക്കാവുന്ന ശിക്ഷ. പ്രതീക്ഷയാകട്ടെ അല്ലാഹുവിന്റെ കാരുണ്യത്തിലും. ഇവിടെ പ്രത്യക്ഷവും പരോക്ഷവുമായ രണ്ടുവിധം പ്രവർത്തനങ്ങളെയും പറയുന്നു.

(അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ?) തന്റെ രക്ഷിതാവിനെക്കുറിച്ചും മതനിയമങ്ങളും പ്രതിഫലങ്ങളെക്കുറിച്ചും അതിന്റെ സാരങ്ങൾ അറിയുന്നവരും. (അറിവില്ലാത്തവരും) ഈ പറഞ്ഞതൊന്നും അറിയാത്തവർ, ഇവരും അവരും സമമല്ല. രാത്രിയും പകലും, ഇരുളും വെളിച്ചവും, തീയും വെള്ളവും സമമല്ലാത്തപോലെ. (ആലോചിച്ച് മനസ്സിലാക്കുന്നത്) ഉദ്ബോധിപ്പിക്കുമ്പോൾ. (ബുദ്ധിയുള്ളവർ മാത്രം) സാമർഥ്യവും സംസ്കാരവുമുള്ളവർ; അവർ താഴ്ന്നതിനുപകരം ഉന്നതമായതിനെ തെരഞ്ഞെടുക്കുന്നു. അജ്ഞതയെക്കാൾ അറിവിന് പ്രാധാന്യം നൽകുന്നു. അനസുരണക്കേടല്ല, അല്ലാഹുവിനെ അനുസരിക്കുകയാണവർ ചെയ്യുന്നത്. അവർക്ക് ബുദ്ധിയുണ്ട്. പരിണതികളെക്കുറിച്ചുള്ള ചിന്ത അവരെ ശരിയിലേക്ക് നയിക്കുന്നു. ബുദ്ധിയില്ലാത്തവരാകട്ടെ, തങ്ങളുടെ ദേഹേച്ഛകളെ സ്വീകരിക്കുന്നു.

10). ഉത്തമരായ സൃഷ്ടികളെ വിളിച്ച് പ്രവാചകരേ, താങ്കൾ പറയുക. അവരാണ് യഥാർഥ വിശ്വാസികൾ. ഏറ്റവും ഉത്തമമായത് അവരോട് കൽപിക്കുക. അത് ധർമനിഷ്ഠയാണ്. തക്വയുണ്ടാകാനാവശ്യമായ കാര്യങ്ങൾ അവരെ ഉദ്ബോധിപ്പിക്കുക. അല്ലാഹുവാണ് സംരക്ഷിക്കുന്നതെന്നും, അവൻ തരുന്ന അനുഗ്രഹങ്ങൾ അവനെ സൂക്ഷിച്ച് ജീവിക്കാൻ പ്രേരണയാകണമെന്നും, ഈമാനെന്ന ഏറ്റവും വലിയ അനുഗ്രഹം അവൻ തന്നു എന്നതും തക്വയോടെ ജീവിക്കാൻ ബാധ്യതപ്പെട്ട ഒരനുഗ്രഹമാണ്. 'ഓ ഔദാര്യവാനേ, നീ ധർമം ചെയ്യുക,' 'ധീരനേ നീ പോരാടുക' എന്നെല്ലാം പറയുന്നതുപോലെ.

ഇഹലോകത്ത് പ്രതിഫലം ലഭിക്കും എന്നതും ഓർമപ്പെടുത്തണം. (ഈ ഐഹിക ജീവിതത്തിൽ നന്മ പ്രവർത്തിച്ചവർക്ക്) തങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുന്നതിലൂടെ (നന്മ) വിശാലമായ ഉപജീവനവും സമാധാനമുള്ള മനസ്സും വിശാല ഹൃദയവും. അല്ലാഹു പറയുന്നു:

مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ
مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്നപക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്" (16:97).

(അല്ലാഹുവിന്റെ ഭൂമിയാകട്ടെ വിശാലമാകുന്നു) ഒരു പ്രദേശത്ത് ആരാധന ചെയ്യുന്നതിൽ നിന്ന് നിങ്ങൾ തടയപ്പെട്ടാൽ മറ്റൊരു സ്ഥലത്തേക്ക് നിങ്ങൾ പലായനം ചെയ്യുക. അവിടെവെച്ച് നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുവാനും ദീനനുസരിച്ച് നിലകൊള്ളാനും സൗകര്യപ്പെടും. (ഈ ഐഹിക ജീവിതത്തിൽ നന്മ പ്രവർത്തിച്ചവർക്കാണ് സദ്ഫലമുള്ളത്) നന്മ പ്രവർത്തിച്ചവർക്കെല്ലാം ദുനിയാവിൽ നല്ലതുവരുമെന്ന് ഇവിടെ പൊതുവായി പറയുന്നു.

എന്നാൽ പീഡിത ജനങ്ങൾ താമസിക്കുന്ന സ്ഥലത്തോ? അവർക്ക് നന്മ ലഭിക്കുന്നില്ലല്ലോ? ആ സംശയത്തിന്റെ ഉത്തരം ഈ വചനമാണ്: (അല്ലാഹുവിന്റെ ഭൂമിയാകട്ടെ വിശാലമാകുന്നു) ഇതിൽ ഒരു സന്തോഷവാർത്തയുണ്ട്. നബി(സ്വ) അത് വ്യക്തമായി പറയുകയും ചെയ്തു.

لا تزال طائفة من أمتي على الحق ظاهرين
لا ضرهم من حذلهم ولا من خالفهم حتى
يأتي أمر الله وهم على ذلك

"സത്യത്തിലായി നിലകൊള്ളുന്ന ഒരു വിഭാഗം എന്റെ സമുദായത്തിൽ ഏപ്പോഴുമുണ്ടാകും. അവരെ കൈവിടുന്നവരെയോ അവരോട് എതിരാകന്നവരെയോ അന്ത്യംവരെ അവർ പരിഗണിക്കില്ല. അന്ത്യനാൾ വരുന്നതുവരെ അവർ അതിൽ നിലനിൽക്കും." ഇതാണ് ആ ആയത്തിലെ സൂചന.

അതായത് അല്ലാഹു പറയുന്നത്, അല്ലാഹുവിന്റെ ഭൂമി വിശാലമാണെന്നും ഒരു സ്ഥലത്ത് അല്ലാഹുവിനെ ആരാധിക്കുന്നത് തടയപ്പെട്ടാൽ അവർ മറ്റൊരിടത്തേക്ക് പലായനം ചെയ്യണം. ഇത് എല്ലാ കാലത്തേക്കും സ്ഥലത്തേക്കും ബാധകമാണ്. ഇങ്ങനെ പലായനം ചെയ്തു വരുന്നവർക്ക് അഭയം നൽകൽ മുസ്‌ലിംകളുടെ ബാധ്യതയാണ്. അവന് മതമനുസരിച്ച് ജീവിക്കാവുന്ന ഒരു സ്ഥലവുമുണ്ടാകണം. (ക്ഷമാശീലർക്ക് തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റിക്കൊടുക്കപ്പെടുന്നത്) ഇതിൽ എല്ലാ രംഗത്തുമുള്ള ക്ഷമകൾ ഉൾപ്പെടും.

നമുക്ക് പ്രയാസമുണ്ടാക്കുന്ന, അല്ലാഹുവിന്റെ വിധികളിൽ നാം അതൃപ്തി കാണിക്കാതെ, ക്ഷമിക്കുക; തെറ്റുകൾ പ്രവർത്തിക്കാതെ വിട്ടുനിൽക്കാനുള്ള ക്ഷമ, അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ച് ജീവിക്കാനുള്ള ക്ഷമ. കണക്കില്ലാത്ത പ്രതിഫലമാണ് ക്ഷമിക്കുന്നവർക്ക് അല്ലാഹു ഇവിടെ വാഗ്ദാനം ചെയ്തത്. ഇതിൽനിന്ന് മനസ്സിലാകുന്നത് ക്ഷമക്ക് അല്ലാഹുവിന്റെ പക്കലുള്ള സ്ഥാനവും അതിന്റെ മഹത്ത്വവുമാണ്. എല്ലാ കാര്യത്തിനും ക്ഷമ പ്രയോജനകരമാണ്. ■



# സ്വവർഗ വിവാഹത്തിന് സുപ്രീം കോടതി കടിഞ്ഞാണിടുമ്പോൾ

**ടി.കെ അശ്റഫ്**
: 81118 07199

ഏറെ ആശങ്കയോടെ കാത്തിരുന്ന സുപ്രീംകോടതി വിധി വന്നിരിക്കുന്നു; സ്വവർഗ വിവാഹത്തിന് നിയമസാധുതയില്ല. രാജ്യം കാത്തിരുന്ന ചരിത്രപരമായ ഈ വിധി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ സുപ്രീം കോടതി ഭരണഘടനാ ബെഞ്ചാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

അഞ്ചംഗ ഭരണഘടനാ ബെഞ്ചിൽ ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സഞ്ജയ് കൗൾ എന്നിവർ സ്വവർഗ വിവാഹത്തിന് നിയമസാധുത നൽകുന്നതിനെ അനുകൂലിച്ചു. ജസ്റ്റിസ് രവീന്ദ്ര ഭട്ട്, ജസ്റ്റിസ് ഹിമ കോലി, ജസ്റ്റിസ് പി.എസ്. നരസിംഹ എന്നിവർ എതിർത്തതോടെ ഭൂരിപക്ഷം അവർക്കായി. ഇതിൽ ജസ്റ്റിസ് ഹിമ കോലി ഒഴികെയുള്ളവർ പ്രത്യേക വിധി പ്രസ്താവം നടത്തി. മെയ് 11നു വാദം പൂർത്തിയാക്കിയ ഹർജികളിൽ അഞ്ചു മാസത്തിനുശേഷമാണ് കോടതി ഇന്നു വിധി പറഞ്ഞത്. സ്വവർഗ വിവാഹം നിയമവിധേയമാക്കുന്നതിനെ കേന്ദ്രസർക്കാർ കോടതിയിൽ എതിർത്തിരുന്നു.

മനുഷ്യവംശത്തെ തന്നെ ഇല്ലാതാക്കുന്ന സ്വവർഗരതിയെ വ്യക്തി സ്വാതന്ത്ര്യത്തിന്റെ ന്യായം പറഞ്ഞ് നിയമ വിധേയമാക്കുന്നത് ശരിയല്ലെന്ന് ധാർമിക പക്ഷത്തുള്ളവർ ഇത്രയും കാലം വാദിച്ചപ്പോൾ അവരെ അപരിഷ്കൃതരായി മുദ്ര കുത്തിയവർ ഈ വിധി കണ്ണുതുറന്നു കാണണം. കുടുംബസംവിധാനത്തിന്റെ അലകും പിടിയും തകർക്കുന്നതാണ് സ്വവർഗരതി. ഒട്ടനവധി രോഗങ്ങൾക്ക് കാരണമാകുന്ന പ്രകൃതിവിരുദ്ധ നടപടിയുമാണിത്.

ആഗോളതലത്തിലുള്ള ജെൻഡർ പൊളിറ്റിക്സിന്റെ ഉപോൽപന്നമാണ് സ്വവർഗരതിയെ മിയമവിധേയമാക്കാനുള്ള നിയമ പോരാട്ടങ്ങൾ. ഇതിന് പിന്നിൽ കൃത്യമായ ലക്ഷ്യങ്ങളുണ്ട്. നിയമസംവിധാനങ്ങൾ, വിദ്യാഭ്യാസ ഏജൻസികൾ, പൊതുപ്രവർത്തകർ, സെലിബ്രേറ്റികൾ, മാധ്യമ പ്രവർത്തകർ എന്നിവരിലൂടെ പലവിധ സമ്മർദങ്ങളും ചെലുത്തിയാണ് എൽ.ജി.ബി.ടി.ക്യു ആക്ടിവിസ്റ്റുകൾ സ്വവർഗരതിയെ വെളുപ്പിച്ചെടുക്കാൻ ശ്രമിക്കുന്നത്. ഇത്തരം ശ്രമങ്ങൾക്കുള്ള ശക്തമായ തിരിച്ചടി കൂടിയാണ് ഈ വിധി.

ഈ ഘട്ടത്തിൽ, LGBTQ ആക്ടിവിസ്റ്റുകളുടെ സമ്മർദ ഫലമായി കേരളത്തിലെ പാഠ്യപദ്ധതി ചട്ടക്കൂടിൽ സ്വവർഗരതിയെ പ്രമോട്ട് ചെയ്യുന്ന ജെൻഡർ തിയറികൾ കടന്നുവന്നത് പിൻവലിക്കാൻ കേരള സർക്കാർ തയ്യാറാകണം. ഭരണഘടനയിലെ സമത്വമെന്ന അവകാശത്തെ ദുർവ്യാഖ്യാനിച്ചാണ് തലതിരിഞ്ഞ ജെൻഡർ ന്യൂട്രൽ ആശയങ്ങൾ ചട്ടക്കൂടിൽ കടത്തിക്കൂട്ടിയത്. സുപ്രീം കോടതി സ്വവർഗരതിയെ തള്ളിയ സാഹചര്യത്തിൽ പാഠ്യപദ്ധതി ചട്ടക്കൂടിൽ നിയമസാധുതയില്ലാത്ത ആശയം നിലനിർത്തുന്നത് ഒട്ടും ശരിയല്ല.

വളർന്നുവരുന്ന തലമുറക്ക് സ്വവർഗരതിയുടെ സാമൂഹികമായും ആരോഗ്യസംബന്ധമായുമുള്ള പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്നും അതിന്റെ മതപരമായ വിധി എന്തെന്നും മനസ്സിലാക്കിക്കൊടുക്കേണ്ടതുണ്ട്. പതിനെട്ടു വയസ്സായാൽ ഓരോ വ്യക്തിയെയും നിയന്ത്രിക്കേണ്ടത് അവന്റെ പരിമിതമായ ബുദ്ധിയാണെന്ന പൊതുബോധത്തെയാണ് ആദ്യം തിരുത്തേണ്ടത്. 18 വയസ്സിൽ പ്രായപൂർത്തിയായതിനാൽ സ്വതന്ത്രമായി തീരുമാനമെടുക്കാൻ വ്യക്തിയെ അനുവദിക്കുന്നുവെന്നത് രാജ്യത്തുള്ള നിയമം മാത്രമാണ്. അതിനർഥം, ഇനി ഇത്രയുംകാലം പോറ്റിവളർത്തിയ മാതാപിതാക്കളെയും കുടുംബത്തെയും സമൂഹത്തെയും വെല്ലുവിളിക്കാനുള്ള ലൈസൻസ് ലഭിച്ചു എന്നതല്ല.

ഇസ്‌ലാംമത വിശ്വാസികളെ സംബന്ധിച്ചിടത്തോളം, എത്ര വയസ്സായാലും അവരുടെ ഇഛയ്ക്ക് അനുസരിച്ച് ജീവിക്കാൻ മതം അനുവാദം നൽകുന്നില്ല. വിശുദ്ധ ഖുർആനും പ്രവാചക വചനങ്ങളും നിഷ്കർശിക്കുന്ന നിയമങ്ങൾ സ്വന്തം മനസ്സിന് അനിഷ്ടകരമായതാണെങ്കിൽ കൂടി അത് പാലിക്കുമ്പോഴാണ് സത്യവിശ്വാസം സ്വീകരിച്ചവരാകുന്നത്.




# ഗസ്സ
## ഒരു കനൽവര

**നജീബ് കെ.സി**

ഭൂപടത്തിളക്കത്തിൽ
ഗസ്സ തിരഞ്ഞപ്പോൾ
കണ്ണിൽപ്പതിഞ്ഞത്
ഒരു കനൽവര.

ചെകുത്താനും കടലിനുമിടയിൽ
ചീന്തിവിരിക്കപ്പെട്ട,
സഹനഗാഥകളുടെ
സ്വേദമൊപ്പിയ കൈലേസ്.

അറ്റമില്ലാത്തൊരനീതിയോട്
പതിറ്റാണ്ടുകൾ പൊരുതിയ,
ചെറുത്തുനിൽപിന്റെ
സമരപതാക.

വംശവെറിക്കും വഞ്ചനകൾക്കും
തകർക്കാനാവാത്ത,
പോരാട്ടവീര്യത്തിന്റെ
അരികുമുറിഞ്ഞ പരിച.

തീപെയ്യുന്നൊരാകാശച്ചുവട്ടിൽ
തിളച്ചിട്ടും വറ്റാത്ത,
പ്രതീക്ഷയുടെ കടലിരമ്പുന്ന
കണ്ണീർത്തടാകം.

തോക്കുചൂണ്ടുന്ന വേട്ടക്കാരോട്
വിരൽചൂണ്ടാൻ ചങ്കുറപ്പുള്ള
വീരരാം ചെറുബാല്യങ്ങളുടെ
ഉള്ളുരുക്കത്തിൻ കളിമുറ്റം.

ചെഞ്ചോരയണിഞ്ഞിട്ടും
പുഞ്ചിരി മായാത്ത
പിഞ്ചോമനകളുടെ
ഓർമപ്പൂങ്കാവനം.

അന്യായപ്പെരുമഴയുടെ
അന്ധകാരത്തിൽനിന്ന്
ആകാശത്തേക്കുനീളുന്ന
പ്രാർഥനയുടെ കൈക്കുമ്പിൾ.

ഗസ്സയുടെ നിശ്വാസത്തിൽ
ഫലസ്തീനിന്റെ ഹൃദയമർമരം;
'ലൻ നർഹൽ...'
(വിട്ടുപോവില്ല ഞങ്ങൾ)!
സലാം ഗസ്സ, സലാം!




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
21 October 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM BOOKS

# പുറത്തിറങ്ങി..!!!

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




CALL: +91 7356 766 478
http://www.wisdombooksonline.com